# അറിവോരം

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

VOL. 4 | ISSUE 2 | BIMONTHLY | APRIL 2024 | PAGE 48 | PRICE ₹ 10



04 ജനാധിപത്യ പ്രക്രിയയെ ശക്തിപ്പെടുത്താം

06 അവകാശങ്ങൾ നേടിയെടുക്കാൻ സംസ്ഥാനങ്ങൾ ഒറ്റക്കെട്ടായി സഹകരിക്കണം

10 വനയോരമേഖലയിലെ വന്യജീവി ആക്രമണ ഭീതി

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**എ. എൻ. ഷംസീർ**
നിയമസഭാ സ്പീക്കർ

എക്സിക്യൂട്ടീവ് എഡിറ്റർ
**ഷാജി സി. ബേബി**
സെക്രട്ടറി-ഇൻ-ചാർജ്ജ്, കേരള നിയമസഭ

**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

**എം. കെ. റിജു**
സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

**ഡി. ഡി. ഗോഡ്ഫ്രി**
അഡീഷണൽ സെക്രട്ടറി

**എം. എസ്. വിജയൻ**
അഡീഷണൽ സെക്രട്ടറി

**ഹരി പി.**
ജോയിന്റ് സെക്രട്ടറി

**രജനി വി. ആർ.**
ജോയിന്റ് സെക്രട്ടറി

**വി. ജി. റിജു**
ജോയിന്റ് സെക്രട്ടറി

**ജ്യോതി എൽ.**
ജോയിന്റ് സെക്രട്ടറി

പ്രത്യേക ക്ഷണിതാക്കൾ
**ഇ. കെ. മുഷ്താഖ്**
സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

**പ്രീജിത്ത് രാജ്**
സ്പീക്കറുടെ അഡീഷണൽ പി. എ.

പ്രസിദ്ധീകരണ വിഭാഗം
**വിവര വിഭവ വികസന 'ബി' വിഭാഗം**

രൂപകൽപന
**കുര്യൻ ക്രിയേറ്റീവ്**

അച്ചടി
**ഓറഞ്ച് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്,**
തിരുവനന്തപുരം - 01
ഫോൺ : 0471 4010905

**കേരള നിയമസഭാ പ്രസിദ്ധീകരണം**
ഇ-മെയിൽ : kladrd@gmail.com | ഫോൺ : 0471-2512493, 2353




### മൊഴിമുഴക്കം

*"ജ്ഞാനവും മോക്ഷവും*
*തേടിയലയുന്നവർ ഗ്രന്ഥങ്ങളാകുന്ന*
*പുണ്യ തീർത്ഥങ്ങളെ സമീപിക്കുക."*

*രാജാറാം മോഹൻ റോയ്*





## ഉൾത്താളുകളിലൂടെ...


ജനാധിപത്യ പ്രക്രിയയെ ശക്തിപ്പെടുത്താം 04
എ. എൻ. ഷംസീർ

അവകാശങ്ങൾ നേടിയെടുക്കാൻ സംസ്ഥാനങ്ങൾ ഒറ്റക്കെട്ടായി സഹകരിക്കണം 06
പിണറായി വിജയൻ

വനയോരമേഖലയിലെ വന്യജീവി ആക്രമണ ഭീതി 10
വി. ഡി. സതീശൻ

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ... 12

സ്പീക്കറുടെ പൊതു പരിപാടികൾ 16

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനം: അവലോകനം 17

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ 19

ചിത്രജാലകം 24

വിജ്ഞാനപഥം 25

വലയിൽ നിന്ന് 25

ഇതരസഭാ വാർത്തകൾ 26

ഇലക്ടറൽ ബോണ്ട് ഭരണഘടനാ വിരുദ്ധം: സുപ്രീം കോടതി 27

ഇതരസംസ്ഥാന നിയമസഭാ സമിതികളുടെ സന്ദർശനം 28

സർക്കാർ ഗുമസ്തനിൽ നിന്നും സഭാധ്യക്ഷനിലേക്ക് 29

നിയമസഭാ പ്രസംഗങ്ങളിലൂടെ... 31

പാലാക്കാരനായ സഭാധ്യക്ഷൻ 33

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ 34
റ്റി. മനോഹരൻ നായർ

പരിരക്ഷ ജനാധിപത്യത്തിന് മാത്രം, കോഴയ്ക്കല്ല 39

ആഗസ്റ്റ് പ്രക്ഷോഭം കേരളത്തിൽ 40
രാഖി കെ. വി.

കൊളീജിയം സംവിധാനത്തിന്റെ ആവിർഭാവം 43
ശ്യാം കെ. എസ്.

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ 46

# ജനാധിപത്യ പ്രക്രിയയെ ശക്തിപ്പെടുത്താം

**എ. എൻ. ഷംസീർ**
**നിയമസഭാ സ്പീക്കർ**



രാജ്യം പതിനെട്ടാം ലോക്സഭാ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന വേളയിൽ വോട്ടിംഗ് പ്രക്രിയയിൽ സജീവമായി പങ്കാളികളാവുകയും ജനാധിപത്യത്തെ ശക്തിപ്പെടുത്തുകയും ചെയ്യുവാനുള്ള ബാധ്യത നാമോരോരുത്തർക്കുമുണ്ട്. രാജ്യത്തിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കാനുള്ള ഏറ്റവും പ്രസക്തമായ അവസരമാണ് തിരഞ്ഞെടുപ്പ് പ്രക്രിയ. ലോകമാകെ പരിശോധിക്കുമ്പോൾ ജനാധിപത്യത്തിന്റെ ഏറ്റവും മഹത്തായ മാതൃകകൾ നിലനിൽക്കുന്നത് ഇന്ത്യയിലാണെന്ന് കാണാനാകും. അവയെ ദുർബലപ്പെടുത്താനുള്ള ശ്രമങ്ങൾ പല ഭാഗങ്ങളിൽനിന്നും ഉയർന്നുവരുമ്പോൾ അതിനെ പ്രതിരോധിക്കേണ്ടവരാണ് നമ്മളെന്ന് മനസ്സിലാക്കി, തിരഞ്ഞെടുപ്പിനെ സ്വാഗതം ചെയ്യേണ്ടതുണ്ട്.

വാഷിംഗ്ടണിലെ പ്യൂ റിസർച്ച് സെന്റർ, ലോകത്തിലെ ഇരുപത്തിനാല് രാജ്യങ്ങളിൽ ഒരു സർവ്വേ നടത്തിയത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. അതിലൊരു രാജ്യം ഇന്ത്യയായിരുന്നു. ജനാധിപത്യത്തെക്കുറിച്ചുള്ള ജനങ്ങളുടെ മനോഭാവത്തെക്കുറിച്ചായിരുന്നു ആ സർവ്വേ. അതിലെ വിവരങ്ങളിലൂടെ മനസ്സിലാക്കാനാവുന്നത് ജനാധിപത്യത്തോടുള്ള വിരക്തി ഇന്ത്യയിലെ ജനങ്ങളിൽ വളരുന്നു എന്നാണ്! 2023ൽ നടത്തിയ സർവ്വേയിലെ വിവരങ്ങളിൽ നിന്നാണ് ഈ നിരീക്ഷണം പ്യൂ റിസർച്ച് സെന്റർ പുറത്തുവിട്ടത്. എന്നാൽ, 2017ൽ അവർ നടത്തിയ സർവ്വേയിലൂടെ വെളിപ്പെട്ടത് ജനാധിപത്യമാണ് നല്ലതെന്ന വികാരമായിരുന്നു. ഈ നിരീക്ഷണങ്ങളൊക്കെ പൂർണ്ണമായും പൊതുജനാഭിപ്രായം പ്രതിഫലിക്കുന്നതായിരിക്കില്ല. 97 കോടിയോളം വോട്ടർമാരുള്ള ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യരാജ്യമെന്ന് വിശേഷിപ്പിക്കുന്ന ഇന്ത്യയിൽ സമഗ്രമായ ഒരു സർവ്വേ പ്രയാസകരമാണ്. എങ്കിലും പ്യൂ റിസർച്ച് സെന്ററിന്റെ സർവ്വേ മുഖവിലയ്ക്കെടുക്കുമ്പോൾ എന്തായിരിക്കാം ജനാധിപത്യത്തിനോടും തിരഞ്ഞെടുപ്പിനോടുമൊക്കെ സർവ്വേയിൽ പങ്കെടുത്തവർക്ക് വിരക്തി വരാൻ കാരണം എന്ന ചോദ്യം പ്രസക്തമാണ്.

ഒരു മികച്ച ഭരണഘടനയുടെ കീഴിൽ 17 സ്വതന്ത്ര തിരഞ്ഞെടുപ്പുകൾ നടക്കുകയും ജനപ്രതിനിധികൾ ഏഴുപതിറ്റാണ്ടുകൾ ഭരിക്കുകയും ചെയ്തൊരു രാജ്യത്തിന്റെ ഭരണകൂടത്തെ നിയന്ത്രിക്കുന്നവർ ജനഹിതത്തിനനുസരിച്ച ഭരണക്രമത്തിൽനിന്നും പിന്മാറുന്നതുകൊണ്ടായിരിക്കാം ജനങ്ങൾക്ക് ഇത്തരമൊരു നിരാശ ബാധിക്കുന്നത്. ജനാധിപത്യത്തിന്റെ, മത

*മാധ്യമങ്ങളെ വിലയ്ക്കെടുത്തും അന്വേഷണ ഏജൻസികളെ ഉപയോഗിച്ച് വേട്ടയാടിയും രാജ്യമാകെ കോർപ്പറേറ്റുകൾക്ക് ലാഭം കുന്നുകൂട്ടാൻ വിട്ടുകൊടുത്തും ഏകാധിപത്യ മനോഭാവത്തോടെ മുന്നോട്ടു പോകാൻ ശ്രമിക്കുന്ന ഒരു രാഷ്ട്രീയ സാഹചര്യമാണ് ഇന്ന് രാജ്യത്തുള്ളത്.*

നിരപേക്ഷതയുടെ ഏറ്റവും സർഗ്ഗാത്മകമായ ഏടുകൾ സൃഷ്ടിക്കാനുള്ള സാധ്യത ഉണ്ടായിട്ടും പക്വവും ശക്തവുമായ ഒരു ഭരണക്രമത്തിന് നേതൃത്വം കൊടുക്കാനുള്ള മാർഗ്ഗങ്ങളുണ്ടായിട്ടും എല്ലാം ഒരു വ്യക്തിയിലേക്കും ഒരു സംസ്കാരത്തിലേക്കും കേന്ദ്രീകൃത ഭരണവ്യവസ്ഥയിലേക്കും ചുരുട്ടിക്കൂട്ടുന്നതിനെതിരേ രാജ്യമെങ്ങും ഉയർന്നു പൊങ്ങുന്ന പ്രതിഷേധങ്ങൾ നാം കാണുന്നുണ്ട്.

രാജ്യത്ത് നാനാത്വത്തിൽ ഏകത്വമെന്ന തത്വം ചവിട്ടിമെതിക്കപ്പെടുകയാണ്. വൈവിധ്യങ്ങളെ നിരാകരിക്കുകയാണ്. ഫെഡറൽ മൂല്യങ്ങളെ വലിച്ചെറിയുകയാണ്. സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്നതിനെതിരായ നിയമപോരാട്ടങ്ങൾ നടക്കുകയാണ്. ജനങ്ങൾ തിരഞ്ഞെടുത്ത സർക്കാരുകളെ നോക്കുകുത്തിയാക്കുകയാണ്. നിലപാടുകളുടെയും കാഴ്ചപ്പാടുകളുടെയും ഭാഗമായി, ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ വിലയ്ക്കെടുക്കുകയാണ്. ഇത്തരം കാര്യങ്ങൾ വാർത്തകളല്ലാതായി മാറുന്ന വിധത്തിൽ സാർവത്രികമാകുന്നു. ജനാധിപത്യം അട്ടിമറിക്കപ്പെടുമ്പോൾ, പ്രതിഷേധത്തിരമാലകൾ ഉയർന്നു വരുന്നുണ്ടെങ്കിലും നിരാശാബാധിതരുടെ എണ്ണവും വർദ്ധിച്ചു വരുന്നതായി കാണാവുന്നതാണ്.

മാധ്യമങ്ങളെ വിലയ്ക്കെടുത്തും അന്വേഷണ ഏജൻസികളെ ഉപയോഗിച്ച് വേട്ടയാടിയും രാജ്യമാകെ കോർപ്പറേറ്റുകൾക്ക് ലാഭം കുന്നുകൂട്ടാൻ വിട്ടുകൊടുത്തും ഏകാധിപത്യ മനോഭാവത്തോടെ മുന്നോട്ടു പോകാൻ ശ്രമിക്കുന്ന ഒരു രാഷ്ട്രീയ സാഹചര്യമാണ് ഇന്ന് രാജ്യത്തുള്ളത്. ഇതിനെതിരെയുള്ള പ്രതിഷേധ സ്വരങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ പ്രകടവും വ്യക്തവുമാണ്. നെറികേടുകൾക്കെതിരെ ശബ്ദിക്കുമെന്ന് നാം പ്രതീക്ഷിച്ച പലരും ഏകാധിപത്യമാണ് ശരിയെന്ന് തലകുലുക്കി ആ പക്ഷത്തേക്ക് കൂറുമാറുന്ന കാഴ്ചയും കാണാം. അനുസരണയുള്ള കുഞ്ഞാടുകളായി നിശബ്ദത പാലിക്കുന്നവർക്ക് ജനാധിപത്യത്തോട് വിരക്തി തോന്നുന്നത് സ്വാഭാവികം മാത്രം. അത്തരമൊരു കാലാവസ്ഥയിൽ ജനാധിപത്യ വിശ്വാസികൾക്ക് വലിയ രാഷ്ട്രീയ ഉത്തരവാദിത്വമുണ്ട്. ജനാധിപത്യത്തിന്റെ കൊടിക്കൂറ കൂടുതൽ ഉയർത്തിപ്പിടിച്ചില്ലെങ്കിൽ രാജ്യത്തിന്റെ ഭാവി അശാന്തമായിരിക്കും എന്ന ഉൾക്കാഴ്ചയോടെ മുന്നോട്ടുപോയേ മതിയാകൂ.

'സാർവ്വത്രികമായ വോട്ടവകാശം' എന്നത് ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ മുദ്രാവാക്യങ്ങളിലൊന്നായിരുന്നു. മോത്തിലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ 1928ലെ നെഹ്റു റിപ്പോർട്ടിന്റെ കാലംതൊട്ടേ ഈ മുദ്രാവാക്യം മുഴങ്ങിയിരുന്നു. കൊളോണിയൽ ഭരണാധികാരികളും പ്രവിശ്യാ ഭരണകൂടത്തിലെ പ്രതിനിധികളും പ്രായപൂർത്തി വോട്ടവകാശത്തെ എതിർത്തവരാണ്. 1935 ലെ ഇന്ത്യാ ആക്ടിന് മുന്നോടിയായി വോട്ടവകാശത്തിന്റെ പരിധി വിപുലമാക്കുന്നത് സംബന്ധിച്ചുള്ള പരിശോധന നടന്നപ്പോൾ, അത് ഭരണനിർവ്വഹണപരമായി ദുഷ്കരവും അപ്രായോഗികവുമാണെന്ന അഭിപ്രായമാണ് ഇക്കൂട്ടർ പുലർത്തിയത്. ഇതിനെയൊക്കെ അതിജീവിച്ചാണ് രാജ്യം സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം യാഥാർഥ്യമാക്കിയത്

രാജ്യത്തെ ആദ്യത്തെ പൊതു തിരഞ്ഞെടുപ്പ് നടക്കുന്നത് 1951 ഒക്ടോബർ 25നും 1952 ഫെബ്രുവരി 21നും ഇടയിലാണ്. അതിനു മുമ്പ് തന്നെ സാർവ്വത്രികമായ പ്രായപൂർത്തി വോട്ടവകാശം ഉറപ്പുവരുത്തുന്നതടക്കമുള്ള സങ്കീർണ്ണമായ തയ്യാറെടുപ്പുകൾ തുടങ്ങിയിരുന്നു. രാജ്യത്ത് കരട് വോട്ടർ പട്ടിക തയ്യാറാക്കുന്നതിന് തുടക്കമിട്ടത് 1947 സെപ്റ്റംബറിലായിരുന്നു. ഭരണഘടന നിലവിൽ വരുന്നതിന് മുമ്പുതന്നെ ആദ്യത്തെ കരട് വോട്ടർ പട്ടിക തയ്യാറായി. സാർവ്വത്രിക വോട്ടവകാശത്തിലൂടെ ജനങ്ങൾ തങ്ങളെത്തന്നെ നായകരായി കണ്ടു. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കുന്ന ജനങ്ങളുടെ സർക്കാരുകൾ രൂപീകരിക്കാൻ അവർ മുന്നോട്ടുവന്നു. പ്രജകളിൽ നിന്നും പൗരന്മാരിലേക്കുള്ള വളർച്ചയുടെ ഏറ്റവും പ്രസക്തമായ അധ്യായമാണ് വോട്ടവകാശം.

ഇന്ത്യൻ ജനാധിപത്യത്തിന്റെ ജീവവായുവാണ് തിരഞ്ഞെടുപ്പ് പ്രക്രിയ. നിർഭയമായി സമ്മതിദാനാവകാശം വിനിയോഗിക്കുവാനുള്ള രാജ്യത്തെ പൗരന്മാരുടെ അവകാശം ഹനിക്കപ്പെടാതിരിക്കാനുള്ള ജാഗ്രതയാണ് ഇന്ന് നാം കാണിക്കേണ്ടത്.

# അവകാശങ്ങൾ നേടിയെടുക്കാൻ സംസ്ഥാനങ്ങൾ ഒറ്റക്കെട്ടായി സഹകരിക്കണം

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

സംസ്ഥാനങ്ങളുടെ യൂണിയനായി വിഭാവനം ചെയ്യപ്പെട്ട നമ്മുടെ ജനാധിപത്യ സംവിധാനം ഇന്ന് സംസ്ഥാനങ്ങൾക്ക് മുകളിൽ യൂണിയൻ എന്ന ജനാധിപത്യരഹിത സംവിധാനമായി ക്രമേണ അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തുടനീളം ഇതിന്റെ നിരവധി ദൃഷ്ടാന്തങ്ങൾ കാണാൻ കഴിയും, പ്രത്യേകിച്ച് രാജ്യത്തെ പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ. ഇതിനെതിരെ കേരളത്തിന്റെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്താനും ഇന്ത്യയുടെ ഫെഡറൽ ഘടനയെ സംരക്ഷിക്കാനുമാണ് നമ്മൾ ഡൽഹിയിൽ ഒരു പ്രതിഷേധം സംഘടിപ്പിച്ചത്. സംസ്ഥാന നിയമസഭകളുടെ അധികാരങ്ങൾ സംരക്ഷിക്കാനും കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ സമതുലിതാവസ്ഥ ഉറപ്പുവരുത്താനും കൂടിയുള്ള പോരാട്ടത്തിനാണ് നമ്മൾ 2024 ഫെബ്രുവരി 8ന് തുടക്കം കുറിച്ചത്. അതുകൊണ്ടുതന്നെ ആ ദിനം ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തപ്പെടും.

കഴിഞ്ഞ കുറച്ച് കാലങ്ങളായി സംസ്ഥാനങ്ങളുടെ അധികാര അവകാശങ്ങളിൽ കൈകടത്തുന്ന വിധത്തിൽ ഭരണഘടനയിലെ സ്റ്റേറ്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ വിഷയങ്ങളിൽ യൂണിയൻ



*ഇന്നത്തെ നിലയിൽ രാജ്യത്തെ ചെലവുകളുടെ ഭൂരിഭാഗവും വഹിക്കുന്നത് സംസ്ഥാനങ്ങളാണ്. ആർ.ബി.ഐ.യുടെ റിപ്പോർട്ടുകൾ പ്രകാരം രാജ്യത്തെ ചെലവുകളുടെ 65 ശതമാനവും വഹിക്കേണ്ടി വരുന്നത് സംസ്ഥാനങ്ങളാണ്. ആകെ ചെലവുകളുടെ 35 ശതമാനം മാത്രമേ യൂണിയൻ വഹിക്കുന്നുള്ളു. എന്നാൽ, രാജ്യത്തിന്റെ വരുമാനം വീതംവയ്ക്കുന്നതിൽ വിപരീത ദിശയിലാണ് കാര്യങ്ങൾ. വരുമാനത്തിന്റെ 65 ശതമാനവും യൂണിയൻ സർക്കാർ കൈക്കലാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് 35 ശതമാനം മാത്രമേ ലഭിക്കുന്നുള്ളു. 35 ശതമാനം വരവുകൊണ്ട് 65 ശതമാനം ചെലവ് നടത്തണം.*

സർക്കാർ നിയമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ക്രമസമാധാനം, കൃഷി, വിദ്യാഭ്യാസം, ഊർജ്ജം, സഹകരണം, തുടങ്ങി വിവിധ മേഖലകളിൽ സംസ്ഥാനങ്ങളുടെ അധികാരങ്ങളെ പരിമിതപ്പെടുത്തുന്ന വിധത്തിലുള്ള നിയമങ്ങൾ കേന്ദ്രം നടപ്പാക്കിയിട്ടുണ്ട്. പുതുതായി ഒരു സഹകരണ മന്ത്രാലയം തന്നെ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളുടെ അറിവോ അനുമതിയോ കൂടാതെ സംസ്ഥാനങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ വരെ യൂണിയൻ സർക്കാർ അന്താരാഷ്ട്ര കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇവയെല്ലാം തന്നെ, സംസ്ഥാന താത്പര്യങ്ങൾ ഹനിക്കപ്പെടുന്നതിന്റെയും സംസ്ഥാനങ്ങൾക്കു മുകളിൽ യൂണിയൻ എന്ന ജനാധിപത്യ രഹിത സംവിധാനമായി ഇന്ത്യ മാറ്റപ്പെടുന്നതിന്റെയും ദൃഷ്ടാന്തങ്ങളാണ്.

എന്നാൽ, ഇന്ത്യയുടെ ഫെഡറൽ ഘടനയ്ക്കെതിരായ ഏറ്റവും വലിയ ആക്രമണം നടക്കുന്നത് സംസ്ഥാനങ്ങളുടെ സാമ്പത്തിക അവകാശങ്ങൾക്കുമേൽ യൂണിയൻ സർക്കാർ നടത്തുന്ന കൈകടത്തലുകളിലൂടെയാണ്. സഹകരണാത്മക ഫെഡറലിസത്തെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുന്നവർ തന്നെ ധനകമ്മീഷൻ സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കേണ്ട വിഹിതം കുറയ്ക്കാനായി രഹസ്യ ഇടപെടൽ നടത്തിയതായാണ് ആരോപണമുയർന്നിട്ടുള്ളത്. ഇതിനുപുറമെ യൂണിയൻ ആവിഷ്ക്കരിക്കുന്ന പദ്ധതികളിൽ ഓരോ വർഷം കഴിയുന്തോറും സ്വന്തം വകയിരുത്തൽ വെട്ടിക്കുറച്ചുകൊണ്ട് സംസ്ഥാനങ്ങളെക്കൊണ്ട് അവയുടെ ഏറിയ പങ്ക് ചെലവും വഹിപ്പിക്കുന്നതും നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്.

ഇന്നത്തെ നിലയിൽ രാജ്യത്തെ ചെലവുകളുടെ ഭൂരിഭാഗവും വഹിക്കുന്നത് സംസ്ഥാനങ്ങളാണ്. ആർ.ബി.ഐ.യുടെ റിപ്പോർട്ടുകൾ പ്രകാരം രാജ്യത്തെ ചെലവുകളുടെ 65 ശതമാനവും വഹിക്കേണ്ടി വരുന്നത് സംസ്ഥാനങ്ങളാണ്. ആകെ ചെലവുകളുടെ 35 ശതമാനം മാത്രമേ യൂണിയൻ വഹിക്കുന്നുള്ളു. എന്നാൽ, രാജ്യത്തിന്റെ വരുമാനം വീതംവയ്ക്കുന്നതിൽ വിപരീത ദിശയിലാണ് കാര്യങ്ങൾ. വരുമാനത്തിന്റെ 65 ശതമാനവും യൂണിയൻ സർക്കാർ കൈക്കലാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് 35 ശതമാനം മാത്രമേ ലഭിക്കുന്നുള്ളു. 35 ശതമാനം വരവുകൊണ്ട് 65 ശതമാനം ചെലവ് നടത്തണം. ഇക്കഴിഞ്ഞ ഇടക്കാല ബജറ്റിൽ പോലും ക്യാപെക്സ് ലോണുകളിൽ കുറവുവരുത്തിക്കൊണ്ട് സംസ്ഥാനങ്ങളെ കൂടുതൽ ഞെരുക്കിയിരിക്കുകയാണ്.

സംസ്ഥാനങ്ങൾ കൂടുതൽ തുക ചെലവഴിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വരെ ബ്രാൻഡിങ് ഏർപ്പെടുത്താൻ നിർബന്ധിക്കുകയാണ് യൂണിയൻ. ബ്രാൻഡ് ചെയ്തില്ലെങ്കിൽ ഫണ്ട് ലഭ്യമാക്കില്ല എന്നുവരെ അവർ ശഠിക്കുന്നു. ബ്രാൻഡ് ചെയ്യുന്നതിലൂടെ ഗുണഭോക്താക്കളുടെ ആത്മാഭിമാനത്തെയാണ് ചോദ്യം ചെയ്യുന്നത്. വികസനത്തെയും ക്ഷേമത്തെയും ജനങ്ങളുടെ അവകാശമായി കാണുന്ന, ഉത്തരവാദിത്വബോധമുള്ള ഒരു സർക്കാരും ഇത്തരത്തിൽ പൗരന്മാരെ നാണം കെടുത്താൻ മുതിരില്ല.

കേരളത്തിന്റെ ലൈഫ് മിഷന്റെ കാര്യമെടുക്കാം. ഇതുവരെ നാല് ലക്ഷത്തോളം വീടുകൾ ലൈഫ് മിഷനിലൂടെ പൂർത്തിയാക്കിയിട്ടുണ്ട്. ആകെ 18,000 കോടിയോളം രൂപയാണ് ഇതിനായി ചെലവഴിച്ചത്. ഇതിൽ വെറും 2,081.69 കോടി മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയത്, അതായത് 12.17 ശതമാനം മാത്രം. ബാക്കി 87.83 ശതമാനവും കേരള സർക്കാരും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് വഹിച്ചത്. ഈ പദ്ധതിയിൽപോലും കേന്ദ്രത്തിന്റെ പേര് വയ്ക്കണം എന്നാണ് ശഠിക്കുന്നത്. അല്ലാത്തപക്ഷം കേന്ദ്രം നൽകുന്ന ചെറിയ വിഹിതം പോലും അനുവദിക്കുകയില്ലെന്നാണ് കേന്ദ്ര ധനമന്ത്രാലയം പറയുന്നത്. സെസ്സുകളിലൂടെയും സർചാർജുകളിലൂടെയും യൂണിയൻ തങ്ങളുടെ വരവ് വലിയ തോതിൽ വർദ്ധിപ്പിക്കുകയാണ്. സെസ്സുകളും സർചാർജ്ജുകളും ഡിവിസിബിൾ പൂളിന്റെ ഭാഗമല്ലാത്തതുകൊണ്ട് അവയിലൂടെയുള്ള വരുമാനം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതില്ല. അതുകൊണ്ടാണ് അവയിലൂടെയുള്ള വരുമാനം വർദ്ധിപ്പിക്കുന്നത്. 2017-18 നും 2022-23 നും ഇടയിൽ വിവിധ ഉത്പന്നങ്ങൾക്ക് യൂണിയൻ ചുമത്തിയ സെസ്സുകളിലൂടെയും സർചാർജുകളിലൂടെയും 133 ശതമാനം വർദ്ധനവാണ് കേന്ദ്രം തങ്ങളുടെ വരുമാനത്തിൽ ഉണ്ടാക്കിയത്.

ഈ അഞ്ച് വർഷക്കാലത്തിനിട യിൽ അവയിലൂടെ ലഭിച്ച വരുമാനം 2,18,553 കോടി രൂപയിൽ നിന്ന് 5,10,549 കോടി രൂപയായാണ് വർദ്ധിച്ചത്. ഇതിൽനിന്ന് ഒരു പൈസപോലും സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നില്ല.

ജി.എസ്.ടി.യുടെ കാര്യത്തിൽ എന്താണ് സംഭവിച്ചതെന്ന് നമുക്കറിയാം. ജി.എസ്.ടി. നഷ്ടപരിഹാരം വിതരണം ചെയ്യുന്നത് തുടർച്ചയായി വൈകിക്കുകയായിരുന്നു. അതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനങ്ങൾ എല്ലാം കൂടി ഒരുമിച്ച് സുപ്രീം കോടതിയെ സമീപിക്കും എന്ന നില വന്നപ്പോഴാണ് കുടിശ്ശിക വിതരണം ചെയ്യാൻതന്നെ യൂണിയൻ തയ്യാറായത്. ജി.എസ്.ടി. നടപ്പാക്കുമ്പോൾ കൈവരിക്കാൻ ഉദ്ദേശിച്ചിരുന്ന റവന്യൂ ന്യൂട്രൽ നിരക്ക് ഇനിയും കൈവരിച്ചിട്ടില്ല. എന്നിട്ടും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയിരിക്കുകയാണ്.

ജി.എസ്.ടി. നടപ്പാക്കുമ്പോഴത്തെ ധനകാര്യ മന്ത്രാലയത്തിന്റെ കണക്കുകൂട്ടലുകൾ പ്രകാരം റവന്യൂ ന്യൂട്രൽ എന്ന നിലയിലേയ്ക്ക് എത്തണമെങ്കിൽ ജി.എസ്.ടി.യുടെ ശരാശരി തോത് 17 ശതമാനം ആകണമായിരുന്നു. ഈ നിരക്ക് കൈവരിക്കുന്നതുവരെ ജി.എസ്.ടി. നഷ്ടപരിഹാരം വിതരണം ചെയ്യാൻ ബാധ്യസ്ഥരാണ് യൂണിയൻ സർക്കാർ. എന്നാൽ, ഇപ്പോഴത്തെ ശരാശരി 11.4 ശതമാനം മാത്രമാണ്. ജി.എസ്.ടി. നടപ്പാക്കുന്നതിനായി സംസ്ഥാനങ്ങൾക്ക് തങ്ങളുടെ നികുതി അധികാരങ്ങളിൽ ഗണ്യമായ കുറവ് വരുത്തേണ്ടി വന്നിരുന്നു. നമുക്ക് അവകാശപ്പെട്ടത് നേടിയെടുക്കാനായി നാം ഈ ഘട്ടത്തിൽ ഒരുമിച്ച് നിൽക്കേണ്ടതുണ്ട്.

കേരളത്തെ സംബന്ധിച്ചിടത്തോളം മൂന്ന് തരത്തിലുള്ള കുറവുകളാണ് ഉണ്ടാകുന്നത്. ഒന്നാമത്തേത്, രാജ്യത്തിന്റെ ആകെ വരുമാനത്തിൽ സംസ്ഥാനത്തിനുള്ള ഓഹരി തുടർച്ചയായി പരിമിതപ്പെടുത്തുന്നത് കൊണ്ട് ഉണ്ടാകുന്ന കുറവാണ്. യൂണിയൻ സർക്കാർ ഏകപക്ഷീയമായാണ് ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ തീരുമാനിക്കുന്നത്. സംസ്ഥാനങ്ങളുടെ നിർദ്ദേശങ്ങൾ അവയിൽ ഉൾപ്പെടുത്താറില്ല. പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിന്റെ ഓഹരി 3.89 ശതമാനമായിരുന്നു. ഇപ്പോഴത്തെ 15 ാം ധനകാര്യ കമ്മീഷന്റെ കാലത്ത് ഇത് 1.92 ശതമാനം മാത്രമായി ചുരുക്കപ്പെട്ടിരിക്കുന്നു.

ആരോഗ്യം, വിദ്യാഭ്യാസം ഉൾപ്പെടെ പല മേഖലകളിൽ കേരളം കൈവരിക്കുന്ന വലിയ നേട്ടങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പലപ്പോഴും കുറവുവരുത്തലിനെ ന്യായീകരിക്കുന്നത്. ജനസംഖ്യാ നിയന്ത്രണത്തിൽ നേട്ടം കൈവരിച്ച സംസ്ഥാനത്തിന് ആ നേട്ടം തന്നെ ശിക്ഷയാകുന്നു. നേട്ടത്തിന്റെ പേരിൽ വിഹിതം കുറയ്ക്കുന്നു. നേട്ടങ്ങൾ പരിരക്ഷിക്കണമെങ്കിൽ പണം വേണ്ടേ? പുതുതലമുറ പ്രശ്നങ്ങളെ നേരിടണമെങ്കിൽ അതിനു പണം വേണ്ടേ? അത് തരുന്നില്ല. നേട്ടത്തിന് ശിക്ഷ, ഇത് ലോകത്ത് മറ്റൊരിടത്തും കാണാൻ കഴിയാത്ത പ്രതിഭാസമാണ്.

ധനകാര്യ കമ്മീഷന്റെ വകയിരുത്തലിലെ കുറവു മൂലം കേരളത്തിനുണ്ടായിരിക്കുന്നത് 18,000 കോടി രൂപയുടെ നഷ്ടമാണ്. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതു കൊണ്ട് 12,000 കോടി രൂപയുടെ നഷ്ടമുണ്ടായി. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് കുറച്ചതുകൊണ്ട് പിന്നെയുമുണ്ടായി 8,400 കോടി രൂപയുടെ നഷ്ടം. സംസ്ഥാനത്തിന് അർഹതപ്പെട്ടതൊക്കെ നിഷേധിക്കപ്പെടുകയാണ്.

*ധനകാര്യ കമ്മീഷന്റെ വകയിരുത്തലിലെ കുറവു മൂലം കേരളത്തിനുണ്ടായിരിക്കുന്നത് 18,000 കോടി രൂപയുടെ നഷ്ടമാണ്. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതു കൊണ്ട് 12,000 കോടി രൂപയുടെ നഷ്ടമുണ്ടായി. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് കുറച്ചതുകൊണ്ട് പിന്നെയുമുണ്ടായി 8,400 കോടി രൂപയുടെ നഷ്ടം. സംസ്ഥാനത്തിന് അർഹതപ്പെട്ടതൊക്കെ നിഷേധിക്കപ്പെടുകയാണ്.*

രണ്ടാമത്തേത്, കേരളത്തിന് യൂണിയനിൽ നിന്നു വിവിധ ഇനങ്ങളിൽ ലഭിക്കേണ്ട തുകകൾ വൈകിപ്പിക്കുന്നത് മൂലമുണ്ടാകുന്ന കുറവാണ്. ഡൽഹിയിൽ പ്രതിഷേധം നടത്തുമ്പോൾ യൂണിയനിൽ നിന്നു കേരളത്തിനു ലഭിക്കാനുള്ള തുകകൾ ഇപ്രകാരമായിരുന്നു. യു.ജി.സി. ശമ്പള പരിഷ്ക്കരണം-750 കോടി രൂപ. തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വികസന ഗ്രാന്റ്-1,921 കോടി രൂപ. നെല്ല് സംഭരണം ഉൾപ്പെടെ ഭക്ഷ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ടത്-1,100 കോടി രൂപ. വിവിധ ദുരിതാശ്വാസങ്ങൾക്കുള്ളത്-139 കോടി രൂപ. സ്റ്റേറ്റ് ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട്-69 കോടി രൂപ. ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സ്പെഷ്യൽ അസിസ്റ്റൻസ് (കാപെക്സ്) -3,000 കോടി രൂപ. ആകെ 7,490 കോടി രൂപ. ഫണ്ട് ട്രാൻസ്ഫറുകളുമായി ബന്ധപ്പെട്ട് എല്ലാ സംസ്ഥാനങ്ങളും ഇത്തരത്തിൽ സമാനമായ പ്രതിസന്ധി നേരിടുന്നുണ്ട്.

മൂന്നാമത്തേത്, ഭരണഘടനയെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് വായ്പ എടുക്കൽ പരിമിതപ്പെടുത്തുന്നത് കൊണ്ടുണ്ടാകുന്ന കുറവാണ്. കിഫ്ബിയും കെ.എസ്. എസ്.പി. എല്ലും രൂപീകരിക്കപ്പെട്ടത് സംസ്ഥാനത്തിന്റെ വികസന- ക്ഷേമ ഇടപെടലുകൾ കാര്യക്ഷമമാക്കാനാണ്. ബജറ്റിന് പുറത്തുള്ളതാണ് അവ എടുക്കുന്ന

കടങ്ങൾ. എന്നാൽ അവയെ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ ഭാഗമായി കണക്കാക്കുകയാണ്. ഇതിന് മുൻകാല പ്രാബല്യം വരുത്തിക്കൊണ്ട് 2016-17 മുതൽ 2023-24 വരെയുള്ള ഏഴ് സാമ്പത്തിക വർഷങ്ങളിൽ 1,07,513 കോടി രൂപയുടെ നഷ്ടമാണ് കേരളത്തിനുണ്ടായിരിക്കുന്നത്.

15-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുകയും യൂണിയൻ സർക്കാർ തന്നെ അവ പാർലമെന്റിനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് കടകവിരുദ്ധമായാണ് മുൻകാല പ്രാബല്യത്തോടെ കേരളത്തിന്റെ വായ്പാ പരിധിയെ പരിമിതപ്പെടുത്തിയിരിക്കുന്നത്. ചുരുക്കത്തിൽ യൂണിയൻ സർക്കാർ പാർലമെന്റിന് നൽകിയിട്ടുള്ള ഉറപ്പിനെ ത്തന്നെ ലംഘിക്കുകയാണ്.

സംസ്ഥാനങ്ങളോടുള്ള രാഷ്ട്രീയ വിവേചനത്തെക്കുറിച്ച് കേരളം മാത്രമല്ല പറയുന്നത്. കർണാടകവും സമരം ചെയ്യുകയാണ്. 1,87,000 കോടി രൂപയുടെ നഷ്ടം-ഏതാണ്ട് കേരളത്തിന്റേതിന് സമാനമായ നഷ്ടം-അവർക്കുണ്ടായതായി കർണാടകം പറയുന്നു. കേരളത്തിൽ ഭരണത്തിലിരിക്കുന്ന പാർട്ടിയല്ല കർണാടകത്തിൽ ഭരണത്തിലിരിക്കുന്നത്. വ്യത്യസ്ത രാഷ്ട്രീയ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് സമാനമായ കാര്യങ്ങൾ പറയേണ്ടി വരുന്നത് അവ സത്യമായതുകൊണ്ടല്ലേ?

ഒട്ടുമിക്ക മേഖലകളിലും സംസ്ഥാനം രാജ്യത്തെക്കാൾ മികച്ച പ്രകടനം കാഴ്ചവെക്കുന്നതു കൊണ്ടാണ് കേരളത്തിനെതിരെ ഇത്തരമൊരു സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയിരിക്കുന്നത് എന്നാണ് കേരളീയ ജനത ആത്യന്തികമായി വിശ്വസിക്കുന്നത്. യൂണിയൻ സർക്കാർ പിന്തുടരുന്ന രാഷ്ട്രീയ സാമ്പത്തിക നയങ്ങൾ കേരളം പിന്തുടരാത്തതുകൊണ്ടാണ് കേരളത്തെ ഇത്തരത്തിൽ അവഗണിക്കുന്നത് എന്നാണ് പൊതുജനാഭിപ്രായം. തീർത്തും ജനാധിപത്യവിരുദ്ധമായ സമീപനമാണ് ഇത്. യൂണിയൻ സർക്കാരിന്റെ ഇത്തരം വിവേചനങ്ങൾ കേരള സമ്പദ്ഘടനയ്ക്കും സമൂഹത്തിനും മേൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കും.

കേരളത്തിന്റെ ഇപ്പോഴത്തെ ജി.എസ്.ഡി.പി. ഏതാണ്ട് 11 ലക്ഷം കോടി രൂപയാണ്. വായ്പ പരിമിതപ്പെടുത്തിക്കൊണ്ടു മാത്രം ഇതിന്റെ ഏകദേശം 10 ശതമാനമാണ് കേരളത്തിന് നഷ്ടപ്പെടുന്നത്. ഇത്തരത്തിൽ യുക്തിരഹിതമായി പൊടുന്നനെ വരുത്തുന്ന വെട്ടിക്കുറവുകൾ നമ്മുടെ വികസന ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. ക്യാപിറ്റൽ എക്സ്പെൻഡിച്ചർ മൾട്ടിപ്ലയർ ഇഫക്ട് കണക്കുകൂട്ടിയാൽ അടുത്ത അഞ്ച് വർഷം കൊണ്ട് ഏതാണ്ട് 2 മുതൽ 3 ലക്ഷം കോടി രൂപയുടെ വരെ നഷ്ടം കേരളത്തിനുണ്ടാകും. അതായത്, അക്കാലയളവ് കൊണ്ട് കേരളത്തിന്റെ സമ്പദ്ഘടന 20 മുതൽ 30 ശതമാനം വരെ ചുരുങ്ങും.

2018 ലെ പ്രളയത്തിന്റെ ഘട്ടത്തിലും കേരളത്തോട് ഇത്തരത്തിൽ വിവേചനം കാട്ടിയിരുന്നു. പ്രളയത്തെ അതിജീവിക്കാനുള്ള പാക്കേജ് ഒന്നും കേരളത്തിന് പ്രത്യേകമായി ലഭ്യമാക്കിയില്ല. പ്രളയഘട്ടത്തിൽ നടത്തപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നിർബന്ധപൂർവ്വം പണം ഈടാക്കി. ആ ഘട്ടത്തിൽ ലഭ്യമാക്കിയ ഭക്ഷ്യധാന്യങ്ങൾക്കു വരെ പണംപിടിച്ചുപറിച്ചു. ഇത്തരം ദുരന്തങ്ങൾ അടിക്കടിയുണ്ടാകുന്നതു കൊണ്ടാണ് കേരളത്തിലൊരു കാലാവസ്ഥാ ഗവേഷണകേന്ദ്രം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടത്. എന്നാൽ അതും നിഷേധിക്കപ്പെടുകയാണുണ്ടായത്.

പ്രളയഘട്ടത്തിൽ കേരളത്തിന് സഹായം ലഭ്യമാക്കാനായി പല വിദേശരാജ്യങ്ങളും സ്വമേധയാ മുന്നോട്ടുവന്നിരുന്നു. പക്ഷെ, അവ സ്വീകരിക്കുന്നതിൽ നിന്ന് കേരളത്തെ വിലക്കി. എന്നാൽപ്പിന്നെ നമ്മുടെ സ്വന്തം സഹോദരങ്ങളായ പ്രവാസികളുടെ അടുക്കൽ നിന്ന് സംഭാവന സ്വീകരിക്കാം എന്ന് ചിന്തിച്ചു. അവരെ പോയി കാണുന്നതിൽ നിന്നു കേരളത്തിന്റെ മന്ത്രിമാരെ വിലക്കി. എത്ര മനുഷ്യത്വരഹിതമായ സമീപനമാണിത്.

ഇടക്കാല ബജറ്റിലും കേരളത്തോടുള്ള വിവേചനവും അനീതിയും പ്രകടമാണ്. കേരളത്തിന്റെ ആവശ്യങ്ങളൊന്നും തന്നെ അംഗീകരിക്കപ്പെട്ടിട്ടില്ല. എയിംസ്, കെ-റെയിൽ, ശബരിപാത, കോച്ച് ഫാക്ടറി, മെമു ഷെഡ് തുടങ്ങിയ ആവശ്യങ്ങളൊന്നും കേട്ടതായിപ്പോലും നടിച്ചിട്ടില്ല. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനമുണ്ടായിട്ടില്ല. റബ്ബർ വിലസ്ഥിരത ഉറപ്പുവരുത്താനായി ഒരു കേന്ദ്ര ഫണ്ടും സ്ഥാപിച്ചിട്ടില്ല. തീരദേശ സംരക്ഷണത്തിനായി ഒരു പാക്കേജും പ്രഖ്യാപിച്ചിട്ടില്ല.

സാമൂഹിക-സാമ്പത്തിക മേഖലകളിലെ നേട്ടങ്ങളുടെയും രാഷ്ട്രീയപരവും പ്രത്യയശാസ്ത്രപരവുമായ വ്യത്യാസങ്ങളുടെയും പേരിൽ ഇന്ന് കേരളത്തെ ശിക്ഷിക്കുകയാണ്. നാളെ ഏത് സംസ്ഥാനത്തെ വേണമെങ്കിലും ഇത്തരത്തിൽ ശിക്ഷിക്കാം. ഇതിനെ അതിജീവിക്കണമെങ്കിൽ നമ്മൾ ഒരുമിച്ചു നിന്നേ മതിയാകൂ. നമ്മുടെ ഒരുമയെ അസ്ഥിരപ്പെടുത്താനുള്ള ആസൂത്രിത ശ്രമങ്ങൾ ശക്തിപ്പെടുമ്പോൾ അവയ്ക്കെതിരെ കൂടുതൽ യോജിപ്പോടെ നമ്മൾ പ്രവർത്തിക്കണം. അങ്ങനെ ഫെഡറലിസത്തെയും സഹകരണാത്മക ഫെഡറലിസത്തെയും ശക്തിപ്പെടുത്തണം. അപ്പോൾ മാത്രമേ സംസ്ഥാനങ്ങൾക്ക് മുകളിൽ യൂണിയൻ എന്ന സ്ഥിതി മാറി ഭരണഘടനയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങളുടെ യൂണിയനായി ഇന്ത്യ മുന്നേറുകയുള്ളു.

# വനയോരമേഖലയിലെ വന്യജീവി ആക്രമണ ഭീതി

**വി. ഡി. സതീശൻ**
**പ്രതിപക്ഷ നേതാവ്**



അഞ്ഞൂറ്റി എൺപത് കിലോമീറ്റർ നീളവും ശരാശരി 80 കിലോമീറ്റർ വീതിയുമുള്ള കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 29 ശതമാനം സ്ഥലവും വനമാണ്. മുപ്പത് ലക്ഷത്തിലധികം ജനങ്ങൾ അധിവസിക്കുന്ന കേരളത്തിലെ വനാതിർത്തി പ്രദേശങ്ങളിലെ ദൈനംദിന ജീവിതം മനുഷ്യ-വന്യജീവി സംഘർഷം മൂലം തികച്ചും ദുരിതപൂർണ്ണമായിരിക്കുന്നു. ഏതുനിമിഷവും ഒരു വന്യജീവിയുടെ ആക്രമണം തങ്ങൾക്ക് നേരിടേണ്ടതായിവരും എന്ന ഭീതിയിലൂടെയാണ് ഇവരുടെ ജീവിതത്തിലെ ഓരോ നിമിഷവും കടന്നുപോകുന്നത്. ഒരു ജനതയുടെ മനസമാധാനത്തോടെ ജീവിക്കാനുള്ള അവകാശമാണ് ഇവിടെ ലംഘിക്കപ്പെടുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട സർക്കാർ നിഷ്ക്രിയമാണ്. പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ട വനം വകുപ്പ് സുഖസുഷുപ്തിയിലാണ്. വയനാട്, ഇടുക്കി, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് വന്യജീവി ആക്രമണം ഏറ്റവും രൂക്ഷമായിട്ടുള്ളത്. ആന, കടുവ, പുലി, കാട്ടുപോത്ത്, കരടി, കാട്ടുപന്നി, കുരങ്ങ് എന്നിങ്ങനെ വിവിധതരം മൃഗങ്ങളുടെ ബഹുമുഖ ആക്രമണങ്ങൾക്ക് നിത്യേനയെന്നോണം വിധേയമായി ജീവനും ജീവിതവും ജീവസന്ധാരണ മാർഗ്ഗങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അനുഭവങ്ങൾ ആയിരക്കണക്കിനുണ്ട്.

വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരം അനുവദിക്കുന്നതിനും പരിക്കേറ്റവർക്ക് രണ്ട് ലക്ഷം രൂപ ചികിത്സാസഹായം അനുവദിക്കുന്നതിനും കൃഷിനാശം നേരിട്ട കർഷകർക്ക് പ്രഖ്യാപിച്ചിട്ടുള്ള ഒരു ലക്ഷം രൂപ യഥാസമയം നഷ്ടപരിഹാരം നൽകുന്നതിലും വനം വകുപ്പിന് കാര്യക്ഷമവും സമയബന്ധിതവുമായ പദ്ധതികളില്ലാത്തത് വനയോര മേഖലയിലെ ജനജീവിതം കൂടുതൽ സങ്കീർണ്ണമാക്കുന്നു. 2021-22 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷത്തിൽ കേരളത്തിലാകെ 6,773 പേർക്ക് നഷ്ടപരിഹാരം സർക്കാർ നൽകാനുണ്ട്. ഇത് വലിയതോതിലുള്ള ജനരോഷത്തിന് കാരണമാകുന്നുണ്ട്.

വന്യജീവികളുടെ പെരുപ്പവും കാലാവസ്ഥാവ്യതിയാനവും ആവാസവ്യവസ്ഥയിലെ അസന്തുലിതത്വവും വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങുന്നതിന് കാരണമാകുന്നു. ഇതിന്റെ ഏറ്റവും കൂടുതൽ കെടുതികൾ ഇപ്പോൾ അനുഭവിക്കുന്നത് വയനാട് ജില്ലയിലെ ജനങ്ങളാണ്. 2014 മുതൽ 2024 വരെയുള്ള കാലയളവിൽ വയനാട്ടിൽ 51 പേരെയാണ് വന്യമൃഗങ്ങൾ ആക്രമിച്ച് കൊലപ്പെടുത്തിയത്.

ഏറ്റവും ഒടുവിലത്തേതാണ് മാനന്തവാടി ചാലിഗദ്ദയിൽ ആനയുടെ ചവിട്ടേറ്റ് മരിച്ച അജീഷിന്റെയും

പാക്കവെള്ളച്ചാലിൽ പോളിന്റെയും കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട മുടക്കൊല്ലി സ്വദേശി പ്രഭീഷ്, കാട്ടാനയുടെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സയിലുള്ള കാട്ടുനായ്ക്ക കോളനിയിലെ ശരത് എന്നിവരുടെയും അനുഭവങ്ങൾ. കടുവ, പുലി തുടങ്ങിയ വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെടുന്നത് വളരെ ഭയാനകമായ സംഭവമാണ്. മരണാനന്തര കർമ്മം ചെയ്യാൻ തലയോട്ടിയോ അവശിഷ്ടമോ കിട്ടുകയെന്നതും ദാരുണമായ അനുഭവമാണ്. ഇവിടെ ചെയ്യാൻ കഴിയുന്നത് കാട്ടാനകളും മറ്റ് വന്യമൃഗങ്ങളും നാട്ടിലേക്കിറങ്ങി വരാതിരിക്കുന്നതിനുള്ള മുൻകരുതൽ സ്വീകരിക്കുകയെന്നതാണ്. കാട്ടിലെ ആവാസവ്യവസ്ഥയ്ക്ക് ഭംഗം വരുത്തുന്ന തരത്തിലുള്ള മനുഷ്യരുടെ ഇടപെടൽ തടയുകയെന്നത് പ്രധാനമാണ്. ആയതിന് വേണ്ടി വനമേഖലയിൽ താമസിക്കുന്നവരെ ശാക്തീകരിക്കുന്നതിനുവേണ്ട പരിശീലനം നൽകുകയും പാരിസ്ഥിതിക സൗഹൃദമായ ജീവിതരീതി അനുശാസിക്കുകയും ചെയ്യാവുന്നതാണ്.

ദേശീയ കടുവാ സംരക്ഷണ അതോറിറ്റിയുടെ (NTCA) 2018 ലെ സെൻസസ് പ്രകാരം 154 കടുവകളാണ് വയനാട്ടിലുള്ളത്. NTCA മാനദണ്ഡപ്രകാരം 80 കടുവകൾക്ക് 1000 സ്ക്വയർ കീ.മീ. Inviolate Space (റോഡും ജനവാസമേഖലയുമില്ലാത്ത സ്ഥലം) വേണം. അതുപ്രകാരം 20 കടുവകൾക്കുള്ള സൗകര്യം മാത്രമേ ആകെ 344 സ്ക്വയർ കിലോമീറ്റർ വനവിസ്തീർണ്ണമുള്ള വയനാട് വന്യജീവി സങ്കേതത്തിന് ഉള്ളുവെന്നത് ഭീതിജനകമാണ്. ഇങ്ങനെ വന്യജീവി ഭീതിമൂലം തൊഴിലെടുക്കുന്നതിനും കൃഷി ചെയ്യുന്നതിനും വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുന്നതിനും കഴിയാതെ ദൈനംദിന ജീവിതം വഴിമുട്ടിയ അവസ്ഥയിലാണ് വയനാട്ടിലെ ജനങ്ങൾ.

2016 മുതൽ 2023 ഡിസംബർ വരെ 55,389 വന്യജീവി ആക്രമണങ്ങളാണ് കേരളത്തിൽ നടന്നിട്ടുള്ളത്. ഇങ്ങനെയുള്ള ആക്രമണങ്ങളിൽ 7492 പേർക്ക് പരിക്കുപറ്റുകയും 909 പേർ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 69 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. കൂടാതെ, വളർത്തുമൃഗങ്ങളായ പശു, ആട്, കോഴി തുടങ്ങിയവയ്ക്കുണ്ടായ നഷ്ടങ്ങൾ വേറെയുമുണ്ട്. ഇങ്ങനെ വനാതിർത്തി പ്രദേശങ്ങളിൽ ഭീതിയോടെ കഴിഞ്ഞുവരുന്ന ജനലക്ഷങ്ങൾക്ക് സമാധാനത്തോടെയും സുരക്ഷിതത്വത്തോടെയും ജീവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട ഉത്തരവാദിത്വം വനത്തിന്റെ ഉടമകളായ സർക്കാരിനാണ്.

മനുഷ്യജീവന് അപകടം വരുത്തുന്ന വന്യമൃഗങ്ങളെ വെടിവച്ചു കൊല്ലുന്നതിന് വന്യജീവി സംരക്ഷണ നിയമത്തിലെ 11(1) പ്രകാരം അനുമതി നൽകാനുള്ള അധികാരം ചീഫ് വൈൽഡ് ലൈഫ് വാർഡനുണ്ട്. വയനാട്ടിൽ മാത്രം 1988 നു ശേഷം 118 പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. അതുപോലെ തന്നെ 1972 ലെ വന്യജീവി സംരക്ഷണ നിയമത്തിൽ കാലാനുസൃത മാറ്റങ്ങൾ വരുത്തി സംരക്ഷിക്കപ്പെടേണ്ട മൃഗങ്ങളുടെ പട്ടിക പുന:ക്രമീകരിക്കുകയും ചെയ്യാനുള്ള നിയമഭേദഗതി നടത്തണം.

വനാതിർത്തിയിലുള്ള വൈദ്യുതിവേലികളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുക, മുള്ളുവേലികൾ, ട്രഞ്ചുകൾ എന്നിവ സ്ഥാപിക്കുക, റേഡിയോ കോളർ നിരീക്ഷിക്കുന്നതിനുള്ള റിസീവർ, ആന്റിന എന്നിവ സ്ഥാപിക്കുക എന്നിവയോടൊപ്പം കൃഷിയും ജീവിതോപാധിയും നശിപ്പിക്കുന്ന വന്യജീവികളുടെ പെരുപ്പം നിയന്ത്രിക്കുന്നതിനും അവ ജനവാസ മേഖലകളിൽ കടന്നുകയറുന്നത് തടയുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. ആനത്താരയടക്കമുള്ള മൃഗങ്ങളുടെ സഞ്ചാരപഥങ്ങൾ ലംഘിക്കാതിരിക്കുക. ഇതോടൊപ്പം പരിസ്ഥിതി പ്രവർത്തകരെയും പ്രദേശവാസികളെയും പ്രാദേശിക ഭരണ സ്ഥാപനങ്ങളേയും പട്ടികജാതി/പട്ടിക വർഗ്ഗ വികസനം, തദ്ദേശ സ്വയംഭരണം, കൃഷി, വനം, റവന്യു, ആഭ്യന്തര വകുപ്പുകളെയും ഉൾപ്പെടുത്തി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ച്, നിലവിലുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും പരിശോധിച്ച്, കേന്ദ്ര വനനിയമത്തിന്റെ അടിസ്ഥാനത്തിൽ സ്വസ്ഥമായ ജനജീവിതത്തിനുതകുന്ന തരത്തിലുള്ള ഭേദഗതികൾ വരുത്തണം. ആയതിനായി സംസ്ഥാന, ജില്ലാ, പ്രാദേശിക തലങ്ങളിൽ പ്രത്യേക നിരീക്ഷണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തണം. വനാതിർത്തികളിലെ ആവാസവ്യവസ്ഥയിലെ സംഘർഷങ്ങൾ അവസാനിപ്പിച്ച് സമാധാനവും സുരക്ഷിതത്വവും നിറഞ്ഞ ജീവിതസാഹചര്യം സൃഷ്ടിക്കുവാൻ അങ്ങനെ കഴിയും.

വന്യജീവികളുടെ ആക്രമണം മൂലം ഇന്ന് നിത്യേന മരണം സംഭവിക്കുന്നു. വനമേഖലകളിലെ സാധാരണ ജനജീവിതം പാടേ സ്തംഭിച്ചിരിക്കുന്നു. അവർ പൂർണ്ണമായും ഭീതിയിലും ഉത്കണ്ഠയിലുമാണ്. സർക്കാർ സംവിധാനവും വനം വകുപ്പും ഇവിടെ നിഷ്ക്രിയരായിരിക്കുന്നു. നമ്മുടെ അയൽ സംസ്ഥാനങ്ങളായ കർണ്ണാടകവും തമിഴ്നാടുമൊക്കെ ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് അവ കൃത്യമായി നടപ്പിലാക്കി. വന്യജീവി ഭീഷണികൾ നേരിടുമ്പോൾ, കേരളത്തിൽ വനയോരമേഖലയിലെ ജനങ്ങളെ അവരുടെ വിധിക്കും വന്യജീവികൾക്കുമായി സർക്കാർ വിട്ടുകൊടുത്തിരിക്കുന്നു. വന്യജീവി ആക്രമണം മൂലം മരണപ്പെടുന്നവരുടെയും മതിയായ ചികിത്സ കിട്ടാതെ പ്രയാസപ്പെടുന്നവരുടെയും ബന്ധുക്കൾക്കും, അവരോടൊപ്പം നിന്ന് സാന്ത്വനമേകുന്ന ജനങ്ങളുടെയും ജനപ്രതിനിധികളുടെയും നേരെയുള്ള പോലീസിന്റെ നിഷേധാത്മക സമീപനം മലയോര മേഖലയിലാകെ സംഘർഷവും ഭീതിയും സൃഷ്ടിച്ചിരിക്കുകയാണ്. പ്രതിഷേധിക്കുന്നവരെ ബലപ്രയോഗത്തിലൂടെ കീഴടക്കുന്ന രീതി നീതിനിഷേധമാണ്. തികച്ചും നിഷേധാത്മകമായ ഈ സമീപനം മാറ്റുകയും മനുഷ്യ വന്യജീവി സംഘർഷം അവസാനിപ്പിക്കുന്നതിനും ജനങ്ങൾക്ക് സുരക്ഷിതരായി ജീവിക്കാനുള്ള ഭരണഘടനാപരമായ അവകാശം ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സർക്കാർ അടിയന്തരമായി സ്വീകരിച്ച്, പൂർണ്ണമായ സമാധാന ജീവിതം ഉറപ്പാക്കുന്നതിൽ അമാന്തം കാണിക്കരുത്.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ...

# തലശ്ശേരി കാർണിവൽ

**എ. എൻ. ഷംസീർ**
**തലശ്ശേരി**




മലബാറിന്റെ സാംസ്കാരിക ഭൂമികയായ തലശ്ശേരിയിൽ 2024 മാർച്ച് 1 മുതൽ 7 വരെ 'തലശ്ശേരി കാർണിവൽ' എന്ന പേരിൽ സാംസ്കാരിക മഹോത്സവം സംഘടിപ്പിച്ചു. സെമിനാറുകൾ, വിവിധ മേളകൾ, മാജിക് സ്ട്രീറ്റ്, സാംസ്കാരിക സംഗമങ്ങൾ, ആദിവാസി ഊര്, ഫുഡ് ഫെസ്റ്റിവലുകൾ, മെഗാഷോകൾ തുടങ്ങി വൈവിധ്യമാർന്ന കാഴ്ചകളിലൂടെയും അനുഭവങ്ങളിലൂടെയും തലശ്ശേരി കാർണിവൽ ജനശ്രദ്ധയാകർഷിച്ചു.

# പൊന്ന്യത്തങ്കം ആഘോഷം



കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിലെ ഏഴരക്കണ്ടത്തിൽ വച്ച് എല്ലാ വർഷവും നടന്നുവരുന്ന 'പൊന്ന്യത്തങ്കം' ആഘോഷത്തിന്റെ ഈ വർഷത്തെ പരിപാടികൾ 2024 ഫെബ്രുവരി 22 മുതൽ 28 വരെ സംഘടിപ്പിച്ചു. ഗതാഗത വകുപ്പുമന്ത്രി കെ. ബി. ഗണേഷ് കുമാർ ആഘോഷ പരിപാടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ അധ്യക്ഷത വഹിച്ചു. അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധ നേടിയിട്ടുള്ളതും ലോകത്തെമ്പാടുനിന്നും ജനങ്ങൾ പങ്കെടുത്തതുമായ പൊന്ന്യത്തങ്കം തലശ്ശേരിയുടെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന കളരിപ്പയറ്റ് പ്രദർശനമാണ്. പൊന്ന്യത്തങ്കം കാണാൻ എത്തുന്നവർക്കായി അങ്കത്തട്ടിലെ വാൾച്ചുരിക പോര് കൂടാതെ നേപ്പാൾ, ഉഗാണ്ട, ഉസ്ബെസ്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലേയും വടകര ക്രാഫ്റ്റ് വില്ലേജിലേയും കരകൗശല ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവും ഒരുക്കിയിരുന്നു.

# മട്ടന്നൂർ എം.സി.ആർ.സി.യെ മികവിന്റെ കേന്ദ്രമാക്കും

**കെ. കെ. ശൈലജ ടീച്ചർ**
**മട്ടന്നൂർ**



മികവിന്റെ കേന്ദ്രമാക്കാൻ കഴിയുന്ന ഒരു ഭിന്നശേഷി റിസോഴ്സ് സെന്ററായി മട്ടന്നൂരിലെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിനെ വളർത്തണമെന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. മട്ടന്നൂർ പഴശ്ശിയിൽ സെന്ററിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനും ഉന്നമനത്തിനുമായി മികവാർന്ന ഒരു കേന്ദ്രമാണ് മട്ടന്നൂരിൽ ഒരുക്കിയിട്ടുള്ളത്. കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള സർക്കാർ പ്രവർത്തനത്തിന് മുതൽക്കൂട്ടാവുന്നതാണ് ഇതെന്നും മന്ത്രി പറഞ്ഞു.

സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും ആത്മവിശ്വാസത്തോടെ ഭിന്നശേഷിക്കാരെ നയിക്കാനുള്ള ദൃഢനിശ്ചയത്തോടെയാണ് 'ബാരിയർ ഫ്രീ കേരള' പദ്ധതി നടപ്പാക്കുന്നത്. ഇനിയും ഭിന്നശേഷി സൗഹൃദമല്ലാത്ത എല്ലാ പൊതു ഓഫീസുകളും വിദ്യാലയങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. ഇതിന്റെ ഭാഗമായി മൂന്നുവർഷം കൊണ്ട് 2000 ഓഫീസുകളും നൂറ്റിയെഴുപതിൽ പരം സർക്കാർ വെബ്സൈറ്റുകളും ഭിന്നശേഷി സൗഹൃദമാക്കി. ബാരിയർ ഫ്രീ കേരളയ്ക്ക് ബജറ്റിൽ എട്ട് കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. സർക്കാർ ജോലികളിൽ 1263 തസ്തികകളിൽ ഭിന്നശേഷി സംവരണം അനുവദിച്ചുള്ള വിജ്ഞാപനം ഇറക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് അവർ പറഞ്ഞു.

സംസ്ഥാന സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ, മട്ടന്നൂർ നഗരസഭ എന്നിവ ചേർന്നാണ് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ ഒരുക്കിയത്. ഭിന്നശേഷി വിദ്യാർഥികളുടെ കഴിവുകളെ പരിപോഷിപ്പിക്കുകയും അവരിലെ ന്യൂനതകളെ വിദഗ്ധ പരിചരണത്തിലൂടെ മേന്മകളായി പരിവർത്തിപ്പിക്കുകയുമാണ് സെന്ററിന്റെ ലക്ഷ്യം. ഭിന്നശേഷി കുട്ടികൾക്ക് ആവശ്യമായ കൗൺസലിംഗ്, തെറാപ്പികൾ, തൊഴിൽ പരിശീലനം, നൈപുണ്യ പരിശീലനം, അവരുടെ മാതാപിതാക്കൾക്ക് ആവശ്യമായ പരിശീലനങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്ന പദ്ധതിക്ക് കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ. ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രിയായിരുന്ന കാലത്താണ് തുടക്കമിട്ടത്. മട്ടന്നൂർ നഗരസഭ കൈമാറിയ 48 സെന്റ് സ്ഥലത്താണ് കണ്ണൂർ ജില്ലയിൽ ആദ്യത്തേതും സംസ്ഥാനത്ത് രണ്ടാമത്തേതുമായ കേന്ദ്രം 3.3 കോടി രൂപ ചെലവിൽ നിർമ്മിച്ചത്. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മട്ടന്നൂർ നഗരസഭയുടെ പഴശ്ശിരാജ മെമ്മോറിയൽ ബഡ്സ് സ്കൂൾ, കേന്ദ്രത്തിലേക്ക് മാറ്റിയിട്ടുണ്ട്. വിവിധ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർ ആവശ്യമായ ഉപകരണങ്ങൾ കേന്ദ്രത്തിന് സംഭാവന ചെയ്തിട്ടുണ്ട്.

പരിപാടിയിൽ കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ. അധ്യക്ഷത വഹിച്ചു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. ദിനേശൻ, മട്ടന്നൂർ നഗരസഭ ചെയർമാൻ, വൈസ് ചെയർമാൻ, സ്ഥിരം സമിതി അധ്യക്ഷന്മാർ, കൗൺസിലർമാർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, കുടുംബശ്രീ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, മുൻ നഗരസഭ ചെയർമാൻമാർ, മുൻ വൈസ് ചെയർമാൻ, സംസ്ഥാന കള്ള്ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ, നഗരസഭാ സെക്രട്ടറി, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ...

# സെന്റ് ഗൊരേത്തീസ് സ്കൂളിൽ ശുചിമുറി സമുച്ചയം

**വി. കെ. പ്രശാന്ത്**
**വട്ടിയൂർക്കാവ്**



നാലാഞ്ചിറ സെന്റ് ഗൊരേത്തീസ് ഹൈസ്കൂളിൽ ആൺകുട്ടികളുടെ ശുചിമുറി സമുച്ചയം വി. കെ. പ്രശാന്ത് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ വിനിയോഗിച്ചാണ് ശുചിമുറികളുടെ നിർമ്മാണം പൂർത്തിയാക്കിയത്. കിണവൂർ വാർഡ് കൗൺസിലർ സുരകുമാരി ആർ. അധ്യക്ഷത വഹിച്ച ചടങ്ങിൽ സ്കൂൾ ഹെഡ്മിസ്ട്രസ്, സ്കൂൾ ലോക്കൽ മാനേജർ, പി.റ്റി.എ. പ്രസിഡന്റ്, സ്റ്റാഫ് സെക്രട്ടറി എന്നിവർ പങ്കെടുത്തു.

# പുസ്തക വിതരണം




വട്ടിയൂർക്കാവ് എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ നിന്ന് മൂന്ന് ലക്ഷം രൂപ വിനിയോഗിച്ച് മണ്ഡലത്തിലെ സ്കൂൾ, കോളേജ്, പബ്ലിക് ലൈബ്രറികൾ, പോസ്റ്റ് മെട്രിക്ഹോസ്റ്റലുകൾ എന്നിവിടങ്ങളിലേക്ക് വാങ്ങിയ പുസ്തകങ്ങൾ വി. കെ. പ്രശാന്ത് എം.എൽ.എ. വിതരണം ചെയ്തു. കേരള നിയമസഭ അന്താരാഷ്ട്രാ പുസ്തകോത്സവത്തിന്റെ രണ്ടാം എഡിഷനിൽ നിന്നും സർക്കാരിന്റെ പ്രത്യേക അനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പുസ്തകങ്ങൾ വാങ്ങിയത്. ഗവ. ലോ കോളേജിൽ നടന്ന ചടങ്ങിൽ ഇരുപത്തിയൊന്ന് സ്ഥാപനങ്ങൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്തു.

# കുറുന്തോട്ടി ഔഷധക്കൃഷിയിൽ നൂറുമേനി വിളവെടുപ്പ്

**എം. വിജിൻ**
**കല്ല്യാശ്ശേരി**




കല്ല്യാശ്ശേരി മണ്ഡലം ഔഷധഗ്രാമം പദ്ധതിയുടെ ഭാഗമായി കൃഷി ചെയ്ത കുറുന്തോട്ടിയുടെ വിളവെടുപ്പ് മുൻ എം.എൽ.എ. എം. വി. ജയരാജൻ എരിപുരം തടത്ത് നിർവ്വഹിച്ചു. എം. വിജിൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. ഔഷധഗ്രാമം പദ്ധതിയുടെ ഭാഗമായി കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിൽ 10 ഏക്കറിലും ഏഴോം, കണ്ണപുരം പഞ്ചായത്തുകളിൽ 7.5 ഏക്കറും ഉൾപ്പെടെ മൂന്ന് പഞ്ചായത്തുകളിൽ 25 ഏക്കറിലാണ് കുറുന്തോട്ടി കൃഷി ചെയ്തത്. മെയ് 26 ന് പിലാത്തറ ഹോപ്പിന് സമീപം വിത്തിട്ട് രണ്ടര ഏക്കറിൽ തയ്യാറാക്കിയ ചെടികളാണ് ജൂലൈ 15 ന് എരിപുരം തടത്ത് പ്രത്യേകം തയ്യാറാക്കിയ 4 ഏക്കർ സ്ഥലത്ത് ഉൾപ്പെടെ 25 ഏക്കറിൽ കുറുന്തോട്ടി ചെടിനട്ട് നടീൽ ഉദ്ഘാടനം നിർവഹിച്ചത്. 16.75 ലക്ഷം രൂപയാണ് സംസ്ഥാന സർക്കാർ ഒന്നാംഘട്ട പദ്ധതിക്കായി അനുവദിച്ചത്.

കൃഷി വകുപ്പ്, ഔഷധി, മെഡിസിനൽ പ്ലാന്റ് ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ്, മറ്റത്തൂർ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. ഇതോടൊപ്പം പഞ്ചായത്തടിസ്ഥാനത്തിൽ കർഷകരുടെ ഗ്രൂപ്പുകൾ രൂപീകരിച്ച്പ്രവർത്തനങ്ങൾ നടത്തി. നിലം ഒരുക്കലിനും മറ്റുമായി തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനമാണ് പ്രയോജനപ്പെടുത്തിയത്. നിരവധി പേർക്ക് തൊഴിൽ ലഭ്യമായി. കർഷകർക്ക് വിപണനത്തിനുള്ള സഹായം ഉറപ്പുവരുത്തുന്നതിന് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനവും ആരംഭിച്ചു.

കേരളത്തിലെ മികച്ച ജൈവ കാർഷിക നിയോജക മണ്ഡലത്തിനുള്ള സംസ്ഥാന പുരസ്ക്കാരം ഇതിന്റെ ഭാഗമായി കല്ല്യാശേരി മണ്ഡലത്തിന് ലഭിക്കുകയുണ്ടായി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തിലും 100 ഏക്കറിൽ ഔഷധക്കൃഷി വ്യാപിപ്പിക്കും. കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിൽ 20 ഏക്കറിലും ഏഴോം, ചെറുതാഴം, കുഞ്ഞിമംഗലം, പട്ടുവം, കല്ല്യാശേരി, കണ്ണപുരം പഞ്ചായത്തുകളിൽ 10 ഏക്കർ വീതവും ചെറുതാഴത്ത് 15 ഏക്കറിലും ചെറുകുന്നിൽ 5 ഏക്കറിലും മാട്ടൂൽ പഞ്ചായത്തിൽ 2.5 ഏക്കറിലും ഔഷധക്കൃഷി നടപ്പിലാക്കും.

മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ എന്നിവർ സംസാരിച്ചു. കല്ല്യാശ്ശേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബി. സുഷ സ്വാഗതവും ഏഴോം കൃഷി ഓഫീസർ നിഷ ജോസ് നന്ദിയും പറഞ്ഞു.



# സാരംഗിന്റെ ഓർമ്മയ്ക്ക് മുന്നിൽ പ്രണാമം

നിറഞ്ഞ മനസ്സോടെയും ഏറെ വൈകാരികതയോടെയുമാണ് അവയവ സ്വീകർത്താവിന്റെയും ദാതാവിന്റെയും കുടുംബാംഗങ്ങളുടെ ഒത്തുചേരൽ ചടങ്ങിൽ പങ്കെടുത്തതെന്ന് നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ. വിടപറഞ്ഞുപോയ മകൻ സാരംഗിന്റെ കൈകളിലേക്ക് അച്ഛൻ ബിനോയ് സമ്മാനം നൽകിയത് അവന് പ്രിയപ്പെട്ട ഫുട്ബോൾ. അത് കണ്ടുനിന്ന കുടുംബാംഗങ്ങളും സാരംഗിന്റെ കൈകൾ ചേർത്തു പിടിച്ച നിയമസഭാ സ്പീക്കറും വികാരാധീനരായി. കൊച്ചി അമൃത ആശുപത്രിയിലായിരുന്നു സംഗമം.

വാഹനാപകടത്തിൽ പരിക്കേറ്റ സാരംഗിന് മസ്തിഷ്ക മരണം സംഭവിച്ചതിനെ തുടർന്ന് സാരംഗിന്റെ കൈകൾ അവയവദാനത്തിലൂടെ സ്വീകരിച്ചത് ഷിഫിനായിരുന്നു. മാസങ്ങൾക്ക് ശേഷം ആ കൈകളിൽ വീണ്ടും തൊടാനും തലോടാനും കഴിഞ്ഞതിന്റെ സന്തോഷം കണ്ണുനീർ തുള്ളിയായപ്പോൾ കണ്ടുനിന്നവരുടെ കണ്ണുകളും ഈറനണിഞ്ഞു. ഷിഫിൻ പിറന്നാൾ കേക്ക് മുറിച്ച് സാരംഗിന്റെ മാതാപിതാക്കൾക്ക് നൽകിയത് ഹൃദയസ്പർശിയായി.

അവയവദാനത്തെക്കുറിച്ച് സമൂഹത്തിൽ നിരന്തരമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്. ഇത്രയും മഹത്തരമായ കാര്യത്തിന് മുൻകയ്യെടുത്ത സാരംഗിന്റെ മാതാപിതാക്കളുടെ മനസ്സിന് നന്ദി രേഖപ്പെടുത്തുന്നതായി ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന സ്പീക്കർ എ. എൻ. ഷംസീർ പറഞ്ഞു. ഡോ. പ്രേം നായർ, ഡോ. കെ. വി ബീന, ഡോ. സുബ്രഹ്മണ്യ അയ്യർ, ഷിഫിന്റെയും സാരംഗിന്റെയും കുടുംബാംഗങ്ങൾ, അപ്പോളോ ടയേഴ്സ് പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.






# പതിനഞ്ചാം കേരള നിയമസഭയുടെ
## പത്താം സമ്മേളനം: അവലോകനം

2024 ജനുവരി 25 ന് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടുകൂടിയാണ് പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനം ആരംഭിച്ചത്. 2024 ജനുവരി 25 ന് ആരംഭിച്ച് 2024 മാർച്ച് 27 ന് അവസാനിക്കുന്ന തരത്തിൽ 32 ദിവസത്തെ സമ്മേളനമാണ് നിശ്ചയിച്ചിരുന്നതെങ്കിലും 2024 ജനുവരി 31ന് സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം സമ്മേളനം ഫെബ്രുവരി 15 ന് അവസാനിപ്പിക്കുന്നതിന് തീരുമാനിക്കുകയായിരുന്നു. ആകെ 11 ദിവസമാണ് സഭ സമ്മേളിച്ചത്.

ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം ഇ. ചന്ദ്രശേഖരൻ എം.എൽ.എ. അവതരിപ്പിക്കുകയും പ്രമേയത്തിന്മേലുള്ള ചർച്ച ജനുവരി 29, 30, 31 തീയതികളിൽ നടക്കുകയും ചെയ്തു. നന്ദി പ്രമേയം ജനുവരി 31 ന് സഭ വോട്ടിനിട്ട് പാസ്സാക്കി.

പത്താം സമ്മേളനത്തിൽ 2024 ജനുവരി 29 മുതൽ ഫെബ്രുവരി 15 വരെ ആകെ 9 ചോദ്യ ദിവസങ്ങളാണുണ്ടായിരുന്നത്. ഈ ദിവസങ്ങളിൽ മറുപടി ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി ആകെ 3914 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 26 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 18 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 270 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 3600 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 3870 ചോദ്യങ്ങൾ അച്ചടിക്കുകയും അച്ചടിച്ച ചോദ്യങ്ങളിൽ നിന്നും ഒരു ചോദ്യം പിൻവലിക്കുകയും ചെയ്തു. ഇതിൽ നക്ഷത്രചിഹ്നമിട്ട 270 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3243 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ യഥാസമയം ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്.

ചോദ്യോത്തരവേളകളിൽ 40 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ സഭയിൽ ചർച്ച ചെയ്യുകയും വിവിധ അവസരങ്ങളിലായി 221 അംഗങ്ങൾ 254 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ അവയ്ക്ക് മറുപടി നൽകുകയും ചെയ്തു.

വിവിധ സമ്മേളനങ്ങളിലെ നക്ഷത്രചിഹ്നമിടാത്ത 4 ചോദ്യങ്ങളുടെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവനകൾ പത്താം സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. ചില മന്ത്രിമാർ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകാത്തത് ചൂണ്ടിക്കാട്ടി പ്രതിപക്ഷ നേതാവ് ക്രമപ്രശ്നം ഉന്നയിച്ചതിനെത്തുടർന്ന് ചോദ്യങ്ങൾക്ക് ചട്ടം അനുശാസിക്കും

വിധം യഥാസമയം മറുപടി നൽകുന്നത് സംബന്ധിച്ച് സമ്മേളന കാലയളവിൽ ചെയറിൽ നിന്നും റൂളിംഗും ഉണ്ടായി.

പത്താം സമ്മേളനകാലത്ത് ചട്ടം 50 പ്രകാരം അടിയന്തരപ്രാധാന്യമുള്ള സംഗതികൾ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഏഴ് നോട്ടീസുകളാണ് സഭയുടെ പരിഗണനക്കായി വന്നത്. അതിൽ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയുമായി ബന്ധപ്പെട്ട നോട്ടീസ് സഭ പരിഗണിക്കുകയും അതിന്മേൽ ജനുവരി 30 ന് രണ്ട് മണിക്കൂർ ചർച്ച നടത്തുകയും ചെയ്തു. പതിനഞ്ചാം കേരള നിയമസഭയുടെ കാലയളവിൽ ചട്ടം 50 പ്രകാരം ലഭിച്ചവയിൽ ഏഴ് നോട്ടീസുകളിന്മേൽ ചർച്ച അനുവദിച്ചതിലൂടെ കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ അടിയന്തര പ്രമേയങ്ങൾ ചർച്ച ചെയ്ത റെക്കോർഡ് ചുരുങ്ങിയ കാലയളവിനുള്ളിൽ പതിനഞ്ചാം കേരള നിയമസഭയ്ക്ക് കൈവന്നിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. പതിനാലാം കേരള നിയമസഭയിൽ ആകെ ആറ് അടിയന്തര പ്രമേയങ്ങളാണ് സഭ ചർച്ച ചെയ്തത്. ഒന്നാം കേരള നിയമസഭ മുതൽ നാളിതുവരെ സഭ ചർച്ച ചെയ്ത മുപ്പത്തിയേഴ് അടിയന്തര പ്രമേയ നോട്ടീസുകളിൽ മൂന്നിലൊന്നും പതിനാല്, പതിനഞ്ച് കേരള നിയമസഭകളിലാണെന്നതും ശ്രദ്ധേയമാണ്. വിവിധ ജനകീയ പ്രശ്നങ്ങളിന്മേലുള്ള 16 ശ്രദ്ധക്ഷണിക്കലുകളും 99 സബ്മിഷനുകളും പത്താം സമ്മേളനകാലത്ത് സഭാ നടപടികളെ സജീവമാക്കി.

പത്താം സമ്മേളനകാലത്ത് മൂന്ന് സി. & എ.ജി. റിപ്പോർട്ടുകൾ ഉൾപ്പെടെ 640 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും വിവിധ നിയമസഭാ സമിതികളുടെ 42 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ കായികനയം സംബന്ധിച്ച് ബഹുമാനപ്പെട്ട ന്യൂനപക്ഷ ക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തുകയുണ്ടായി.

സംസ്ഥാനത്തിന്റെ വായ്പാ പരിധി വെട്ടിക്കുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്യുന്ന സമീപനത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നാവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രിയും മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയുവാൻ നിലവിലുള്ള നിയമങ്ങൾ കാലാനുസൃതമായി ഭേദഗതി ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് വനം വന്യജീവി വകുപ്പുമന്ത്രിയും ചട്ടം 118 പ്രകാരം ഗവൺമെന്റ് പ്രമേയങ്ങൾ അവതരിപ്പിക്കുകയും പ്രമേയങ്ങൾ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുമുണ്ടായി.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നത് സംബന്ധിച്ച് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി അധ്യക്ഷനായി രൂപീകരിച്ച അഡ്ഹോക് കമ്മിറ്റി സമർപ്പിച്ച ശിപാർശകൾ ചട്ടങ്ങൾ സംബന്ധിച്ച സമിതി വിശദമായി പരിശോധിക്കുകയും അംഗങ്ങൾ നൽകിയ ഭേദഗതികളടക്കം ഉൾപ്പെടുത്തിക്കൊണ്ട് സമർപ്പിച്ച അന്തിമ റിപ്പോർട്ട് ഫെബ്രുവരി 14 ന് സഭ അംഗീകരിക്കുകയും ചെയ്തു.

2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 2024 ഫെബ്രുവരി 5 ന് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ചു. ഫെബ്രുവരി 12, 13, 14 തീയതികളിലായി ബജറ്റിന്മേലുള്ള പൊതുചർച്ച പൂർത്തീകരിച്ചു. 2023-24 വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും 2024 ഫെബ്രുവരി 14 നും വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച ബിസിനസ്സ് 2024 ഫെബ്രുവരി 15നും പൂർത്തീകരിച്ചു. അവയുമായി ബന്ധപ്പെട്ട രണ്ട് ധനവിനിയോഗ ബില്ലുകളും 2024 ഫെബ്രുവരി 15ന് പാസ്സാക്കി.

കിഫ്ബിയുടെ ധനാഗമ മാർഗ്ഗങ്ങളും ധനവിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റും ഫിഡലിറ്റി സർട്ടിഫിക്കറ്റും ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കാത്തത് നിയമത്തിന്റെ ലംഘനമാണെന്ന് കാണിച്ച് പ്രതിപക്ഷനേതാവ് ക്രമപ്രശ്നം ഉന്നയിച്ചിരുന്നു. കിഫ്ബിയെ സംബന്ധിക്കുന്നതും വ്യത്യസ്ത നിയമവ്യവസ്ഥകൾ പ്രകാരം വ്യത്യസ്ത സന്ദർഭങ്ങളിലും വ്യത്യസ്ത രീതിയിലും സഭയിൽ സമർപ്പിക്കേണ്ടതുമായ രണ്ടു രേഖകൾ ഒരുമിച്ച് പ്രിന്റ് ചെയ്തത് മൂലമാണ് രേഖകൾ സമർപ്പിക്കാൻ കാലതാമസമുണ്ടായത് എന്ന് നിരീക്ഷിച്ച ചെയർ, മേലിൽ കിഫ്ബിയുമായി ബന്ധപ്പെട്ട വാർഷിക റിപ്പോർട്ടും ഫിഡലിറ്റി സർട്ടിഫിക്കറ്റും പ്രത്യേകമായി തയ്യാറാക്കി കാലതാമസം കൂടാതെ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് റൂൾ ചെയ്തു.

2024 ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ, 2024 ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നീ മൂന്ന് സുപ്രധാന ബില്ലുകൾ ഈ സമ്മേളന കാലയളവിൽ സഭ ചർച്ച ചെയ്ത് പാസ്സാക്കി. ഈ ബില്ലുകൾക്ക് ജനറൽ അമെന്റ്മെന്റ്സ് ഉൾപ്പെടെ ആകെ 2410 ഭേദഗതി നോട്ടീസുകളാണ് ലഭ്യമായത്. അവയിൽ 1766 നോട്ടീസുകൾ അംഗങ്ങൾ ബില്ലിന്റെ വകുപ്പുകൾക്ക് നൽകിയ ഭേദഗതി നോട്ടീസുകളായിരുന്നു. ബില്ലുകളുടെ പരിഗണനാവേളയിൽ അംഗങ്ങൾ നോട്ടീസ് നൽകിയ ഇരുപതോളം ഭേദഗതികൾ സഭ അംഗീകരിച്ചു.

അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി 2024 ഫെബ്രുവരി 2 വെള്ളിയാഴ്ച നീക്കിവച്ചിരുന്നുവെങ്കിലും അന്നേദിവസം സഭയിൽ അവതരണാനുമതി ലഭിച്ച ബില്ലുകളെല്ലാം തുടർചർച്ചക്കായി മാറ്റിവയ്ക്കുകയാണുണ്ടായത്.

# കേരള നിയമസഭ സന്ദർശിച്ച് സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾ



പത്തനംതിട്ട ജില്ലയിലെ തടിയൂരിലെ എം.സി.ആർ.ഡി. സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾ 2024 മാർച്ച് 20 ന് കേരള നിയമസഭ സന്ദർശിച്ചു. നിയമസഭ കാണണമെന്ന കുട്ടികളുടെ ആഗ്രഹത്തെ തുടർന്നാണ് ഇത്തരമൊരു അവസരമൊരുക്കിയതെന്ന് കുട്ടികളെ സ്വാഗതം ചെയ്ത് സ്പീക്കർ പറഞ്ഞു. We speak to our Speaker എന്ന് നാമകരണം ചെയ്ത സന്ദർശന പരിപാടിയിൽ 135 കുട്ടികളും മുപ്പതോളം അധ്യാപക അനധ്യാപകരും പങ്കെടുത്തു. കുട്ടികളിൽ ഒരാൾ വരച്ച സ്പീക്കറുടെ ചിത്രത്തിനു ചുറ്റും മറ്റുള്ള കുട്ടികൾ വിരൽമുദ്ര പതിപ്പിച്ച് സ്പീക്കർക്ക് സമ്മാനിച്ചു. വൊക്കേഷണൽ സ്കൂളിലെ കുട്ടികളുടെ വകയായുള്ള സമ്മാനവും സ്പീക്കർക്ക് നൽകി. ഭിന്നശേഷിക്കാരായ കുട്ടികളെ പഠിപ്പിക്കുകയെന്നത് ക്ഷമാപൂർവ്വം ചെയ്യേണ്ടുന്ന ജോലിയാണെന്ന് പറഞ്ഞ സ്പീക്കർ, ആ ദൗത്യം ഏറ്റെടുത്ത അധ്യാപകരേയും സ്കൂൾ മാനേജ്മെന്റിനെയും അഭിനന്ദിച്ചു. ഇത്തരം കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടത് പൊതുസമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഏകദിന പഠനപരിപാടി



നിയമസഭാ സെക്രട്ടേറിയറ്റിലെ കുട്ടികളുടെ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ പാലോട് ജവഹർ കോളനി ഗവ. ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്കായി 2024 ജനുവരി 18ന് ഒരു ഏകദിന പഠന പരിപാടി സംഘടിപ്പിച്ചു. നിയമസഭാ ലൈബ്രറി ചീഫ് ലൈബ്രേറിയൻ ലൈല എ. എസ്. അധ്യക്ഷത

വഹിച്ച പരിപാടിയുടെ ഉദ്ഘാടനം, ലൈബ്രറി അഡ്വൈസറി കമ്മിറ്റി അംഗം ഡി. കെ. മുരളി എം.എൽ.എ. നിർവ്വഹിച്ചു. ലൈബ്രേറിയൻ ജി. ഓമനശീലൻ സ്വാഗതം ആശംസിച്ചു. നിയമസഭാ ലൈബ്രറിയുടെ ഉപഹാരമായി സ്കൂൾ ലൈബ്രറിയിലേക്ക് 'നമ്മുടെ നിയമസഭ' എന്ന പുസ്തകത്തിന്റെ അഞ്ച് കോപ്പികളും പ്രശസ്ത എഴുത്തുകാരനും നോബൽ സമ്മാന ജേതാവുമായ കൈലാഷ് സത്യാർത്ഥി രചിച്ച അഞ്ച് പുസ്തകങ്ങളും നൽകി. പരിപാടിയോടനുബന്ധിച്ച് കുട്ടികൾക്കായി കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി റിട്ട. പ്രൊഫസറും ഐ.എം.ജി. മുൻ ഫാക്കൽറ്റി അംഗവുമായ ഡോ. ആർ. പ്രകാശ് വ്യക്തിത്വവികസന ക്ലാസ് എടുത്തു. നിയമസഭയിലെ കുട്ടികളുടെ ലൈബ്രറി, നിയമസഭാ ലൈബ്രറി, നിയമസഭാ മ്യൂസിയം, നിയമസഭാ മന്ദിരം എന്നിവ സന്ദർശിക്കാനുള്ള അവസരവും പരിപാടിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് ഒരുക്കിയിരുന്നു.

# നിയമസഭാ സെക്രട്ടേറിയറ്റിൽ മെന്റൽ ഹെൽത്ത് ക്ലിനിക്



നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ മാനസികാരോഗ്യം നിലനിർത്തുന്നതിനും കാര്യക്ഷമമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി നിയമസഭാ സമുച്ചയത്തിൽ മെന്റൽ ഹെൽത്ത് ക്ലിനിക്ക് പ്രവർത്തനം ആരംഭിച്ചു. ക്ലിനിക്കിന്റെ ഉദ്ഘാടനം 2024 ഫെബ്രുവരി 14 ന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് -ഡി-123 ാം നമ്പർ മുറിയിൽ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീറിന്റെ സാന്നിധ്യത്തിൽ ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് നിർവ്വഹിച്ചു. നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി സെക്യാട്രിസ്റ്റിന്റെയും ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെയും സേവനം ക്ലിനിക്കിൽ ലഭ്യമാണ്.

# നിയമസഭാ മാധ്യമ അവാർഡ് വിതരണം



കേരള നിയമസഭ, അച്ചടി-ദൃശ്യ-ശ്രവ്യ-മാധ്യമങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള നിയമസഭാ മാധ്യമ അവാർഡിന്റെ 2023 വർഷത്തെ ജേതാക്കൾക്കുള്ള പുരസ്കാര വിതരണം 2024 മാർച്ച് 20 ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സ്പീക്കർ എ. എൻ. ഷംസീർ നിർവ്വഹിച്ചു. മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും ഉന്നമനവും പൊതുസമൂഹത്തിന്റെ ക്ഷേമവും ഉറപ്പുവരുത്തുന്നതിനും നിയമസഭയുടെ പ്രവർത്തനം പൊതുസമൂഹത്തെ അറിയിക്കുന്നതിനുമായി വിവിധ മേഖലകളിൽ ശ്രദ്ധേയമായ ഇടപെടൽ നടത്തുന്ന മാധ്യമ സൃഷ്ടികൾക്കാണ് മാധ്യമ അവാർഡ് നൽകുന്നത്. അച്ചടി മാധ്യമ വിഭാഗത്തിൽ ആർ. ശങ്കരനാരായണൻ തമ്പി നിയമസഭാ മാധ്യമ അവാർഡിന് മാതൃഭൂമി ഗൃഹലക്ഷ്മിയിലെ സൂരജ് സുകുമാരനും ഇ. കെ. നായനാർ നിയമസഭാ മാധ്യമ അവാർഡിന് മാതൃഭൂമി ദിനപത്രത്തിലെ രമ്യ കെ. എച്ചും. ജി. കാർത്തികേയൻ സ്മാരക നിയമസഭാ മാധ്യമ അവാർഡിന് മെട്രോ വാർത്തയിലെ എം. ബി. സന്തോഷും ദൃശ്യ മാധ്യമ വിഭാഗത്തിൽ സി. അച്യുതമേനോൻ നിയമസഭാ മാധ്യമ അവാർഡിന് ഏഷ്യാനെറ്റ് ന്യൂസിലെ അഖില നന്ദകുമാറും കെ. ആർ. ഗൗരിയമ്മ നിയമസഭാ മാധ്യമ അവാർഡിന് മാതൃഭൂമി ന്യൂസിലെ ഡോ. ജി. പ്രസാദ് കുമാറും അർഹരായി. അമ്പതിനായിരം രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്നതാണ് അവാർഡ്. ദൂരദർശൻ മുൻ അഡീഷണൽ ഡയറക്ടർ ജനറൽ കെ. കുഞ്ഞികൃഷ്ണൻ ചെയർമാനും ഡോ. പി. കെ. രാജശേഖരൻ, എൻ.ഇ. സുധീർ, ഡോ. പ്രിയ കെ. നായർ, മുൻ നിയമസഭാ സെക്രട്ടറി എ. എം. ബഷീർ എന്നിവർ അംഗങ്ങളുമായ ജൂറിയാണ് അവാർഡ് ജേതാക്കളെ തെരഞ്ഞെടുത്തത്.

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം (KLIBF) രണ്ടാം പതിപ്പ് മികച്ച രീതിയിൽ റിപ്പോർട്ട് ചെയ്ത മാധ്യമ സ്ഥാപനങ്ങൾക്കും മാധ്യമ പ്രവർത്തകർക്കുമുള്ള പുരസ്കാരങ്ങളും ചടങ്ങിൽ സ്പീക്കർ വിതരണം ചെയ്തു. അച്ചടി-മാധ്യമ വിഭാഗത്തിൽ മെട്രോവാർത്തയ്ക്കും വിഷ്വൽ മീഡിയ വിഭാഗത്തിൽ മീഡിയ വണിനും ഓഡിയോ മീഡിയ വിഭാഗത്തിൽ റെഡ് എഫ്. എം. നും ഓൺലൈൻ മീഡിയ വിഭാഗത്തിൽ ഇ.റ്റി.വി. ഭാരതിനും അവാർഡ് ലഭിച്ചു. വ്യക്തിഗത വിഭാഗത്തിൽ മികച്ച റിപ്പോർട്ടർ, ഫോട്ടോഗ്രാഫർ, ക്യാമറാമാൻ എന്നിവർക്കുള്ള അവാർഡുകൾ യഥാക്രമം കലാകൗമുദി ദിനപത്രം ബ്യൂറോ ചീഫ് ബി. വി. അരുൺ കുമാർ, ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ്സിലെ പ്രിൻസിപ്പൽ ന്യൂസ് ഫോട്ടോഗ്രാഫർ ദീപു ബി. പി, മാതൃഭൂമി ന്യൂസിലെ സീനിയർ ക്യാമറാമാൻ പ്രേം ശശി എസ്. എന്നിവർ നേടി. വിഷ്വൽ മീഡിയ വിഭാഗത്തിൽ കേരള വിഷൻ ന്യൂസ് 24 x 7 നും വ്യക്തിഗത വിഭാഗത്തിൽ മാതൃഭൂമി ന്യൂസ് റിപ്പോർട്ടർ എ. കെ. സ്റ്റെഫിനും പ്രത്യേക ജൂറി പുരസ്കാരം

ലഭിച്ചു. കേരള മീഡിയ അക്കാദമി ചെയർമാൻ ആർ. എസ്. ബാബു ചെയർമാനും മുൻ നിയമസഭാ സെക്രട്ടറി എ.എം. ബഷീർ കൺവീനറുമായ പാനലാണ് അവാർഡ് നിർണ്ണയിച്ചത്.

നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ഭരണഭാഷാ പ്രയോഗം പ്രോത്സാഹപ്പിക്കുന്നതിനായി ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതി ഏർപ്പെടുത്തിയ 2022ലെ ഭരണഭാഷാ സേവന/സാഹിത്യ പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. കേരള നിയമസഭയുടെ മീഡിയ & പാർലമെന്ററി സ്റ്റഡീസ് സെന്റർ (കെ-ലാംപ്സ് (പി.എസ്.)) വിഭാഗം നടത്തിവരുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീഡിയർ ഒമ്പതാമത് ബാച്ചിലെ ഒന്നും രണ്ടും മൂന്നും റാങ്ക് ജേതാക്കളായ പ്രകാശ് പി. കുറുപ്പ്, നന്ദകുമാർ എസ്. ആർ., സിദ്ദിഖ് സി. എന്നിവരെ ചടങ്ങിൽ അനുമോദിക്കുകയും വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

രജിസ്ട്രേഷൻ മ്യൂസിയം ആർക്കിയോളജി വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായിരുന്ന ചടങ്ങിൽ കെ. പി. മോഹനൻ എം.എൽ.എ., നിയമസഭാ സെക്രട്ടറി- ഇൻ-ചാർജ്ജ് ഷാജി സി. ബേബി, പാർലമെന്ററി സ്റ്റഡീസ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. എസ്. വിജയൻ എന്നിവർ സംസാരിച്ചു.

# സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുമ്പോൾ പ്രായോഗികത കൂടി കണക്കിലെടുക്കണം



കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ, സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു പരിശീലന പരിപാടി, 2024 ഫെബ്രുവരി 19 ന് പാർലമെന്ററി പഠനപരിശീലന ഹാളിൽ സംഘടിപ്പിച്ചു. ബജറ്റ് സ്ക്രൂട്ടിനി തുടങ്ങുന്ന സാഹചര്യത്തിൽ പരിശീലന പരിപാടിക്ക് ഏറെ പ്രസക്തിയുണ്ടെന്ന് കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. എസ്. വിജയൻ സ്വാഗത പ്രസംഗത്തിൽ പറഞ്ഞു.

സബ്ജക്ട് കമ്മിറ്റികളുടെ പ്രവർത്തനം, കമ്മിറ്റികളുടെ റിപ്പോർട്ട്, അവയിലെ ശിപാർശകൾ, ബജറ്റ് സ്ക്രൂട്ടിനി എന്നിവയെ സംബന്ധിച്ച് സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ ക്ലാസ്സ് നയിച്ചു. സബ്ജക്ട് കമ്മിറ്റികൾ റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ അവയുടെ പ്രായോഗികതയും കൂടി കണക്കിലെടുക്കണമെന്നും കമ്മിറ്റികളുടെ സന്ദർശനങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സബ്ജക്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്ന അസിസ്റ്റന്റ് മുതൽ ജോയിന്റ് സെക്രട്ടറി തലം വരെയുള്ള മുപ്പത്തിനാല് ഉദ്യോഗസ്ഥർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. കെ-ലാംപ്സ് ജോയിന്റ് ഡയറക്ടർ എസ്. എൽ. ബിന്ദു നന്ദി രേഖപ്പെടുത്തി.

# അക്കൗണ്ടന്റ് ജനറലിന്റെ സർക്കുലറുകളും ചട്ടങ്ങളും അനുസരിച്ചാവണം ആഭ്യന്തര പരിശോധന




കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ ആഭ്യന്തര പരിശോധനയുമായി ബന്ധപ്പെട്ട ഒരു പരിശീലന പരിപാടി 2024 ഫെബ്രുവരി 22ന് പാർലമെന്ററി പഠന പരിശീലന ഹാളിൽ സംഘടിപ്പിച്ചു. ഓഫീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അവശ്യഘടകമാണ് ആഭ്യന്തര പരിശോധനയെന്നും നിയമസഭാ സെക്രട്ടേറിയറ്റിലെ ആഭ്യന്തര പരിശോധനാ വിഭാഗം ആവശ്യപ്പെട്ട പ്രകാരമാണ് കാര്യക്ഷമവും ചട്ടപ്രകാരവുമായ രീതിയിൽ ഓഡിറ്റിംഗ് അവലംബിക്കുന്നതിനെ സംബന്ധിച്ച് ക്ലാസ് സംഘടിപ്പിച്ചതെന്നും സ്വാഗതം ആശംസിച്ച കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. എസ്. വിജയൻ പറഞ്ഞു. ആഭ്യന്തര പരിശോധനാ വിഭാഗത്തിന് പുറമേ അക്കൗണ്ട്സ് വിഭാഗങ്ങൾ, എം.എൽ.എ. ഹോസ്റ്റലിലെ അമിനിറ്റീസ് വിഭാഗങ്ങൾ, പർച്ചേസുമായി ബന്ധപ്പെട്ട മറ്റ് വിഭാഗങ്ങൾ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ പരിശീലനത്തിൽ പങ്കെടുത്തു.

ഓഡിറ്റിംഗുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലിന്റെ സർക്കുലറുകളും ചട്ടങ്ങളും അനുസരിച്ച് കാര്യക്ഷമമായി ഇന്റേണൽ ഓഡിറ്റിംഗ് നടത്തുന്നതിനെക്കുറിച്ചും ആഭ്യന്തര പരിശോധനയുമായി ബന്ധപ്പെട്ട് അനുവർത്തിക്കേണ്ട നടപടികളെക്കുറിച്ചും കണ്ടിൻജന്റ് ബിൽ, വൗച്ചർ മിസ്സിംഗ്, TR 5, TA ബിൽ എന്നിവ സമർപ്പിക്കേണ്ട കാലയളവ്, എസ്റ്റാബ്ലിഷ്മെന്റ് ബിൽ, സ്റ്റോക്ക് രജിസ്റ്റർ, പർച്ചേസ്, ലീവ് പരിശോധന തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഓഡിറ്റർ അജികുമാരൻ സി. ക്ലാസ്സ് നയിച്ചു. ഓഫീസുകളിൽ അവശ്യം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ആധുനിക സാങ്കേതികവിദ്യ അനുവർത്തിക്കുമ്പോൾ നടപടിക്രമങ്ങളിൽ വരുത്തേണ്ട പരിഷ്കാരങ്ങൾ, ഇ-ഗവേണൻസ്, ബാങ്കിംഗ് മേഖലകളിലെ നൂതന പ്രവണതകൾ എന്നിവയ്ക്കനുസൃതമായി ചട്ടങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ എന്നിവയെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. ഇന്റേണൽ ഓഡിറ്റ് ഗൗരവമായി കാണണമെന്നും മാറിവരുന്ന ഓഡിറ്റ് രീതികൾ കൂടി പരിശോധനയിൽ ഉൾപ്പെടുത്തണമെന്നും പരിപാടിയിൽ നന്ദി രേഖപ്പെടുത്തി സംസാരിച്ച കെ-ലാംപ്സ് ഡയറക്ടർ ജി. പി. ഉണ്ണികൃഷ്ണൻ അഭിപ്രായപ്പെട്ടു. അസിസ്റ്റന്റ് മുതൽ അണ്ടർ സെക്രട്ടറി തലം വരെയുള്ള നാൽപ്പത്തിനാല് ഉദ്യോഗസ്ഥർ പരിശീലന പരിപാടിയിൽ പങ്കെടുത്തു.




*2023 ലെ നിയമസഭാ മാധ്യമ അവാർഡ് ജേതാക്കൾക്കുള്ള പുരസ്കാര വിതരണ ചടങ്ങിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുന്ന സ്പീക്കർ എ. എൻ. ഷംസീർ*



*മദ്രാസ് പ്രസിഡൻസി ലെജിസ്ലേറ്റീവ് അസംബ്ലി 1937 ജൂലൈ 22 ന് മദ്രാസ് സർവ്വകലാശാലയിൽ പ്രഥമയോഗം ചേർന്നപ്പോൾ*

## വിജ്ഞാനപഥം



ജി. സുബ്രഹ്മണ്യ അയ്യർ



അരബിന്ദോ ഘോഷ്



എസ്. എ. ഡാങ്കേ



സുരേന്ദ്രനാഥ് ബാനർജി




ഫിറോസ്ഷാ മേത്ത

1. 'ദി ഹിന്ദു' പത്രം സ്ഥാപിച്ചതാര്?
   **ജി. സുബ്രഹ്മണ്യ അയ്യർ**
2. 'കർമ്മയോഗി' എന്ന ജേർണൽ ആരംഭിച്ച നേതാവ്?
   **അരബിന്ദോ ഘോഷ്**
3. ലാലാ ലജ്പത്റായിയുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണം?
   **വന്ദേ മാതരം**
4. 'സോഷ്യലിസ്റ്റ്' എന്ന കമ്മ്യൂണിസ്റ്റ് ജേർണൽ പ്രസിദ്ധീകരിച്ചത്?
   **എസ്. എ. ഡാങ്കേ**
5. 1853 ൽ 'ഹിന്ദു പാട്രിയറ്റ്' എന്ന പ്രസിദ്ധീകരണം ആരംഭിച്ചതാര്?
   **മധുസൂദൻ റേ**
6. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ബ്രിട്ടീഷ് കമ്മിറ്റി 1890ൽ ആരംഭിച്ച പ്രസിദ്ധീകരണം?
   **ഇന്ത്യ**
7. 'ദി ബംഗാളി' എന്ന പത്രത്തിന്റെ പത്രാധിപരായിരുന്നത്?
   **സുരേന്ദ്രനാഥ് ബാനർജി**
8. 'കോമ്രേഡ്' പത്രം ആരംഭിച്ചത്?
   **മുഹമ്മദ് അലി**
9. ആനി ബസന്റുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണം?
   **ന്യൂ ഇന്ത്യ**
10. 'ബോംബെ ക്രോണിക്കിൾ' എന്ന പത്രം ആരംഭിച്ചതാര്?
    **ഫിറോസ്ഷാ മേത്ത**

## വലയിൽ നിന്ന്

പള്ളിയിൽ
കുഞ്ഞിരാമൻ കിടാവ്.
മദിരാശി അസംബ്ലി
സ്ഥാനാർത്ഥി.

നിട്ടൂർ
പി. ദാമോദരൻ
പാർലിമെൻറ്
സ്ഥാനാർത്ഥി.



സോദരരെ!

1952 ജനവരി 16-ാംനു ബുധനാഴ്ച നടക്കുവാൻപോകുന്ന തിരഞ്ഞെടുപ്പിൽ പ്രജാപാർട്ടി സ്ഥാനാർത്ഥികളായ ഞങ്ങൾക്കു മുകളിൽ കാണിച്ച കുടിലിന്റെ അടയാളമുള്ള പെട്ടിയിൽ........ ...പോളിങ്ങ് സ്റ്റേഷനിൽ വന്നു വോട്ടു ചെയ്യും മററു വേണ്ടപ്പെട്ട എല്ലാ സഹായസഹകരണങ്ങളും ചെയ്തും വിജയിപ്പിച്ചുതരുവാനപേക്ഷ.

എന്ന്, നിങ്ങളുടെ,

നടുവണ്ണൂര്,
20—12—51.

പള്ളിയിൽ കുഞ്ഞിരാമൻ കിടാവ്.
നിട്ടൂർ പി. ദാമോദരൻ.

ഈ എഴുത്ത് തിരഞ്ഞെടുപ്പുദിവസം കൊണ്ടുവരുന്നതു ഉപകാരമാണ്.

മാതൃഭൂമി അച്ചുക്കൂടം, കോഴിക്കോട്

1952 ജനുവരിയിൽ നടന്ന ആദ്യ പാർലമെന്റ് തിരഞ്ഞെടുപ്പിലും മദിരാശി നിയമനിർമ്മാണ സഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിലും മത്സരരംഗത്തുണ്ടായിരുന്ന സ്ഥാനാർഥികളുടെ തിരഞ്ഞെടുപ്പ് പ്രചാരണ നോട്ടീസ്

## സ്വകാര്യ അംഗത്തിന്റെ പ്രമേയത്തിന്മേൽ ബാലറ്റ് വോട്ടിംഗ്



സ്വകാര്യ അംഗം അവതരിപ്പിച്ച പ്രമേയത്തിന്മേലുള്ള വിധിനിർണ്ണയത്തിന് ബാലറ്റ് വോട്ടെടുപ്പ് നടത്തി അസം നിയമസഭ. ഇത്തരത്തിൽ സ്വകാര്യ അംഗം അവതരിപ്പിച്ച പ്രമേയത്തിന്മേൽ ബാലറ്റ് വോട്ടെടുപ്പ് നടത്തുന്നത് അസമിൽ ഇതാദ്യമാണ്. ജലസേചന വകുപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ സ്വതന്ത്ര എം.എൽ.എ. അഖിൽ ഗോഗോയി അവതരിപ്പിച്ച പ്രമേയം ആദ്യം ശബ്ദവോട്ടോടെ തള്ളിയിരുന്നെങ്കിലും ബാലറ്റ് വോട്ടെടുപ്പ് നടത്തണമെന്ന പ്രതിപക്ഷ ആവശ്യം മാനിച്ചായിരുന്നു ബാലറ്റ് വോട്ടിംഗ് നടത്തിയത്.

## കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ പ്രമേയം പാസ്സാക്കി തമിഴ്നാട് സർക്കാർ

ഒരു രാഷ്ട്രം ഒരു തിരഞ്ഞെടുപ്പ് നയം നടപ്പാക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം ഏകകണ്ഠമായി പാസ്സാക്കി തമിഴ്നാട് നിയമസഭ. 2026 ന് ശേഷം സെൻസസ് അടിസ്ഥാനമാക്കി മണ്ഡലങ്ങളുടെ പുനർനിർണ്ണയം നടത്തരുതെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുന്ന മറ്റൊരു പ്രമേയവും ഇത്തരത്തിൽ സഭ പാസ്സാക്കി. മുഖ്യമന്ത്രി എം. കെ. സ്റ്റാലിനാണ് രണ്ട് പ്രമേയങ്ങളും അവതരിപ്പിച്ചത്. ഒരു രാഷ്ട്രം ഒരു തിരഞ്ഞെടുപ്പ് നയം ജനാധിപത്യത്തിന്റെ അടിസ്ഥാന തത്വത്തിന് എതിരാണെന്നും ഇന്ത്യയെപ്പോലെ വിശാലവും വൈവിധ്യപൂർണ്ണവുമായ രാജ്യത്ത് ജനങ്ങളെ കേന്ദ്രീകരിച്ചുള്ള വിഷയങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സമയങ്ങളിൽ വിവിധ ജനപ്രതിനിധി സഭകളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുന്നുണ്ടെന്നും ഒരു രാഷ്ട്രം ഒരു തിരഞ്ഞെടുപ്പ് നയം ജനാധിപത്യ വികേന്ദ്രീകരണ ആശയത്തിന് എതിരാണെന്നും പ്രമേയത്തിൽ പറയുന്നു.

## ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കി ഉത്തരാഖണ്ഡ്

ഏകീകൃത സിവിൽ കോഡ് ബില്ലിന് രാഷ്ട്രപതി അംഗീകാരം നൽകിയതോടെ ഏകീകൃത സിവിൽ കോഡ് നിലവിൽ വരുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി ഉത്തരാഖണ്ഡ്. നിയമസഭ പാസ്സാക്കിയ ബില്ലിൽ രാഷ്ട്രപതി ദ്രൗപതി മുർമു ഒപ്പുവച്ചതോടെ ബിൽ നിയമമായി. നിയമം പ്രാബല്യത്തിൽ വന്നതോടെ ലിവ് ഇൻ ബന്ധങ്ങളും, വിവാഹ ബന്ധങ്ങളും ഔദ്യോഗികമായി രജിസ്റ്റർ ചെയ്യേണ്ടി വരും. ബഹു ഭാര്യത്വം നിരോധിക്കുന്ന വ്യവസ്ഥകൾ, കുറഞ്ഞ വിവാഹ പ്രായം പുരുഷന്മാർക്ക് 21 വയസ്സും സ്ത്രീകൾക്ക് 18 വയസ്സും, സ്ത്രീയുടെ പുനർവിവാഹത്തിന് വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിന് വിലക്ക്, പാരമ്പര്യ സ്വത്തുക്കളുടെയും ഭൂമിയുടെയും കൈമാറ്റം എന്നിവയ്ക്ക് സംസ്ഥാനത്തിലെ എല്ലാ മത വിഭാഗങ്ങളിലും ഉൾപ്പെട്ടവർക്ക് ഒരേ നിയമം തുടങ്ങിയ വ്യവസ്ഥകളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വോട്ട് തുല്യമായാൽ നറുക്കെടുപ്പ്

ജനപ്രാതിനിധ്യ നിയമത്തിലെ 102 ാം വകുപ്പ് പ്രകാരം രാജ്യത്ത് ആദ്യമായി രാജ്യസഭാ തിരഞ്ഞെടുപ്പിൽ നറുക്കെടുപ്പിലൂടെ വിജയിയെ പ്രഖ്യാപിച്ചു. ഹിമാചൽപ്രദേശിലാണ് ഇത്തരത്തിൽ വിജയിയെ നിശ്ചയിക്കേണ്ടി വന്നത്. ബി.ജെ.പി.യിലെ ഹർഷ മഹാജനാണ് കോൺഗ്രസിലെ മനു അഭിഷേക് സിംഗ്വിയെ നറുക്കെടുപ്പിലൂടെ തോൽപ്പിച്ചത്. വിവിധ തദ്ദേശ തിരഞ്ഞെടുപ്പുകളിൽ മുൻപും നറുക്കെടുപ്പിലൂടെ വിജയിയെ നിശ്ചയിച്ചിട്ടുണ്ട്. തുല്യവോട്ട് വരുന്ന സാഹചര്യങ്ങളിൽ ജനപ്രാതിനിധ്യ നിയമത്തിലെ 102 ാം വകുപ്പ് പ്രകാരം നറുക്കെടുപ്പ് നടത്തി വിജയിയെ നിശ്ചയിക്കുന്ന രീതി 2014 ൽ സുപ്രീം കോടതി ശരിവച്ചിരുന്നു.

## ലോക്സഭാ തിരഞ്ഞെടുപ്പ്: തീയതി പ്രഖ്യാപിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ

ലോക്സഭയിലേക്കും നാല് സംസ്ഥാന നിയമസഭകളിലേക്കുമുള്ള തിരഞ്ഞെടുപ്പിന്റെ സമയക്രമം പ്രഖ്യാപിച്ചു. ഏപ്രിൽ 19ന് തുടങ്ങി ജൂൺ 1 ന് അവസാനിക്കുന്ന രീതിയിൽ ഏഴു ഘട്ടങ്ങളിലായാണ് ലോക്സഭയിലെ 543 സീറ്റിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കുക. ഏപ്രിൽ 26 ന് രണ്ടാം ഘട്ടത്തിലാണ് കേരളത്തിലെ വോട്ടെടുപ്പ്. കേരളത്തിൽ ഒറ്റഘട്ടമായാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. ജൂൺ 4 നാണ് വോട്ടെണ്ണൽ. രാജ്യത്താകെ 96.88 കോടി വോട്ടർമാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 47.1 കോടി വോട്ടർമാർ സ്ത്രീകളും 1.82 കോടി കന്നി വോട്ടർമാരുമാണ്. പത്തര ലക്ഷം പോളിംഗ് ബൂത്തുകൾ സജ്ജമാക്കുമെന്നും 85 വയസ് പിന്നിട്ടവർക്ക് വീടുകളിൽ വോട്ട് രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ അറിയിച്ചു. പുതിയ കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, ഡോ. സുഖ്വിന്ദർ സിങ് സന്ധു എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.



# ഇലക്ടറൽ ബോണ്ട്
# ഭരണഘടനാ വിരുദ്ധം: സുപ്രീം കോടതി

ഇലക്ടറൽ ബോണ്ട് പദ്ധതി ഭരണ ഘടനാ വിരുദ്ധമാണെന്ന് സുപ്രീം കോടതി. രാഷ്ട്രീയപാർട്ടികളുടെ ധനസമാഹരണത്തിനായി 2018 ൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയ ഇലക്ടറൽ ബോണ്ട് പദ്ധതി സുപ്രീംകോടതി റദ്ദാക്കുകയും പദ്ധതി വിവരാവകാശ നിയമത്തിന്റെയും അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിന്റെയും ലംഘനമാണെന്ന് നിരീക്ഷിക്കുകയും ചെയ്തു. ഇലക്ടറൽ ബോണ്ട് പദ്ധതിക്കായി ജനപ്രാതിനിധ്യ നിയമത്തിലും കമ്പനി നിയമത്തിലും ആദായ നികുതി നിയമത്തിലും വരുത്തിയ ഭേദഗതികളും കോടതി റദ്ദാക്കി. ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗ ഭരണ ഘടനാ ബെഞ്ചാണ് വിധി പുറപ്പെടുവിച്ചത്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അംഗീകൃത ശാഖകളിൽ നിന്ന് ഇന്ത്യയിലെ കമ്പനികൾക്കും വ്യക്തികൾക്കും വാങ്ങാൻ കഴിയുന്ന പലിശരഹിത ബെയറർ ബോണ്ടുകളോ പണ ഉപകരണങ്ങളോ ആണ് ഇലക്ടറൽ ബോണ്ടുകൾ. ഇവ ആയിരം, പതിനായിരം, ഒരു ലക്ഷം, പത്തുലക്ഷം, ഒരു കോടി എന്നിങ്ങനെയുള്ള തുകകളുടെ ഗുണിതങ്ങളായാണ് വിൽക്കുന്നത്. ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ മാസങ്ങളിൽ പത്ത് ദിവസത്തേയ്ക്ക് മാത്രം ലഭ്യമാകുന്ന ഇത്തരം ബോണ്ടുകൾ ലോക്സഭാ തിരഞ്ഞെടുപ്പ് വർഷങ്ങളിൽ മുപ്പത് ദിവസത്തേക്ക് ലഭ്യമാകും. കഴിഞ്ഞ ലോക്സഭ അല്ലെങ്കിൽ സംസ്ഥാന നിയമസഭ തിരഞ്ഞെടുപ്പിൽ പോൾചെയ്ത വോട്ടിന്റെ 1% എങ്കിലും നേടിയിട്ടുള്ള ജനപ്രാതിനിധ്യ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള രാഷ്ട്രീയ പാർട്ടികൾക്ക് സംഭാവന നൽകാനാണ് ബോണ്ടുകൾ ഉപയോഗിക്കുന്നത്. ഏതൊരു ഇന്ത്യൻ പൗരനും സ്ഥാപനത്തിനും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും ചെക്ക്, ഡിജിറ്റൽ പേയ്മെന്റ് എന്നിവ മുഖേന കെ.വൈ.സി. (KYC) മാനദണ്ഡങ്ങൾ പാലിച്ച് ബോണ്ടുകൾ വാങ്ങാവുന്നതും രാഷ്ട്രീയ പാർട്ടികൾക്ക് സംഭാവനയായി നൽകാവുന്നതുമാണ്. രാഷ്ട്രീയപാർട്ടികൾക്ക് അവ നിശ്ചിത സമയത്തിനുള്ളിൽ പണമാക്കി മാറ്റാവുന്നതാണ്. രാഷ്ട്രീയ കക്ഷികൾ തങ്ങൾക്ക് ലഭിക്കുന്ന സംഭാവനയെക്കുറിച്ചുള്ള വിവരങ്ങൾ രഹസ്യമാക്കി വയ്ക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നും സംഭാവനയെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയാൻ പൊതുജനങ്ങൾക്ക് അവകാശമുണ്ടെന്നും ബോണ്ടുകളുടെ സുതാര്യതയും നിയമസാധുതയും പരിശോധിച്ച കോടതി നിരീക്ഷിച്ചു.

ഇലക്ടറൽ ബോണ്ട് പുറപ്പെടുവിക്കുന്നത് എസ്.ബി.ഐ. നിർത്തിവയ്ക്കണമെന്നും ഇതുവരെ നൽകിയ ബോണ്ടുകളുടെ വിശദാംശങ്ങൾ, സംഭാവന സ്വീകരിച്ച രാഷ്ട്രീയപാർട്ടികളുടെ വിവരങ്ങൾ എന്നിവ തിരഞ്ഞെടുപ്പ് കമ്മീഷന് നൽകണമെന്നും സുപ്രീംകോടതി എസ്.ബി.ഐ. യ്ക്ക് നിർദ്ദേശം നൽകിയിരുന്നു. എസ്.ബി.ഐ. നൽകുന്ന വിവരങ്ങൾ തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും കോടതി നിർദ്ദേശിച്ചിരുന്നു. കോടതി നിർദ്ദേശപ്രകാരമുള്ള വിവരങ്ങൾ എസ്.ബി.ഐ. 2024 മാർച്ച് 21 ന് തിരഞ്ഞെടുപ്പ് കമ്മീഷന് കൈമാറുകയും കമ്മീഷൻ വിവരങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ഹരിയാന നിയമസഭ അഷ്വറൻസ് കമ്മിറ്റിയുടെ സന്ദർശനം





ഹരിയാന നിയമസഭയുടെ അഷ്വറൻസ് കമ്മിറ്റി 2024 ജനുവരി 29ന് കേരള നിയമസഭ സന്ദർശിച്ചു. സമിതി ചെയർമാൻ ഭരത് ഭൂഷൺ ബത്ര എം.എൽ.എ., സമിതി അംഗങ്ങളായ അഫ്താബ് അഹമ്മദ്, ബൽബിർ സിങ്, ഇന്ദു രാജ് എന്നീ സാമാജികരും സന്ദർശക സംഘത്തിലുണ്ടായിരുന്നു. സന്ദർശക സംഘം കേരള നിയമസഭാ സ്പീക്കർ എ. എൻ. ഷംസീറുമായി കൂടിക്കാഴ്ച നടത്തി. മുഖ്യമന്ത്രി, പാർലമെന്ററികാര്യ വകുപ്പുമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവരെ സന്ദർശിച്ച സംഘം നിയമസഭാ നടപടികൾ നേരിട്ട് വീക്ഷിക്കുകയും ചെയ്തു.

## കേരള നിയമസഭ സന്ദർശിച്ച് ആന്ധ്രാപ്രദേശ് നിയമസഭയിലെ സുരക്ഷാ ഉദ്യോഗസ്ഥർ



ആന്ധ്രാപ്രദേശ് നിയമസഭയിലെ സുരക്ഷാ വിഭാഗം ജീവനക്കാർ 2024 മാർച്ച് 18 ന് കേരള നിയമസഭ സന്ദർശിച്ചു. ചീഫ് മാർഷൽ യെദു കോണ്ടല റെഡ്ഡിയുടെ നേതൃത്വത്തിലുള്ള പതിനൊന്നംഗ സംഘം കേരള നിയമസഭയിലെ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് പഠിക്കുന്നതിനായാണ് സന്ദർശനം നടത്തിയത്. കേരള നിയമസഭ അഡീഷണൽ ചീഫ് മാർഷൽ മൊയ്തീൻ ഹുസൈൻ കേരള നിയമസഭയിലെ സുരക്ഷാ സംവിധാനങ്ങളെ പരിചയപ്പെടുത്തി. സംഘം കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ, സെക്രട്ടറി-ഇൻ-ചാർജ്ജ് ഷാജി സി. ബേബി എന്നിവരെയും സന്ദർശിച്ചു.



# സർക്കാർ ഗുമസ്തനിൽ നിന്നും സഭാധ്യക്ഷനിലേക്ക്

സംശുദ്ധവും കാലുഷ്യം കലരാത്തതുമായ സമീപനം കൊണ്ട് അഞ്ച് വർഷക്കാലം നിയമസഭാ സ്പീക്കറായി പ്രവർത്തിച്ച വ്യക്തിയായിരുന്നു കെ.മൊയ്തീൻ കുട്ടി ഹാജി. 1918 ജൂലായ് 1 ന് കെ. അലിക്കുട്ടി ഹാജിയുടെയും കുഞ്ഞീമയുടെയും പുത്രനായി തിരൂരിലാണ് അദ്ദേഹം ജനിച്ചത്. ഒന്നു മുതൽ നാലു വരെ നിയമസഭകളിലും എട്ടാം കേരള നിയമസഭയിലും അംഗമായിരുന്ന അദ്ദേഹം, നാലാം കേരള നിയമസഭയുടെ സ്പീക്കറുമായിരുന്നു. കാൽ നൂറ്റാണ്ടോളം കേരള നിയമസഭാ സാമാജികനായിരുന്ന അദ്ദേഹം, 'ബാവ ഹാജി' എന്ന പേരിലാണ് പൊതുരംഗത്ത് അറിയപ്പെട്ടത്.

അന്നാരയിലെ എട്ടരിക്കടവ് എൽ.പി. സ്കൂളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം നേടിയ അദ്ദേഹം തിരൂർ ഗവൺമെന്റ് ഹൈസ്കൂളിൽ നിന്ന് ഇന്റർമീഡിയറ്റ് പാസ്സായി. തിരുനെൽവേലിയിൽ പാളംകോട്ട് സെന്റ് സേവിയേഴ്സ് കോളേജിൽ ചേർന്നെങ്കിലും ഡിഗ്രി പഠനം പൂർത്തിയാക്കിയില്ല. തുടർന്ന് ടി.ടി.സി. പാസായ അദ്ദേഹം മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലുള്ള കണ്ണമംഗലം എൽ.പി. സ്കൂളിൽ അധ്യാപകനായും വെട്ടം എ.യു.പി. സ്കൂൾ പ്രധാനാധ്യാപകനായും സേവനമനുഷ്ഠിച്ചു. പിന്നീട് ജോലി രാജിവയ്ക്കുകയായിരുന്നു. 1941 ൽ റവന്യൂ വകുപ്പിൽ ക്ലർക്കായി സർക്കാർ സർവ്വീസിൽ പ്രവേശിച്ച ബാവ ഹാജി 1943 ൽ തിരൂർ താലൂക്ക് ഓഫീസ് ക്ലർക്ക്, 1947 ൽ പാലക്കാട് താലൂക്ക് ഓഫീസ് ഹെഡ്ക്ലർക്ക് തുടങ്ങിയ പദവികളിലെത്തിയെങ്കിലും രാഷ്ട്രീയത്തിലും വ്യാപാരത്തിലും ശ്രദ്ധിക്കുന്നതിനായി 1947 ൽ ജോലി രാജി വച്ചു.

കെ. കേളപ്പനോടൊപ്പം അഖില ഭാരത സേവാസമിതിയിലും ഇന്ത്യൻ നാഷണൽ കോൺഗ്രസിലും അദ്ദേഹം പ്രവർത്തിച്ചു. 1947 മുതൽ 1950 വരെ കോൺഗ്രസിൽ സജീവമായി പ്രവർത്തിച്ച അദ്ദേഹം 1951 ൽ മുസ്ലീം ലീഗിൽ ചേർന്നു.

1957 ൽ ഒന്നാം കേരള നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ

*ഗവർണ്ണറുടെ നയപ്രഖ്യാപനത്തെ തുടർന്നുള്ള നന്ദി പ്രമേയത്തിന്മേൽ ഇംഗ്ലീഷിൽ മാത്രം ഭേദഗതി അവതരിപ്പിച്ചിരുന്ന കീഴ്‌വഴക്കമാണ് സ്പീക്കറുടെ റൂളിംഗിലൂടെ ഇല്ലാതായത്. നന്ദിപ്രമേയത്തിന് മലയാളത്തിൽ അവതരിപ്പിക്കുന്ന ഭേദഗതിയും അനുവദനീയമാണെന്ന് അദ്ദേഹം റൂളിംഗ് നൽകി.*

തിരൂർ മണ്ഡലത്തിൽ നിന്നും വിജയിച്ച അദ്ദേഹം 1960, 1967, 1970, 1987 എന്നീ വർഷങ്ങളിലും തിരൂരിൽ നിന്ന് വീണ്ടും നിയമസഭയിലെത്തി. 1970 ഒക്ടോബർ 22 ന് ഡി.ദാമോദരൻ പോറ്റിയുടെ പിൻഗാമിയായി മൊയ്തീൻ കുട്ടി ഹാജി നാലാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടു. 1975 മേയ് 8 വരെ സ്പീക്കർ പദവി വഹിച്ച അദ്ദേഹം രാഷ്ട്രീയ കാരണങ്ങളാൽ സ്ഥാനം രാജി വയ്ക്കുകയാണുണ്ടായത്. 1976-77 കാലയളവിൽ നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെയും 1975 ൽ നിയമസഭ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെയും ചെയർമാനായിരുന്നു അദ്ദേഹം.

മുസ്ലീം ലീഗ് ഉന്നതാധികാര സമിതി അംഗം, സംസ്ഥാന കമ്മിറ്റി വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി, മുസ്ലീം ലീഗ് നിയമസഭാ കക്ഷി ഉപനേതാവും വിപ്പും, മുസ്ലീം ലീഗ് കോഴിക്കോട് ജില്ലാ സെക്രട്ടറി, തിരൂർ താലൂക്ക് പ്രസിഡന്റ് എന്നീ നിലകളിൽ ബാവ ഹാജി പ്രവർത്തിച്ചിട്ടുണ്ട്. 1975 ൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പിളർന്ന് അഖിലേന്ത്യാ ലീഗ് രൂപംകൊണ്ടപ്പോൾ അതിന്റെ സംസ്ഥാന വൈസ് പ്രസിഡന്റായ ബാവ ഹാജി തുടർന്ന് അതിന്റെ പ്രസിഡന്റുമായി. 1984 ൽ എം. കെ. ഹാജിയുടെ മരണത്തെത്തുടർന്ന് പാർട്ടിയുടെ സംസ്ഥാന ആക്ടിംഗ് പ്രസിഡന്റായി. 1977 ൽ ഇടതുപക്ഷ പിന്തുണയോടെ അഖിലേന്ത്യാ ലീഗ് സ്ഥാനാർത്ഥിയായി തിരൂരിൽ നിന്ന് നിയമസഭയിലേക്കും 1980ൽ മഞ്ചേരിയിൽ നിന്നും 1984ൽ കോഴിക്കോട് നിന്നും ലോക്സഭയിലേക്കും മത്സരിച്ചെങ്കിലും വിജയിക്കാനായില്ല. പിന്നീട് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിൽ തിരിച്ചെത്തി. 1987ൽ നടന്ന തിരഞ്ഞെടുപ്പിൽ തിരൂരിൽ നിന്ന് വിജയിച്ച് നിയമസഭയിലെത്തി.

1954 മുതൽ 1958 വരെ മൊയ്തീൻ കുട്ടി ഹാജി, തിരൂരിന്റെ പ്രതിനിധിയെന്ന നിലയിൽ മലബാർ ഡിസ്ട്രിക്ട് ബോർഡിൽ അംഗമായിരുന്നു. പട്ടിക്കാട് ജാമിയ നൂറിയ അറബിക് കോളേജിന്റെയും പോക്കർ സാഹിബ് മെമ്മോറിയൽ കോളേജിന്റെയും തിരൂരങ്ങാടി ഓർഫനേജിന്റെയും ഭരണസമിതി അംഗമായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 1951 മുതൽ 1970 വരെ തിരൂർ, തൃക്കണ്ടിയൂർ പി.സി.സി. സൊസൈറ്റിയുടെ പ്രഡിഡന്റ് സ്ഥാനം അലങ്കരിച്ചിട്ടുള്ള മൊയ്തീൻകുട്ടി ഹാജി വിവിധ സാമൂഹിക, സാംസ്കാരിക സംഘടനകൾക്കും നേതൃത്വം നൽകിയിട്ടുണ്ട്. 1968-71 കാലയളവിൽ തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാനായിരുന്നു അദ്ദേഹം. കെ.എഫ്.സി., കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരൂർ എസ്.എസ്.എം. പോളിടെക്നിക്ക് എന്നിവയുടെ ചെയർമാൻ എന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചു.

ഇംഗ്ലീഷ്, തമിഴ്, അറബിക്, ഉറുദു എന്നീ ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്ന ബാവ ഹാജി യു.എ.ഇ., സൗദി അറേബ്യ, ലബനൻ, റോം, ബ്രിട്ടൻ, പശ്ചിമ ജർമ്മനി, സിലോൺ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഒരു ഫുട്ബോൾ കളിക്കാരൻ കൂടിയായിരുന്നു അദ്ദേഹം. മുസ്ലീം പേഴ്സണൽ ലോ ബോർഡ് അംഗമായിരുന്ന അദ്ദേഹം കേന്ദ്ര വഖഫ് ബോർഡ് അംഗമായിരിക്കെയാണ് അന്തരിച്ചത്. കേന്ദ്ര വഖഫ് ബോർഡിൽ അംഗമാകുന്ന ആദ്യ കേരളീയനാണ് മൊയ്തീൻകുട്ടി ഹാജി.

സഭാധ്യക്ഷനായിരിക്കെ 1972 ഒക്ടോബർ 27 ന് മൊയ്തീൻകുട്ടി ഹാജി നൽകിയ റൂളിംഗ് ശ്രദ്ധേയമാണ്. ഗവർണ്ണറുടെ നയപ്രഖ്യാപനത്തെ തുടർന്നുള്ള നന്ദി പ്രമേയത്തിന്മേൽ ഇംഗ്ലീഷിൽ മാത്രം ഭേദഗതി അവതരിപ്പിച്ചിരുന്ന കീഴ്‌വഴക്കമാണ് സ്പീക്കറുടെ റൂളിംഗിലൂടെ ഇല്ലാതായത്. നന്ദിപ്രമേയത്തിന് മലയാളത്തിൽ അവതരിപ്പിക്കുന്ന ഭേദഗതിയും അനുവദനീയമാണെന്ന് അദ്ദേഹം റൂളിംഗ് നൽകി.

സി. അച്യുതമേനോൻ മുഖ്യമന്ത്രിയും ഇ.എം.എസ്. പ്രതിപക്ഷ നേതാവുമായിരുന്ന കാലഘട്ടത്തിലാണ് മൊയ്തീൻകുട്ടി ഹാജി സഭാധ്യക്ഷന്റെ പദവി അലങ്കരിച്ചത്. നിയമസഭയിൽ നേരിയ ഭൂരിപക്ഷം മാത്രമുണ്ടായിരുന്ന ഒരു കൂട്ടുകക്ഷി മന്ത്രിസഭ അതിശക്തമായ പ്രതിപക്ഷത്തെ നേരിട്ടിരുന്ന വിഷമം നിറഞ്ഞ കാലഘട്ടത്തിൽ തന്നിൽ അർപ്പിച്ചിരുന്ന കർത്തവ്യങ്ങൾ നിഷ്പക്ഷമായും നീതിപൂർവ്വമായും നിർവ്വഹിച്ച നിയമസഭാധ്യക്ഷനായിരുന്നു മൊയ്തീൻ കുട്ടി ഹാജി. സംശുദ്ധമായ പൊതുജീവിതത്തിനുടമയായിരുന്നു അദ്ദേഹം. തന്റെ ശക്തമായ നിലപാടുകൾക്കിടയിലും വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിലും പ്രതിപക്ഷ ബഹുമാനം പുലർത്തുന്നതിലും ബാവ ഹാജി വിജയിച്ചു. നിസ്വാർത്ഥവും കളങ്കരഹിതവുമായ രാഷ്ട്രീയ സാമുദായിക പ്രവർത്തനങ്ങളിലൂടെ എല്ലാവരുടെയും ആദരവ് അദ്ദേഹം നേടി. സ്വസമുദായത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുമ്പോഴും പൊതുപ്രശ്നങ്ങളിൽ മതേതര സമീപനം സ്വീകരിക്കാനും സമൂഹത്തിന്റെ പൊതുവായ താൽപര്യങ്ങൾ ഉയർത്തിപ്പിടിക്കാനും മൊയ്തീൻകുട്ടി ഹാജി ശ്രമിച്ചിരുന്നു.

അയിഷാ ഹജ്ജുമ്മയായിരുന്നു മൊയ്തിൻകുട്ടി ഹാജിയുടെ ഭാര്യ. അവർക്ക് ആറ് പുത്രന്മാരും ആറ് പുത്രിമാരുമുണ്ട്. വഖഫ് ബോർഡ് യോഗത്തിൽ പങ്കെടുക്കുന്നതിനും ചില ദർഗകൾ സന്ദർശിക്കുന്നതിനുമായി ഡൽഹിയിലെത്തിയ ബാവാ ഹാജി അവിടെ വച്ച് 1997 സെപ്റ്റംബർ 12 ന് അന്തരിച്ചു. 1997 ഡിസംബർ 8 ന് നിയമസഭ അദ്ദേഹത്തിന് അന്ത്യോപചാരം അർപ്പിച്ചു.

# മികച്ച ഭരണത്തിന് ഭരണ - പ്രതിപക്ഷ ഐക്യം അനിവാര്യം

*1953 സെപ്റ്റംബർ 23 ന് തിരു-കൊച്ചി നിയമനിർമ്മാണ സഭയിൽ അവതരിപ്പിച്ച വിശ്വാസ പ്രമേയത്തിന്മേലുള്ള ചർച്ചയിൽ പങ്കെടുത്ത് പനമ്പിള്ളി ഗോവിന്ദ മേനോൻ നടത്തിയ പ്രസംഗത്തിൽ നിന്ന്*

"സർ, ഈ വാദപ്രതിവാദങ്ങളിൽ പല സന്ദർഭങ്ങളിലും നിർഭാഗ്യവാനായ എന്നെപ്പറ്റി പ്രസ്താവനകൾ ഉണ്ടായിരുന്നില്ലെങ്കിൽ ഞാനീ വാദപ്രതിവാദത്തിൽ പങ്കുകൊള്ളുവാൻ എഴുന്നേൽക്കുകയില്ലായിരുന്നു. പക്ഷെ എന്നോടുള്ള സ്നേഹം കൊണ്ടോ അല്ലെങ്കിൽ പ്രത്യേകത കൊണ്ടോ അങ്ങനെ പല സ്നേഹിതന്മാരും എന്റെ പേര് എടുത്തു അമ്മാനമാടുകയുണ്ടായി. അതുകൊണ്ട് ആത്മരക്ഷയ്ക്കു വേണ്ടി ഈ സന്ദർഭത്തിൽ ഇതിൽ പ്രവേശിക്കേണ്ടിവന്നിരിക്കുന്നു.

സർ, ഈ രാജ്യത്ത് 1950ൽ ഭരണഘടന വന്നതിന് ശേഷം വളരെ അപൂർവ്വമായ സംഭവമാണ് നമ്മുടെ രാജ്യത്തും ഈ നിയമസഭയിലും സംജാതമായിരിക്കുന്നത്. ഇന്ന് ഭരണം നടത്തുന്ന പാർട്ടിയിൽ 47 അംഗങ്ങളാണുള്ളത്. ഈ 47 അംഗങ്ങൾ മാത്രമുള്ള പാർട്ടിയുടെ നേതാവായിട്ട് ഭരണം തുടരുന്നത് ശരിയാണോ, അതായത് ഈ പാർട്ടിയുടെ പിൻബലം ഉണ്ടെന്നുള്ള പ്രിസംപ്ഷനോടു കൂടി ഭരണം തുടരുന്നത് ശരിയാണോ, അദ്ദേഹത്തിന് ഈ നിയമസഭയുടെ പിൻബലമുണ്ടോ എന്ന് സാധാരണഗതിയിൽ അറിയേണ്ടിരിക്കുന്നു. അങ്ങനെ അറിയേണ്ട ഒരു അസാധാരണമായ സന്ദർഭമാണ് ഇന്നു വന്നു ചേർന്നിട്ടുള്ളത്. എന്താണീ അസാധാരണമായ സന്ദർഭം എന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതായത് വളരെയേറെ പ്രധാനപ്പെട്ട കാര്യങ്ങൾ ഗവൺമെന്റിന്റെ പര്യാലോചനയിലിരിക്കുന്നതിനെപ്പറ്റി അദ്ദേഹം ഇവിടെ പറഞ്ഞു. അവ പൂർത്തിയായിട്ടില്ല. അതേക്കുറിച്ചെല്ലാം ഇനിയും പലതും പറയാനുണ്ട്. സമയദൗർലഭ്യം കൊണ്ട് പറയാതിരിക്കുകയാണ്. വളരെ അധികം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. അത് എന്റെ ഈ പ്രസംഗത്തിന് ആവശ്യമാണെന്നു കാണുന്നപക്ഷം ആ ഭാഗം ഞാൻ വിശദീകരിച്ചുകൊള്ളാം.

സർ, ഇപ്പോൾ വളരെയേറെ പ്രധാനപ്പെട്ട കാര്യങ്ങൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്നിപ്പോൾ മൂന്നുകോടി രൂപയ്ക്ക് ഒരു കടം ഈ ഗവൺമെന്റെടുത്തിട്ടുണ്ട്. വേണ്ടിവന്നാൽ ഇനിയും കടമെടുത്ത് വളരെയേറെ കാര്യങ്ങൾ നിർവ്വഹിക്കുവാൻ ഉള്ള ഒരു പ്രോഗ്രാമാണ് ഇന്ന് ഈ ഗവൺമെന്റിന്റെ മുമ്പിൽ ഉള്ളത്. ഉദാഹരണമായി തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തുള്ള നദികളിലെ വെള്ളമുപയോഗിച്ച് കൃഷി വികസനവും ഇലക്ട്രിസിറ്റി ഉപയോഗിച്ച് വ്യാവസായീകരണവും അഭിവൃദ്ധിപ്പെടുത്തി നമ്മുടെ സംസ്ഥാനം കാർഷികപരമായും വ്യാവസായികപരമായും മുന്നോട്ട് കൊണ്ടുപോകാമോ എന്നും പര്യാലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി പഞ്ചവത്സര പദ്ധതികളിൽ പോലും ചില ഭേദഗതികൾ വരുത്തുന്നതിന് പ്ലാനിംഗ് കമ്മീഷൻ എടുക്കുന്ന സന്ദർഭത്തെ ഉപയോഗപ്പെടുത്തി, പഞ്ചവത്സര പദ്ധതിയിൽ തന്നെ ഈവക കാര്യങ്ങൾ ഉൾക്കൊള്ളിക്കാമോ എന്നാണ് മുഖ്യമന്ത്രിയുടെയും അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാരുടെയും ഉള്ളിലുള്ള വിചാരം. ചെയ്യാവുന്ന കാര്യങ്ങൾ എല്ലാം തന്നെ പഞ്ചവത്സര പദ്ധതിയിലും മറ്റും ഉൾക്കൊള്ളിച്ചു

## പനമ്പിള്ളി ഗോവിന്ദമേനോൻ



തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിലെ കല്ലൂർ വടക്കുംമുറിയിൽ 1908 ഒക്ടോബർ 1 ന് പനമ്പിള്ളി ഗോവിന്ദമേനോൻ ജനിച്ചു. വിദ്യാർത്ഥിയായിരിക്കുമ്പോൾ രാഷ്ട്രീയത്തിൽ താൽപര്യം പ്രകടിപ്പിച്ച അദ്ദേഹം 1935, 1938, 1945 എന്നീ വർഷങ്ങളിൽ കൊച്ചി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1946ൽ മന്ത്രി, 1947ൽ മുഖ്യമന്ത്രി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. 1948 ൽ കൊച്ചി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ഇക്കണ്ട വാര്യർ മന്ത്രിസഭയിൽ അംഗമാവുകയും ചെയ്തു. തിരു-കൊച്ചി സംയോജനത്തിനുശേഷം രണ്ടു മന്ത്രിസഭകളിൽ അംഗവും 1955 ൽ തിരു-കൊച്ചി മുഖ്യമന്ത്രിയുമായി. 1964 ലും 1967 ലും ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1966 മുതൽ 1970 മേയ് 30 ന് മരണമടയുന്നതുവരെ കേന്ദ്രമന്ത്രിയുമായിരുന്നു.

*ഈ നാട്ടിലെ തൊഴിലില്ലായ്മയെ നേരിടുന്നതിന് ഒരു പരിഹാരം ഉണ്ടാക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ പോലും ആലോചിച്ചുകൊണ്ടിരിക്കുന്ന സന്ദർഭമാണ്. ഇങ്ങനെയിരിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ നാൽപ്പത്തേഴ് സ്നേഹിതന്മാരെ വച്ചുകൊണ്ട് എപ്പോൾ അത് താഴാൻ പോകുന്നു, ഏതു തരത്തിൽ മുന്നോട്ടു പോകാൻ സാധിക്കും എന്നെല്ലാമുള്ള കാര്യങ്ങൾ അറിഞ്ഞുകൊണ്ട് അതിനുമേൽ ഭരണം നടത്തണമെന്നു പറയുകയാണെങ്കിൽ അതിൽ എന്താണ് തെറ്റുള്ളത്?*

കഴിഞ്ഞിട്ടില്ല. നമ്മുടെ സംസ്ഥാനത്തുള്ള ഏറ്റവും പ്രധാനപ്പെട്ട നദിയായപെരിയാറിൽ ഒരു അണകെട്ടുന്നതിലേക്ക്, അതായത് ഭൂതത്താൻകെട്ട് അണ കൂടി അതിൽ ഉൾക്കൊള്ളിക്കാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഈ വക കാര്യങ്ങൾ ഒക്കെ ചെയ്യുന്നതിനുള്ള ശക്തി ഈ ഗവൺമെന്റിനുണ്ടോ എന്നുള്ള സംഗതി ഇന്ത്യാ ഗവൺമെന്റിനെ ബോധ്യപ്പെടുത്തണം. അതുപോലെ തന്നെ വ്യാവസായീകരണത്തിനും മറ്റുമായി കടം എടുക്കുന്നതിനും ആവക പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനും ഈ ഗവൺമെന്റിന് ശക്തിയുണ്ടെന്നുള്ള ബോധ്യവും നാട്ടുകാരുടെ ഇടയിൽ ഉണ്ടാകണം. അത് മാത്രമല്ല അതെല്ലാം നടപ്പിൽ വരുത്തുന്നതിന് ഈ സഭയുടെ പിൻബലമുണ്ടെന്ന് ഗവൺമെന്റിന്റെ മനസ്സിലും ഒരു ബോധ്യമുണ്ടാകേണ്ട ഒരു സന്ദർഭമാണിപ്പോൾ.

ജോൺ മിനിസ്ട്രിയെ ഇവിടെ പലരും ആക്ഷേപിക്കുകയുണ്ടായി. വേറെ പല വലിയ പ്രശ്നങ്ങളും ഈ രാജ്യത്തുണ്ടെന്ന് പല ബഹുമാനപ്പെട്ട സ്നേഹിതന്മാരും പറയുകയുണ്ടായി. അതും ശരിയാണ്. അങ്ങനെയുള്ള പല വലിയ പ്രശ്നങ്ങളും നിയമസഭയുടെ പിന്നിൽ ഉണ്ട്. നിയമസഭയുടെ വിശ്വാസമില്ലാതെ ഈ പ്രശ്നങ്ങൾ നേരിടാൻ സാധിക്കുമോ? ഉദാഹരണമായി എന്റെ ബഹുമാന്യ സ്നേഹിതന്മാരായ കൊല്ലം മെമ്പറും തൃശ്ശൂർ മെമ്പറും പറയുകയുണ്ടായി അനേകം തൊഴിൽ ശാലകൾ ഈ സംസ്ഥാനത്ത് പൂട്ടിയിട്ടിരിക്കുകയാണെന്ന്. അത് ശരി തന്നെ. അതിന്റെ കാരണങ്ങൾ വിവരിക്കുകയാണെങ്കിൽ അത് ചിലപ്പോൾ അസുഖത്തിൽ എത്തിച്ചേരാൻ ഇടയുണ്ട്. അങ്ങനെ അസുഖകരമായി പിരിയുന്നതിനേക്കാൾ സുഖകരമായി പിരിയണമെന്നാണ് എന്റെ ആഗ്രഹം. തൃശ്ശൂർ സീതാറാം മില്ലിൽ മൂവായിരം തൊഴിലാളികൾക്ക് അവിടുത്തെ മുതലാളി മിൽ പൂട്ടിയിട്ടതുകൊണ്ട് തൊഴിലില്ലാതായിത്തീർന്നു. എന്നാൽ അങ്ങിനെ മുതലാളി മിൽ പൂട്ടിയിടുന്നതിനെ സംബന്ധിച്ചുള്ള കേസ്സ് ഇന്ന് കോടതിയിൽ കിടക്കുന്നു. ഈ ഗവൺമെന്റ് ഇങ്ങിനെയുള്ള സാഹചര്യങ്ങളിൽ തൊഴിലാളികളോട് തികഞ്ഞ ഉത്തരവാദബോധത്തോടുകൂടി ഷെയർ ഹോൾഡേഴ്സിന്റെയും മുതലാളിയുടെയും കച്ചവടക്കാരന്റേയും കാര്യം നോക്കാതെ പൂർണ്ണ ഉത്തരവാദിത്വത്തോടുകൂടി ആ കമ്പനി വീണ്ടും നടത്താനുള്ള ചുമതല ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ ഏൽപ്പിക്കണമെന്നു കഴിഞ്ഞ ആഗസ്റ്റ് മാസം പതിനേഴാം തീയതി അഡ്വക്കേറ്റ് ജനറലിനെ തൃശ്ശൂർ കോടതിയിലേയ്ക്ക് അയച്ച് വാദം നടത്തുകയുണ്ടായി. അതിന്റെ ഫലമായി സെപ്തംബർ മാസത്തിൽ അതേ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അറിയിക്കണമെന്ന് ഉത്തരവിട്ടിരിക്കുകയാണ്. കൂടാതെ അനേകം തൊഴിലാളികൾക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതികളും ഗവൺമെന്റ് പര്യാലോചിച്ചു കൊണ്ടിരിക്കുകയാണ്. ഈവക കാര്യങ്ങൾക്ക് ഈ നിയമസഭയുടെ പിൻബലമില്ലാതെ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ?

അതുപോലെ കുണ്ടറയിൽ കഴിഞ്ഞ പത്തുപതിനാലുമാസങ്ങളായി രണ്ടു തൊഴിൽശാലകൾ പൂട്ടിക്കിടക്കുകയാണ്. അവ പ്രവർത്തനത്തിൽ കൊണ്ടുവരാൻ മുതലാളികൾ അല്ലെങ്കിൽ പണമുള്ളവർ മുമ്പോട്ടു വരുന്നില്ല. അതുകൊണ്ട് നമ്മുടെ ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റിൽ നിന്നും പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും ആവശ്യമുള്ള സാധനങ്ങൾ നിർമ്മിക്കുന്നതിലേയ്ക്ക് ഗവൺമെന്റിന്റെ ചുമതലയിൽ അടുത്ത ആറോ ഏഴോ ദിവസത്തിനകം ഫാക്ടറികൾ പ്രവർത്തനം തുടങ്ങാൻ പോവുകയാണ്. ഇതിനെല്ലാം ഈ നിയമസഭയുടെ പിൻബലമില്ലാതെ ഒരടിയെങ്കിലും മുന്നോട്ടുവയ്ക്കാൻ സാധിക്കുമോ?

അതുപോലെ തിരുവനന്തപുരത്ത് ടൈറ്റാനിയം ഫാക്ടറി അവിടെ ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ വിൽപ്പന നടത്താൻ സാധ്യമല്ലെന്ന് പറഞ്ഞ് പൂട്ടിക്കിടക്കുകയാണ്. അവിടെ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ വെളിയിൽ നിന്നും വരുന്ന സാധനങ്ങളുടെ വിലക്കുറവുകൊണ്ട് വിറ്റഴിക്കാൻ സാധ്യമല്ലാതെ വന്നതുകൊണ്ടാണ് അങ്ങിനെ പൂട്ടിയിടേണ്ടി വന്നത്. ഇതെല്ലാം ഒരു കുറ്റപത്രമായി ഗവൺമെന്റിന്റെ പേരിൽ കൊണ്ടുവന്നിട്ടുണ്ട്. അവിടെയുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഇന്ത്യാ ഗവൺമെന്റിന്റെ പ്രൊട്ടക്ഷൻ നൽകണമെന്ന് പറയുന്നു. താരിഫ് ബോർഡിൽ നിന്നും ഇക്കാര്യത്തെ സംബന്ധിച്ച് അനുകൂലമായ ഒരഭിപ്രായമുണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

ബഹുമാനപ്പെട്ട കൊല്ലം മെമ്പറും അതുപോലെ മറ്റനേകം മെമ്പറന്മാരും കയർ വ്യവസായത്തിനും കൈത്തറി നെയ്ത്ത് വ്യവസായത്തിനും അതുപോലെയുള്ള മറ്റ് വ്യവസായങ്ങൾക്കും നമ്മുടെ നാട്ടിൽ അധ:പതനം നേരിട്ടിരിക്കുന്നു എന്നും തൻമൂലം നമ്മുടെ നാട്ടിലെ പാവപ്പെട്ട ജനങ്ങൾ വളരെ വലയുന്ന സന്ദർഭമാണിതെന്നും പറഞ്ഞു. ഈ നാട്ടിലെ

തൊഴിലില്ലായ്മയെ നേരിടുന്നതിന് ഒരു പരിഹാരം ഉണ്ടാക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ പോലും ആലോചിച്ചുകൊണ്ടിരിക്കുന്ന സന്ദർഭമാണ്. ഇങ്ങനെയിരിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ നാൽപ്പത്തേഴ് സ്നേഹിതന്മാരെ വച്ചുകൊണ്ട് എപ്പോൾ അത് താഴാൻ പോകുന്നു, ഏതു തരത്തിൽ മുന്നോട്ടു പോകാൻ സാധിക്കും എന്നെല്ലാമുള്ള കാര്യങ്ങൾ അറിഞ്ഞുകൊണ്ട് അതിനുമേൽ ഭരണം നടത്തണമെന്നു പറയുകയാണെങ്കിൽ അതിൽ എന്താണ് തെറ്റുള്ളത്? അതിന്റെ അർത്ഥം ഭരണം നടത്താനല്ല മുഖ്യമന്ത്രി ഇരിക്കുന്നത്, അദ്ദേഹത്തിന്റെയും മറ്റ് അഞ്ച് പേരുടെയും മന്ത്രിപ്പണി നടത്താൻ വേണ്ടിയാണീ പ്രമേയം കൊണ്ടുവന്നിരിക്കുന്നത് എന്ന് വ്യാഖ്യാനിക്കുന്നത് ശരിയാണെന്നു തോന്നുന്നില്ല. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ആജ്ഞാകാരന്മാരായ സഹപ്രവർത്തകന്മാർക്കും മന്ത്രിക്കസേരകളിൽ കഴിഞ്ഞുകൂടാൻ വേണ്ടിയല്ല ഈ മന്ത്രിക്കസേരകൾ ഈ സന്ദർഭത്തിൽ കോൺഗ്രസ് കൈവശം വച്ചുകൊണ്ടിരിക്കുന്നത്. ഈ നാട്ടിലെ ജനങ്ങളുടെ ജീവിതത്തോതുയർത്തുന്നതിന് കഴിയുമോ എന്ന് പരീക്ഷിക്കുവാനാണ്. അതിന് ഞങ്ങൾക്ക് ഈ നിയമസഭയുടെ പിൻബലം വേണം. അതിന് ഇതു കൂടാതെ നിവൃത്തിയില്ല.

1952 മാർച്ച് മാസം 24 ാം തീയതി ഞങ്ങൾ 44 ആളുകൾ ഭരിക്കുവാനായി ഭരണഭാരം പേറിക്കൊണ്ട് ഒരു ബജറ്റ് കൊണ്ടുവന്നു. അത് സഭ പാസാക്കി തന്നിരുന്നില്ലെങ്കിൽ ഞങ്ങൾ പുറത്തു പോകുമായിരുന്നു. അന്ന് നിങ്ങളാണ് ഞങ്ങൾക്കീ നിയമസഭയിൽ ഇരിക്കുവാൻ അനുവാദം തന്നത്. അതുകഴിഞ്ഞ് ഒൻപതു സ്നേഹിതന്മാർ ഞങ്ങളുടെ പാർട്ടിയോട് അനുകൂലിച്ചു. അതൊരു കൊയലിഷൻ മിനിസ്റ്ററിയല്ലായിരുന്നു. ബഹു. മെമ്പർ രാമസ്വാമിപ്പിള്ള ആ പാർട്ടിയിലെ ഖജാൻജിയായിരുന്നു. കൂടാതെ രണ്ടുപേർ എക്സിക്യൂട്ടീവ് മെമ്പർമാരും ആയിരുന്നു. എന്നൽ ലെജിസ്ലേച്ചറിനെ സംബന്ധിച്ചിടത്തോളം നാൽപ്പത്തേഴും ഒൻപതും കൂടി അൻപത്തിയാറ് പേർ ഉണ്ടായി. അങ്ങനെ എ. ജെ. ജോൺ മുഖ്യമന്ത്രിയായി ഭരണം നടത്തി. 1952 മാർച്ച് മാസത്തിൽ 44 അംഗങ്ങൾ ഉണ്ടായിരുന്നപ്പോൾ ഈ മന്ത്രിസഭ തുടരാൻ അനുവദിച്ച മാതിരി ഇന്നും അനുവാദം ആരായുകയാണ്. അങ്ങനെ തുടരാൻ അവകാശമില്ലാത്തപക്ഷം ഈ നിയമസഭ പിരിച്ചുവിടാൻ രാജപ്രമുഖനെ ഉപദേശിക്കാനും ഈ യോഗം വിളിച്ചുകൂട്ടാനും നിയമപ്രകാരം അവകാശമുണ്ടെന്നാണ് എന്റെ അഭിപ്രായം. എന്നാൽ അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഞങ്ങൾ നാൽപ്പത്തേഴ് പേർ ഒഴികെ മറ്റുള്ളവർ പറയും നിങ്ങൾ ചെയ്തത് അന്യായമാണെന്ന്. കഴിഞ്ഞ മാർച്ച് മാസത്തിൽ നാൽപ്പത്തിനാലംഗങ്ങൾ ഉണ്ടായിരുന്ന സന്ദർഭത്തിൽ നിങ്ങളെ ഭരണം നടത്താൻ അനുവദിച്ച ഞങ്ങളോടാലോചിക്കാതെ നിങ്ങൾ ഇപ്രകാരം ചെയ്യുന്നത് അക്രമമാണെന്ന് നിങ്ങൾ പറയുമെന്ന് ഞങ്ങൾ വിചാരിച്ച് ഈ കോൺഫിഡൻസ് മോഷൻ കൊണ്ടുവന്നിരിക്കുകയാണ്.''

●●●

# പാലാക്കാരനായ സഭാധ്യക്ഷൻ

പാലായിൽ നിന്ന് കെ. എം. മാണിയും അതിന് മുൻപ് പാലാ ഉൾപ്പെടുന്ന പൂഞ്ഞാർ മണ്ഡലത്തിൽ നിന്ന് ടി.എ. തൊമ്മനും കേരള മന്ത്രിസഭയിൽ അംഗങ്ങളായിരുന്നു. എന്നാൽ അതിനും മുൻപ് ഒരു നിയമസഭാധ്യക്ഷനും പാലാ മണ്ഡലത്തിൽ നിന്നുമുണ്ടായി. 1948 ഫെബ്രുവരിയിൽ തിരുവിതാംകൂർ പ്രതിനിധി സഭയിലേക്ക് മീനച്ചിൽ രണ്ടാം ദ്വയാംഗ മണ്ഡലത്തിലെ ജനറൽ സീറ്റിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ആർ. വി. തോമസാണ് പാലായിൽ നിന്നുള്ള സഭാധ്യക്ഷൻ.

രാമപുരം, കൊല്ലം, പുലിയന്നൂർ, ഭരണങ്ങാനം, ഉഴവൂർ പകുതി വില്ലേജുകളാണ് മീനച്ചിൽ രണ്ടാം ദ്വയാംഗ മണ്ഡലത്തിൽ ഉൾപ്പെട്ടിരുന്നത്. തിരു-കൊച്ചിക്ക് മുൻപ് തിരുവിതാംകൂർ പ്രതിനിധി സഭയിൽ 'സ്പീക്കർ'ക്ക് പകരം 'പ്രസിഡന്റ്' ആണ് സഭാധ്യക്ഷൻ. 'മുഖ്യമന്ത്രി'ക്ക് പകരം 'പ്രധാനമന്ത്രി'യും.

1948 ഡിസംബർ 6 നാണ് ആർ. വി. തോമസ് നിയമസഭാധ്യക്ഷനാവുന്നത്. 1949 മാർച്ച് 1 വരെ അദ്ദേഹം പദവിയിൽ തുടർന്നു.

1899 ൽ കോട്ടയത്ത് ജനിച്ച ആർ. വി. തോമസ് സ്വാതന്ത്ര്യ സമര സേനാനിയും കോൺഗ്രസ് നേതാവും ഭരണഘടനാ രൂപീകരണ സമിതി അംഗവുമായിരുന്നു. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടന്ന പ്രക്ഷോഭങ്ങളിലെ മുൻനിര നേതാക്കളിൽ ഒരാളായിരുന്നു അദ്ദേഹം. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രസിഡന്റായും പ്രവർത്തിച്ചു. സ്വാതന്ത്ര്യ സമരത്തെ മനുഷ്യത്വരഹിതമായി അടിച്ചമർത്തിയ തിരുവിതാംകൂർ ദിവാൻ സർ സി. പി. രാമസ്വാമി അയ്യരെ വിമർശിച്ചതിന്റെ പേരിൽ അദ്ദേഹത്തെ അറസ്റ്റ് ചെയ്തിരുന്നു.

പാലാ മുനിസിപ്പാലിറ്റിയുടെ ആദ്യമുനിസിപ്പൽ ചെയർമാൻ കൂടിയായ ആർ. വി. തോമസ് കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ആദ്യ അംഗങ്ങളിലൊരാളുമായിരുന്നു. സ്വാതന്ത്ര്യ സമരസേനാനിയും കോൺഗ്രസ് വനിതാ വിഭാഗത്തിന്റെ ആദ്യകാല നേതാവുമായ ഏലിക്കുട്ടി തോമസാണ് ആർ. വി. തോമസിന്റെ ഭാര്യ. മഹാത്മാഗാന്ധി സർവ്വകലാശാല മുൻ വൈസ് ചാൻസലർ സിറിയക് തോമസ് മകനാണ്. 1955 ൽ ആർ. വി. തോമസ് അന്തരിച്ചു.

●●●





# കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

## 1998 ലെ കേരള റാഗിംഗ് നിരോധന ആക്ട്
## (1998 ലെ 10 ാമത് നിയമം)




**റ്റി. മനോഹരൻ നായർ**
**സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി**


സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് ഒരു ക്രിമിനൽ കുറ്റമായി കാണേണ്ടതാണെന്നും കുറ്റവാളികളെ സാധാരണ കുറ്റവാളികളെപ്പോലെ തന്നെ പ്രോസിക്യൂട്ട് ചെയ്യണമെന്നും റാഗിംഗ് തടയുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോലീസിന് പ്രവേശിക്കാവുന്നതാണെന്നും കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. റാഗിംഗിനെ തുടർന്ന് കോളേജിൽ നിന്നും പ്രിൻസിപ്പൽ പുറത്താക്കിയ ഒരു വിദ്യാർഥി നൽകിയ ഹർജിയിലെ അന്തിമ വിധിയിലാണ് (Sajil Venu vs. Principal S.N. College) ഭരണഘടനയിലേയും സി.ആർ.പി.സി.യിലേയും വ്യവസ്ഥകൾ വ്യാഖ്യാനിച്ചുകൊണ്ടും, ഗവണ്മെന്റിന് വ്യക്തമായ ചില നിർദ്ദേശങ്ങൾ നൽകിക്കൊണ്ടുമുള്ള കോടതിവിധി ഉണ്ടായത്.

ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ ചില എക്സിക്യൂട്ടീവ് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നെങ്കിലും ആയതിന് ഉദ്ദേശിച്ച ഫലം ഉണ്ടാകാഞ്ഞതിനാലും റാഗിംഗിന്റെ പേരിൽ വിദ്യാർഥികൾ ക്രൂരമായി വീണ്ടും പീഡിപ്പിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലുമാണ് സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ് നിരോധിക്കുന്നതിന് വേണ്ടി ഈ നിയമം നിർമ്മിക്കപ്പെട്ടത്. ആദ്യം ഓർഡിനൻസായി പുറപ്പെടുവിച്ചതിനുശേഷം അതിനു പകരമായുള്ള ബിൽ നിയമസഭയിൽ അവതരിപ്പിച്ചാണ് ഈ നിയമം പാസ്സാക്കപ്പെട്ടത്. 1998 ഏപ്രിൽ 2 ാം തീയതി, അന്നത്തെ ഭക്ഷ്യവും വിനോദസഞ്ചാരവും നിയമവും വകുപ്പുമന്ത്രി ഇ. ചന്ദ്രശേഖരൻ നായർ ഇതുസംബന്ധിച്ച ബിൽ സഭയിൽ അവതരിപ്പിക്കുകയും അന്നുതന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തു. തുടർന്ന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ 1998 ഏപ്രിൽ 21 ാം തീയതി സഭ പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തു. സഭ പാസ്സാക്കിയ ബില്ലിന് മൂന്നാംനാൾ (ഏപ്രിൽ 23 ന്) ഗവർണ്ണർ അനുമതി നൽകുകയും ചെയ്തു.

ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ക്രമവിരുദ്ധമായ പെരുമാറ്റത്തിലൂടെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിലെ ഒരു വിദ്യാർഥിയെ ശല്യപ്പെടുത്തുന്നതോ പരിഹസിക്കുന്നതോ ഉപദ്രവിക്കുന്നതോ റാഗിംഗ് ആയി കണക്കാക്കപ്പെടുന്നതാണ്. അതുപോലെ ഒരു വിദ്യാർഥി സ്വമനസ്സാലെ ചെയ്യാൻ ഒരുമ്പെടാത്ത ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുന്നതിനോ

നിർവ്വഹിക്കുന്നതിനോ ആവശ്യപ്പെടുന്നതും റാഗിംഗിന്റെ നിർവ്വചനത്തിൽ പ്പെടുന്നതാണ്. അപ്രകാരമുള്ള കുറ്റം ചെയ്തതായി കണ്ടെത്തുന്നവരെ രണ്ടുവർഷം വരെയാകാവുന്ന തടവും പതിനായിരം രൂപവരെയാകാവുന്ന പിഴയും ശിക്ഷയായി നൽകുന്നതാണ്. കൂടാതെ, കുറ്റകൃത്യത്തിന്മേൽ ശിക്ഷിക്കപ്പെടുന്ന വിദ്യാർഥിയെ വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്നും പിരിച്ചുവിടേണ്ടതും മറ്റൊരു വിദ്യാഭ്യാസ സ്ഥാപനത്തിലും മൂന്നുവർഷക്കാലത്തേക്ക് പ്രവേശനം നൽകാൻ പാടില്ലാത്തതുമാണ്.

ഈ നിയമപ്രകാരമുള്ള ഒരു കുറ്റകൃത്യം സംബന്ധിച്ച് ഒരു വിദ്യാർഥിയോ രക്ഷകർത്താവോ രേഖാമൂലം പരാതിപ്പെട്ടാൽ ആ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി, പരാതി ലഭിച്ച് ഏഴു ദിവസത്തിനകം അന്വേഷണം നടത്തി പ്രഥമദൃഷ്ട്യാ കുറ്റക്കാരനെന്നു കണ്ടാൽ ആരോപണവിധേയനായ വിദ്യാർഥിയെ സസ്പെന്റ് ചെയ്യേണ്ടതും പരാതി മേൽനടപടിക്കായി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. എന്നാൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി റാഗിംഗിനെക്കുറിച്ചുള്ള പരാതിയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ അനാസ്ഥ കാണിക്കുകയാണെങ്കിൽ ആ വ്യക്തി കുറ്റം ചെയ്യാൻ പ്രേരിപ്പിച്ചതായി കണക്കാക്കി ശിക്ഷാനടപടി സ്വീകരിക്കാവുന്നതാണ്.

## മദ്യം... മയക്കുമരുന്ന്... റാഗിംഗ്...

1998 ഏപ്രിൽ രണ്ടാം തീയതി നിയമസഭയിൽ നടന്ന ചർച്ചയിൽ ഈ നിയമത്തിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച അംഗം എം. മുരളി തന്റെ പ്രസംഗം അവസാനിപ്പിച്ചത് ഇപ്രകാരമായിരുന്നു:

*''സാംസ്കാരിക പ്രബുദ്ധമായ കേരളത്തിൽ മദ്യവും മയക്കുമരുന്നുമായി ബന്ധപ്പെട്ടതാണ് റാഗിംഗ്. അതുകൊണ്ടാണ് ഇതു പറയുന്നത്. കേരളത്തിലെ ഒരു പ്രദേശത്ത്, ആ പ്രദേശത്തെ എം.എൽ.എ. ഈ നിയമസഭയിലുള്ളതുകൊണ്ട് ഞാൻ അതു പറയുന്നില്ല. ആ പ്രദേശത്തെ ഞാൻ ആക്ഷേപിച്ചതായി വരാൻ പാടില്ലെന്നുള്ളതുകൊണ്ട് ആ സ്ഥലത്തിന്റെ പേര് പറയുന്നില്ല മനോഹരികളായ പെൺകുഞ്ഞുങ്ങളെ ദത്തെടുത്ത് പാമ്പിൻവിഷം കൊടുത്ത് 16, 17 വയസ്സ് എത്തുമ്പോൾ ശത്രുരാജ്യത്തേക്ക് വിട്ട് ഈ വിഷകന്യകകളെക്കൊണ്ട് ശത്രുരാജാവിനെ പ്രലോഭിപ്പിച്ച് കൊലചെയ്യുന്നതുപോലെ സർപ്പങ്ങളെ പ്രത്യേകം പരിശീലിപ്പിച്ച്, ആ സർപ്പദംശനത്തിലൂടെ 26 മണിക്കൂർ നീണ്ടുനിൽക്കുന്ന ലഹരി കൊടുക്കുന്ന അധോലോകങ്ങൾ ഉണ്ടെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. വ്യക്തമായ തെളിവ് തരാൻ ഞാൻ തയ്യാറാണ്. ഈ ദുർബലമായ നിയമത്തിലൂടെ അത്തരം ലഹരിയുടെ ലോകത്തുനിന്നും ഉയർത്തെഴുന്നേറ്റുവരുന്ന റാഗിംഗുകാരെ, സാമൂഹിക വിരുദ്ധന്മാരെ, ഭ്രാന്തന്മാരെ, ക്രൂരന്മാരെ നിയന്ത്രിക്കാൻ കഴിയുകയില്ല. ഈ ഓർഡിനൻസ് കൊണ്ടുവന്നശേഷവും ആലപ്പുഴ മെഡിക്കൽ കോളേജിലുണ്ടായ ദാരുണമായ മരണം ഗവണ്മെന്റ് കണ്ടില്ലെന്ന് നടിക്കുകയാണ്. അതുകൊണ്ട് ഈ ഗവണ്മെന്റ് ഉദ്ദേശ്യശുദ്ധിയില്ലാതെ അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.''*

## കുടുംബാന്തരീക്ഷവും റാഗിംഗും

ബില്ലിന്റെ അവതരണത്തിനു ശേഷം പ്രഗത്ഭരായ നിരവധി നിയമസഭാംഗങ്ങളാണ് അന്ന് ചർച്ചയിൽ പങ്കെടുത്തത്. എം. മുരളിക്കുശേഷം കെ. സി. വേണുഗോപാൽ, പി. ജെ. ഫ്രാൻസിസ്, എസ്. ശർമ്മ, എം. വി. ജയരാജൻ എന്നിവരാണ് പ്രധാനമായും സംസാരിച്ചത്. ഓർഡിനൻസ് നിരാകരണ പ്രമേയത്തെ പിൻതാങ്ങി സംസാരിച്ച കെ. സി. വേണുഗോപാലിനോട് പ്രൊഫ. എ. വി. താമരാക്ഷൻ ഉന്നയിച്ച ചോദ്യവും അതിന് കെ. സി. വേണുഗോപാൽ നൽകിയ മറുപടിയും ഏറെ പ്രസക്തമായിരുന്നു. അത് ഇപ്രകാരമായിരുന്നു:

***പ്രൊഫ. എ.വി. താമരാക്ഷൻ:***

*''സർ, കുടുംബാന്തരീക്ഷത്തിൽ വളരാത്ത കുട്ടികളാണ് റാഗിംഗ് നടത്തുന്നതിൽ ഭൂരിപക്ഷവും എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് ബോധ്യമായിട്ടുണ്ടോ? അച്ഛന്റെയും അമ്മയുടെയും പരിലാളനമേൽക്കാതെ ഹോസ്റ്റലുകളിൽ താമസിച്ചുവരുന്ന, സ്നേഹം എന്താണെന്നറിയാത്ത കുട്ടികളാണ് ഇതിൽ ഭൂരിഭാഗവും എന്ന കാര്യം അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ? കുടുംബാന്തരീക്ഷം മാറാതെ ഇതിന് മാറ്റമുണ്ടാക്കാൻ കഴിയുകയില്ലെന്ന് അങ്ങേക്കറിയാമോ?''*

**കെ. സി. വേണുഗോപാൽ:**

*''സർ, ഞാൻ അതാണ് സൂചിപ്പിച്ചത്. കുടുംബാന്തരീക്ഷത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ, മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും അമിതമായ ഉപയോഗത്തിലൂടെ സ്വന്തം ബോധം നഷ്ടപ്പെടുമ്പോൾ അബോധാവസ്ഥയിൽ നിന്നുണ്ടാകുന്ന അക്രമപ്രവണതകൾ ഇതൊക്കെയാണ് റാഗിംഗിന് അടിസ്ഥാനം. റാഗിംഗ് നടത്തുന്നവരുടെ മാനസികമായ ഒരു വീക്ഷണത്തോടുകൂടിയുള്ള സമീപനത്തിന് ഈ ബില്ലിൽ നിബന്ധനകൾ വരുത്തേണ്ടതായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്.''*

## അഭിനന്ദിച്ചില്ലെങ്കിലും അപഹസിക്കരുത്!

ബില്ലിനെ സംബന്ധിച്ച പൊതുചർച്ചയുടെ അവസാനം ബില്ലിന്റെ ചുമതലയുള്ള ഭക്ഷ്യവും വിനോദ സഞ്ചാരവും നിയമവും വകുപ്പുമന്ത്രി ഇ. ചന്ദ്രശേഖരൻ നായർ വളരെ ചുരുങ്ങിയ വാക്കുകളിലാണ് മറുപടി പറഞ്ഞത്. നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സംബന്ധിച്ച് അദ്ദേഹം നടത്തിയ പ്രസംഗം ഇപ്രകാരമായിരുന്നു:

*''സർ, ദീർഘമായ ഒരു മറുപടി പ്രസംഗത്തിന്റെ ആവശ്യം ഞാൻ കാണുന്നില്ല. കാരണം ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പറഞ്ഞിരിക്കുന്നതിനെക്കാൾ*

എത്രയോ ശക്തമായ ഭാഷയിലാണ് സഭയുടെ ഇരുഭാഗങ്ങളിലുമുള്ള മെമ്പർമാർ ഇത്തരം ഒരു നിയമ നിർമ്മാണത്തിന്റെ ആവശ്യകതയെക്കുറിച്ച് പറഞ്ഞത്. ഇവിടെ ആരും തന്നെ ഇങ്ങനെ ഒരു നിയമം വേണ്ട എന്നു പറഞ്ഞിട്ടില്ല. ഈ നിയമം നിരാകരിക്കണമെന്ന് പറഞ്ഞവർ പോലും ശക്തമായ ഒരു നിയമ നിർമ്മാണത്തിന്റെ ആവശ്യകതയെക്കുറിച്ചാണ് പറഞ്ഞത്. റാഗിംഗിന്റെ ദോഷം, അത് സമൂഹത്തിൽ വിദ്യാർഥികളുടെ ഭാവി തകർക്കുന്ന രീതി എന്നിവയെക്കുറിച്ചൊക്കെ ഇവിടെ ഭംഗിയായിട്ട് പ്രതിപാദിച്ചു കഴിഞ്ഞു. ഏതായാലും സ്വൈരജീവിതത്തിന് കവലച്ചട്ടമ്പികളിൽനിന്നും രക്ഷ കിട്ടണമെന്നു പറയുന്നതുപോലെ പഠിക്കാൻ വരുന്ന കുട്ടികൾക്ക് റാഗിംഗിൽ നിന്നും രക്ഷ കിട്ടണം. പലരും പറയുന്നതുപോലെ രാഷ്ട്രീയമല്ല പ്രധാന പ്രശ്നം. വാസ്തവത്തിൽ പഠിക്കാൻ വരുന്ന കുട്ടികൾക്ക് ഏറ്റവും ഭയപ്പാടുണ്ടാക്കുന്ന ഒരു സംഭവമാണ് റാഗിംഗ്. അതുകൊണ്ട് അതിൽ നിന്നും രക്ഷ കിട്ടണമെന്നുണ്ടെങ്കിൽ രണ്ടു മാർഗ്ഗമാണുള്ളത്. ഒന്ന്, നിയമനിർമ്മാണം. രണ്ട്, അതിനുവേണ്ടി എല്ലാ വിദ്യാർഥികളേയും അധ്യാപകരേയും സജ്ജമാക്കുക എന്നുള്ളതാണ്. അതിൽ ഒന്നാമത്തെ കാര്യത്തിൽ കോടതി നിയമമുണ്ടാക്കണമെന്ന് പറഞ്ഞിട്ടില്ല. അല്ലെങ്കിൽത്തന്നെ കോടതിക്ക് നിയമസഭയോട് നിയമമുണ്ടാക്കണമെന്ന് പറയാൻ അവകാശമില്ല. നിയമനിർമ്മാണം നല്ല കാര്യമാണെന്ന് കോടതി പറഞ്ഞിട്ടുണ്ട്, 1992 ലാണ് ഈ ജഡ്ജ്മെന്റ് വന്നത്. വർഷങ്ങൾ പലതു കഴിഞ്ഞു. ഇപ്പോഴാണ് ഒരു ഓർഡിനൻസായി ഇത് കൊണ്ടുവരാനും അതുകഴിഞ്ഞ് നിയമം കൊണ്ടുവരാനും ശ്രമിച്ചത്. അതിനെ അഭിനന്ദിച്ചില്ലെങ്കിൽപ്പോലും അപഹസിക്കാനും പരിഹസിക്കാനും ചില ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രമിച്ചത് ദുഃഖകരമാണ്. സബ്ജക്ട് കമ്മിറ്റി പരിഗണിച്ചതിനുശേഷം വല്ല പോരായ്മകളുമുണ്ടെങ്കിൽ പരിഹരിക്കണമെന്നുള്ളതല്ലാതെ ഇതിന്റെ ഭൗതിക ലക്ഷ്യത്തെ, പ്രായോഗിക പ്രവർത്തനത്തെ സംബന്ധിച്ച്, തോന്നുന്ന ആഗ്രഹങ്ങളെല്ലാം നിയമമാക്കാൻ ഒക്കുകയില്ലയെന്ന് ബഹുമാനപ്പെട്ട മെമ്പർമാർക്കും അറിയാവുന്നതാണ്. പ്രായോഗിക തലത്തിലുള്ള സമീപനമാണ് ഈ നിയമനിർമ്മാണത്തിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്.''

## ടി. എം. ജേക്കബിന്റെ വിയോജനക്കുറിപ്പ്

ബില്ലിന്റെ രണ്ടാം വായനയുടെ രണ്ടാം ഘട്ടത്തിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള തന്റെ വിയോജനം രേഖപ്പെടുത്തി സംസാരിക്കുവാനുള്ള അവസരം വിനിയോഗിച്ചുകൊണ്ട് ടി. എം. ജേക്കബ് ഒരു ദീർഘമായ പ്രസംഗം സഭയിൽ നടത്തുകയുണ്ടായി. അദ്ദേഹം തന്റെ പ്രസംഗം ഉപസംഹരിച്ചുകൊണ്ട് പറഞ്ഞത് ഇപ്രകാരമായിരുന്നു:

''നിയമം കൊണ്ടു മാത്രം ഒരു കുറ്റകൃത്യം നമുക്ക് തടയാൻ സാധ്യമല്ല. ബോധവൽക്കരണവും അതുപോലെ മറ്റു സമീപനങ്ങളും വേണം. ഈ നിയമമൊന്നുമില്ലാതിരുന്ന അവസരത്തിൽ, ഞാൻ വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ ഇവിടത്തെ എഞ്ചിനീയറിംഗ് കോളേജിലെ ചില വിദ്യാർഥികൾക്കെതിരെ റാഗിംഗിന്റെ പേരിൽ ഫലപ്രദമായി നടപടി സ്വീകരിക്കാൻ സാധിച്ചു. കുട്ടികളെ ഡീബാർ ചെയ്യാൻ സാധിക്കും. ടി.സി. കൊടുത്തുവിടാൻ സാധിക്കും. ഡീബാർ ചെയ്തുവിടുന്ന ഒരു കുട്ടിയെ അല്ലെങ്കിൽ കമ്പൽസറി ടി.സി. കൊടുക്കുന്ന ഒരു കുട്ടിയെ മറ്റ് സ്ഥാപനത്തിൽ പ്രവേശിപ്പിക്കണമെങ്കിൽ അവരുടെ കോൺടക്റ്റ് സർട്ടിഫിക്കറ്റും മറ്റു കാര്യങ്ങളും ആവശ്യമാണ്. അങ്ങനെ പലതും നമുക്ക് ചെയ്യാൻ സാധിക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ ഇവിടത്തെ വിദ്യാർഥി സംഘടനകൾക്കും രാഷ്ട്രീയ പാർട്ടികൾക്കും വലിയ ഒരു ഉത്തരവാദിത്വമുണ്ട്. ഇങ്ങനെയുള്ള കുറ്റങ്ങൾ ചെയ്യുന്ന ആളുകളെ പ്രോത്സാഹിപ്പിക്കുകയില്ലെന്നും, അവർക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഒറ്റക്കെട്ടായി നീങ്ങുമെന്നും പറയാൻ നമുക്ക് സാധിച്ചാൽ ഇതൊക്കെ തടയാൻ സാധിക്കും. റാഗിംഗ് നിരോധന നിയമം പാസ്സാക്കിയതുകൊണ്ടുമാത്രം കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന റാഗിംഗ് അവസാനിച്ചു എന്നുള്ള സംതൃപ്തിയോടെ നമുക്ക് പിരിയാൻ സാധ്യമല്ല. ഇതിനെതിരെയുള്ള ശക്തമായ ബോധവൽക്കരണവും പോരാട്ടവും ഇവിടത്തെ വിദ്യാർത്ഥി സംഘടനകളുടെ ഭാഗത്തുനിന്നും ഉണ്ടാകണം. അങ്ങും ഞാനുമൊക്കെ ഒരു കാലഘട്ടത്തിൽ വിദ്യാർത്ഥി സംഘടനകളിൽക്കൂടി രാഷ്ട്രീയത്തിൽ വന്നവരാണ്. അന്നൊക്കെ ഇല്ലാതിരുന്ന ഒരു പ്രവണത പിന്നീട് ഒരുകാലത്ത് വളർന്നു വന്നു. അതിന് ഒരു മാറ്റം ഉണ്ടാകാൻ സഹായകമായ രീതിയിലുള്ള നീക്കം കൂടി ആവശ്യമാണെന്നു സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.''

## ജി. കാർത്തികേയൻ വിയോജിച്ചുകൊണ്ട് യോജിച്ചു.

ബില്ലിനെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ ജി. കാർത്തികേയനും ബില്ലിന്റെ വ്യവസ്ഥകളെ വിലയിരുത്തിക്കൊണ്ട് സാമാന്യം ദീർഘമായി സഭയിൽ സംസാരിക്കുകയുണ്ടായി. അദ്ദേഹം ഉന്നയിച്ച പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കും പ്രകാരമായിരുന്നു:

''സർ, നമ്മുടെ നാടിനെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു ബിൽ ഇവിടെ നിയമമാകുകയാണ്. വിയോജനക്കുറിപ്പുമായി ബന്ധപ്പെട്ട് ടി. എം. ജേക്കബ് ഇവിടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയും ഞങ്ങളും കൂടിയിരുന്ന് വളരെ നേരം ചർച്ച ചെയ്തതിനു ശേഷമാണ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള റാഗിംഗ് നിരോധന ബിൽ നിയമസഭയുടെ മുമ്പിൽ വന്നിട്ടുള്ളത്. ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ശിക്ഷ കുറയ്ക്കണമെന്നുള്ളതാണ് വളരെ



പ്രധാനപ്പെട്ട ഒരു കാര്യമായി ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിലെ വിദ്യാർഥികളെ ശിക്ഷിക്കുന്നതുമായി ബന്ധപ്പെട്ട ഈ ബില്ലിനെ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്തു. അതിലെ എല്ലാ വശങ്ങളും നമ്മളിവിടെ ആലോചിച്ചു. ഞാൻ ഈ ബില്ലിനെ പൂർണ്ണമായും അംഗീകരിക്കുന്നു. റാഗിംഗ് നിർബന്ധമായും നിരോധിക്കണം. അതിന്റെ എല്ലാ സ്പിരിറ്റിനോടും ഞാൻ യോജിക്കുകയാണ്. വിദ്യാർഥികളുടേയും അധ്യാപക സമൂഹത്തിന്റേയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി മുണ്ടശ്ശേരി മാസ്റ്റർ ഒരു വിദ്യാഭ്യാസ ബിൽ ഈ സഭയിൽ അവതരിപ്പിച്ചിരുന്നു. ഇത്തരം ഒരു ബിൽ അവതരിപ്പിക്കുമ്പോൾ അതിന്റെ എല്ലാ വശങ്ങളെയും സംബന്ധിച്ച് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അധ്യാപകരുടെ ഡയറക്ട് പേമെന്റ്, സ്വകാര്യ കോളേജുകളിലെ പ്രവേശനത്തിനുള്ള മെറിറ്റ് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഈ നിയമസഭയിൽ ബിൽ അവതരിപ്പിച്ചിരുന്നു. അന്നത്തെ ആ പ്രക്ഷോഭണ കാലഘട്ടം അങ്ങേക്ക് ഓർമ്മയില്ലേ? അന്ന് കേരളത്തിലെ ധാരാളം വിദ്യാർഥി നേതാക്കൾ ജയിലിലായി. ആ സമരവുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരിയിൽവച്ച് സ്വകാര്യ മാനേജ്മെന്റിന്റെ തല്ലുകിട്ടിയ ആളാണ് ഇവിടെയിരിക്കുന്ന പ്രതിപക്ഷ നേതാവ്. ഇവിടെത്തന്നെ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന അംഗങ്ങൾ വിദ്യാർഥി സമരത്തിലൂടെ വന്നവരാണ്. അതിനുശേഷം വന്ന ആ വിദ്യാഭ്യാസ ബിൽ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് മൗലികമായ മാറ്റങ്ങൾ വരുത്തി. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ മാനേജ്മെന്റ് വലിയ പങ്കുവഹിച്ചവരാണ്. എങ്കിലും അവരെയൊന്ന് മൂക്കുകയറിടാൻ പറ്റിയിട്ടില്ല. അങ്ങനെ വിദ്യാഭ്യാസ മേഖലയിൽ വിദ്യാർഥികൾക്കും അധ്യാപക സമൂഹത്തിനും ഗുണപരമായ മാറ്റങ്ങൾ വരുത്തി നിയമം പാസ്സാക്കിയ ഈ നിയമസഭയിൽ റാഗിംഗ് നിരോധിക്കണമെന്നുള്ള ആഗ്രഹം നിർബന്ധമായും നടപ്പിലാക്കാനുള്ള നടപടി വേണം. അങ്ങനെ നിരോധിക്കുമ്പോൾ നമ്മൾ ചില കാര്യങ്ങൾ ആലോചിക്കണം. ഇത് പഴയ കാലം അല്ല. എന്നെ ഹൈസ്ക്കൂളിൽ പഠിപ്പിച്ച എന്റെ അഭിവന്ദ്യനായ ഗുരുനാഥൻ എ. അലിഹസ്സൻ ഈ സഭയിലുണ്ട്. അപ്പുറത്തും ഇപ്പുറത്തും ധാരാളം അധ്യാപകരുമുണ്ട്. 'മാതാ പിതാ ഗുരു തത്തുല്യം'. അതുപോലുള്ള ഗുരുക്കന്മാരല്ല എല്ലായിടത്തുമുള്ളത്. എന്റെ വീട്ടിലും അധ്യാപകരുണ്ട്. കേരളത്തിൽ ഏറ്റവും അധികം ഓർഗനൈസ്ഡ് പൊളിറ്റിക്സ് ഉള്ളത് അധ്യാപകർക്കാണ്. ആ അധ്യാപകരിൽ ഒരാളാണ് പ്രധാന അധ്യാപകനോ പ്രിൻസിപ്പലോ ആകുന്നത്. റാഗിംഗ് എന്നു പറഞ്ഞാൽ എന്താണ്? റാഗിംഗിനെ സംബന്ധിച്ച് തലനാരിഴ കീറി പരിശോധിക്കാൻ നിയമസഭാ സെക്രട്ടറി ഒരുപാട് സഹായിച്ചിട്ടുണ്ട്. റാഗിംഗ് കൊണ്ട് ഇന്ത്യയിലെ ജനങ്ങൾ ഉദ്ദേശിക്കുന്നത് പ്രൊഫഷണൽ കോളേജിൽ അഡ്മിഷൻ കിട്ടി പോകുമ്പോൾ ജൂനിയറായ കുട്ടികളെ സീനിയറായ കുട്ടികൾ ആക്രമിക്കുകയോ നിന്ദിക്കുകയോ കളങ്കപ്പെടുത്തുകയോ ചെയ്യുന്നു എന്നതാണ്. അതാണ് പൊതുവായ സങ്കൽപ്പം. പ്രൊഫഷണൽ

കോളേജുകളിൽ ഉണ്ടാകാൻ പാടില്ലായെന്ന് നാം ഉദ്ദേശിക്കുന്ന റാഗിംഗ് നിരോധിക്കുന്നതിനുവേണ്ടി നിയമസഭയിൽ കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ നിയമമാകുമ്പോൾ കേരളത്തിലെ ആയിരക്കണക്കിന് വിദ്യാഭ്യാസ സ്ഥാപനങ്ങളെ അത് ബാധിക്കും. കോളേജ് കാമ്പസുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വച്ച് ഉണ്ടാകാവുന്ന കൊച്ചു കൊച്ചു തമാശകൾ, കോളേജുകാമ്പസിലെ ഡൈനിംഗ് ഹാളിൽ വച്ച് ഉണ്ടാകാവുന്ന കൊച്ചു കൊച്ചു തെറ്റുകൾ, ചില്ലറ ചില്ലറ തെറ്റുകൾ, ബസ് യാത്രാ സമയത്ത് ഉണ്ടാകുന്ന കാര്യങ്ങൾ അതൊക്കെ ശരിയാണെന്ന് ഞാൻ പറയുന്നില്ല. അത്തരം കാര്യങ്ങളും പൊളിറ്റിക്സുമായി ബന്ധപ്പെട്ടു വരുന്ന കാര്യങ്ങളും റാഗിംഗ് എന്ന പേരിൽ ഈ ബില്ലിനകത്ത് പറഞ്ഞിട്ടുണ്ട്. വിദ്യാർഥിയെ മാനസികമായും ശാരീരികമായും പീഡിപ്പിക്കുകയും വിദ്യാഭ്യാസം നിർത്തി പോകുകയും കൊലപാതകത്തിലേക്കും ആത്മഹത്യയിലേക്കും വരെ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വരെ ഈ ബില്ലിനകത്ത് വരും. പ്രശസ്തനായ എം. ടി. വാസുദേവൻ നായർ എഴുതി, ഹരിഹരൻ സംവിധാനം ചെയ്ത അമൃതംഗമയ, സൂര്യ ഗായത്രി എന്നീ സിനിമകളിൽ കാണിക്കുന്ന സംഭവങ്ങൾ പ്രൊഫഷണൽ കോളേജുകളിൽ മാത്രമേ നടക്കാറുള്ളൂ. കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിംഗ് വരാൻ പോകുന്നുവെന്ന് ഞാൻ ആവർത്തിച്ചു പറയുകയാണ്. ഒരു വിദ്യാർഥി ചെയ്യുന്ന ചെറിയ തെറ്റുകളിലും രാഷ്ട്രീയമായി ഉണ്ടാകുന്ന ചെറിയ പ്രശ്നങ്ങളിലും വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിക്കും അദ്ദേഹത്തെ സഹായിക്കുന്ന ചില ആളുകൾക്കും വിദ്യാർഥിയോടുള്ള അനിഷ്ടത്തിന്റെ പേരിൽ ഈ നിയമമെടുത്ത് പ്രയോഗിക്കാൻ കഴിയും. ഈ ബിൽ ഇങ്ങനെ പാസ്സാകുന്നതോടുകൂടി ദൂരവ്യാപകമായ ചില പ്രത്യാഘാതങ്ങൾ ഇവിടെ ഉണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. അത് കോളേജ് കാമ്പസിനകത്തും പുറത്തുമാകാം. ഒരിക്കൽ ജൂനിയറായി വരുമ്പോൾ റാഗ് ചെയ്യപ്പെടുന്ന വിദ്യാർത്ഥിയാണ് സീനിയറാകുമ്പോൾ റാഗ് ചെയ്യുന്നത്. റാഗിംഗിന് എതിരെയുള്ള ബോധവൽക്കരണം പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഒരിക്കൽ റാഗിംഗിന് വിധേയനായ ഒരു വിദ്യാർഥി സീനിയറാകുമ്പോൾ മറ്റൊരു ജൂനിയർ വിദ്യാർത്ഥിയെ റാഗ് ചെയ്യുന്നുവെന്നുള്ളത് തെറ്റാണെങ്കിൽപ്പോലും അതിലെ മാനസികവും ചരിത്രപരവുമായ പശ്ചാത്തലം നാം വിലയിരുത്തണം. ഗുരുതരമായ തെറ്റുകൾ ചെയ്യാത്ത, റാഗ് ചെയ്യുന്ന വിദ്യാർഥികളെ ഇത്രയും ക്രൂരമായി ശിക്ഷിക്കണോ? ഇവിടെ പറഞ്ഞിരിക്കുന്ന ശിക്ഷ എന്താണ്? ഇതുമായി ബന്ധപ്പെട്ട ഒരു കാര്യം ഞാൻ പറയുകയാണ്. ഇപ്പോൾ ഫൂലൻ ദേവിയുടെ പേര് നോബൽ സമ്മാനത്തിലേക്ക് സജസ്റ്റ് ചെയ്തിരിക്കുകയാണ്. ഫൂലൻദേവിയെ ഇന്ത്യയിലെ ജനങ്ങൾ പാർലമെന്റിലേക്ക് അയച്ചു. ഫൂലൻദേവി ചെയ്ത തെറ്റ് എന്താണ്? അപ്പോൾ ശിക്ഷയുടെ അർത്ഥമെന്താണ്? മഹാത്മാ ഗാന്ധിയുടെയും ജവഹർലാൽ നെഹ്റുവിന്റെയും ഇ.എം.എസ്സിന്റെയും ബാബാ ആംതേയുടെയും വിനോബാ ഭാവെയുടെയും പേരുകൾ നോമിനേഷന് പോയിട്ടില്ല. സ്ത്രീകളുടെ കാര്യം എടുക്കുകയാണെങ്കിൽ മേധാ പട്ക്കറുടെ പേര് പോയിട്ടില്ല. നെൽസൺ മണ്ടേലയും യാസർ അറാഫത്തും മറ്റ് ആളുകളും ജയിലിൽ കിടന്നതുപോലെ സ്ത്രീകൾക്കുവേണ്ടി പോരാട്ടം നടത്തിയതിന്റെ ഭാഗമായി ഞാനും ജയിലിൽ കിടന്നിട്ടുണ്ടെന്ന് ഇന്ന് ഫൂലൻദേവി പറഞ്ഞിരിക്കുന്നു. ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടന്ന ഒരു വ്യക്തിക്ക് മോചനം കിട്ടി അവരെ ഇന്ത്യൻ പാർലമെന്റിലേക്ക് അയച്ചിട്ട്, ലോകത്തെ പരമോന്നത അംഗീകാരമായ നോബൽ സമ്മാനം കിട്ടിയാലും കിട്ടിയില്ലെങ്കിലും, അതിനുള്ള നോമിനേഷൻ കിട്ടി, അങ്ങനെ ഫൂലൻദേവി നിൽക്കുമ്പോൾ ഇവിടെ പറയുന്ന ശിക്ഷയുടെ അർത്ഥമെന്താണ്?''

**ജി. കാർത്തികേയൻ പ്രസംഗം തുടരുന്നു:**

''സർ, നമ്മുടെ നാട്ടിലെ കുട്ടികൾ ആവേശം കൊണ്ടും പുതിയതായി വരുന്ന കുട്ടികളുടെ മുമ്പിൽ ആളാകുന്നതിനുവേണ്ടിയും ആൺകുട്ടികളുടെ മുമ്പിൽ സൗന്ദര്യമുള്ള പെൺകുട്ടികൾ വന്നാൽ അവരുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനുമൊക്കെ പല കാര്യങ്ങളും ചെയ്യുന്നു. അതിൽ പല ഈഗോകളാണ് വർക്ക് ചെയ്യുന്നത്. ഇത്തരം ചെറിയ ചെറിയ തെറ്റുകളാണ് ചിലപ്പോൾ ചെയ്യുന്നത്. ഗുരുതരമായ തെറ്റുകൾ ചെയ്യുന്നവരെ ശിക്ഷിക്കുവാൻ നമ്മുടെ നാട്ടിൽ നിയമമുണ്ട്. അത് വേണം. പക്ഷേ, തൽക്കാലം ഒരു ആവേശത്തിൽ ഹോസ്റ്റലുകളിൽ വച്ചും, കോളേജ് കാമ്പസുകളിൽ വച്ചും, ബസ്സിൽ വച്ചും, ആൾക്കൂട്ടത്തിന്റെ ആവേശത്തിൽ കാണിക്കുന്ന ചില കാര്യങ്ങളെ സംബന്ധിച്ച് ബില്ലിനകത്ത് കൊണ്ടുവന്നാൽ നമ്മുടെ നാട്ടിൽ ധാരാളം പ്രശ്നങ്ങൾ ഉണ്ടാകും. അതുകൊണ്ട് റാംഗിംഗ് എന്നത് നമ്മുടെ നാട്ടിലെ ഹൈസ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികളിൽവരെ പ്രയോഗിക്കുവാൻ കഴിയുന്ന ഈ നിയമത്തിനകത്ത് കണ്ടില്ല എന്ന് നടിക്കുവാൻ നാം തയ്യാറാകണം. മലയാള സാഹിത്യത്തിൽ വിസ്ഫോടനം സൃഷ്ടിച്ച ഒരു പുസ്തകമാണ് 'ഗോവർദ്ധന്റെ യാത്രകൾ'. അതിൽ ഒരു രാജാവ് ശിക്ഷവിധിക്കുന്നു. അതായത്, അരിയാണെങ്കിലും പൊടിയാണെങ്കിലും മാവാണെങ്കിലും എന്താണെങ്കിലും ഒരു രൂപയ്ക്ക് ഒരു സേർ. അതാണ് അവിടത്തെ നിയമം. അവിടെ ഒരാളുടെ മതിൽ ഇടിഞ്ഞുവീണ് ഒരു ആട് മരിക്കുന്നു. അതിന് ശിക്ഷ കൊടുക്കണ്ടേ? അങ്ങനെ ആടിന്റെ ഉടമസ്ഥനെ വിളിക്കുന്നു, മതിലു കെട്ടാൻ കല്ലുകൊണ്ടുവന്ന ആളിനെ വിളിക്കുന്നു, കുമ്മായം കൊടുത്തവനെ വിളിക്കുന്നു; ശിക്ഷിക്കുന്നു. ആരെയും കിട്ടാതെ വന്നപ്പോൾ രാജാവ് കുമ്മായം കൊണ്ടുവന്നവനെ ശിക്ഷിക്കാൻ തീരുമാനിച്ചു. അവിടത്തെ തൂക്കുകയറിന് ഒരു കുടുക്കുണ്ട്. ശിക്ഷ കിട്ടിയ ആളിന്റെ കഴുത്തിലേക്ക് കുടുക്ക്

*കയറുന്നില്ല. അവസാനം വഴിപോക്കനായ ഗോവർദ്ധന്റെ കഴുത്ത് ഈ കുടുക്കിലേക്ക് കടക്കുന്നു. ഗോവർദ്ധനനെ ശിക്ഷിക്കുന്നു. അതാണ് 'ഗോവർദ്ധന്റെ യാത്രകൾ' എന്ന പുസ്തകത്തിലെ സാരാംശം. അതാണ് ഇപ്പോഴും നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുന്ന, നമ്മുടെ നാട്ടിൽ ഇപ്പോഴും കോളിളക്കം ഉണ്ടാക്കുന്ന കാര്യമാണ്. തൂക്കുകയറിന്റെ കുടുക്കിന് യോജിക്കുന്ന രീതിയിൽ വഴിപോക്കരായി പോകുന്ന ആളിനെ ശിക്ഷിക്കുന്ന ഏർപ്പാട്, നമ്മുടെ പഴയ നാട്ടുനടപ്പ്, പുസ്തകത്തിൽ ആണെങ്കിലും ഉണ്ട്. വിദ്യാർഥി രംഗത്തുകൂടി വിദ്യാർഥി രംഗത്തിന്റെ കിതപ്പും കുതിപ്പും ഒക്കെ അറിഞ്ഞു വന്നിട്ടുള്ള ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ നായർ, വിദ്യാർഥി തെറ്റ് ചെയ്താൽ അത് ക്ഷമിക്കണം. സമൂഹത്തിനുവേണ്ടി ധാരാളം വേദനകൾ അനുഭവിച്ചവരാണ് കേരളത്തിലെ വിദ്യാർഥികൾ. സ്വന്തം അധ്യാപകർക്ക് വേണ്ടി സമരം ചെയ്യുന്നവരാണ് വിദ്യാർഥികൾ. അങ്ങനെയുള്ള വിദ്യാർഥി സമൂഹത്തിൽപ്പെട്ട ചില ആളുകൾ കാണിക്കുന്ന ചെറിയ തെറ്റിന് മഹാശിക്ഷ കൊടുക്കുന്നു. ഫൂലൻ ദേവിക്ക് നോബൽ സമ്മാനം കൊടുക്കാൻ പോകുന്ന ഈ നാട്ടിൽ ശിക്ഷയുടെ കാലാവധി കുറയ്ക്കുന്നതിനുള്ള ചിന്ത ഉണ്ടാകണം. അത് ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും ഞാൻ പ്രതീക്ഷിക്കുകയാണ്.''*

## കാൽനൂറ്റാണ്ടിനിപ്പുറം

വയനാട് ജില്ലയിലെ പൂക്കോട് വെറ്ററിനറി സർവ്വകലാശാലാ കാമ്പസിൽ ഒരു വിദ്യാർഥി അകാലമൃത്യുവിനിരയായ സംഭവത്തിലേക്ക് നയിച്ച കാര്യങ്ങളും 26 വർഷങ്ങൾക്ക്മുമ്പ് ഒരു നിയമ നിർമ്മാണ വേളയിൽ സഭയിലെ സീനിയർ അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഉന്നയിച്ച കാര്യങ്ങളും പരിശോധിച്ചാൽ ഒട്ടേറെ സമാനതകൾ കാണാവുന്നതാണ്. ശക്തമായ ഒരു നിയമം നിർമ്മിക്കപ്പെട്ടാൽപ്പോലും റാഗിംഗ് എന്ന പേരിൽ കാമ്പസുകളിൽ നടന്നുവരുന്ന സംസ്കാരശൂന്യമായ നടപടികൾ ഭാവിയിൽ കൂടുതൽ കരുത്തുനേടുമെന്ന് നമ്മുടെ നിയമസഭാംഗങ്ങൾ അന്നുതന്നെ പ്രവചിച്ചിരുന്നു. കേവലം ഒരു നിയമനിർമ്മാണത്തിലൂടെ മാത്രം ഒഴിവാക്കപ്പെടാവുന്ന ഒരു വിപത്തല്ല റാഗിംഗ് എന്ന് കാലം തെളിയിച്ചിരിക്കുന്നു. നിലവിലുള്ള നിയമം ശക്തമായും കർശനമായും നടപ്പാക്കുന്നതോടൊപ്പം ആധുനിക സമൂഹ മനസ്സാക്ഷിയുടെ സജീവമായ ഇടപെടൽകൂടി അനിവാര്യമായ ഒരു മേഖലയായി അത് രൂപാന്തരപ്പെട്ടിരിക്കുന്നു.

ജാഗ്രത... ജാഗ്രത... ജാഗ്രത...

*(തുടരും...)*

# പരിരക്ഷ ജനാധിപത്യത്തിന് മാത്രം, കോഴയ്ക്കല്ല

നിയമനിർമ്മാണ സഭകളിലെ അംഗങ്ങൾ കോഴ വാങ്ങിയാൽ അഴിമതി നിരോധന നിയമപ്രകാരം നടപടി സ്വീകരിക്കാമെന്ന് സുപ്രീം കോടതി. പാർലമെന്ററി അവകാശങ്ങളുടെ പരിരക്ഷ കോഴ വാങ്ങിയാൽ കിട്ടില്ലെന്നും പരമോന്നത കോടതി വിധിച്ചു. നിയമ നിർമ്മാണ സഭകളിൽ വോട്ട് ചെയ്യുന്നതിനോ പ്രസംഗിക്കുന്നതിനോ മാത്രമല്ല കൈക്കൂലി വാങ്ങുന്നതിനും നിയമ പരിരക്ഷയുണ്ടെന്നാണ് 1998 ലെ പി. വി. നരസിംഹ റാവു കേസിലെ (ജെ.എം.എം. കോഴ കേസ്) വിധി. ഭരണഘടനയുടെ 105(2) അനുച്ഛേദപ്രകാരം എം.പി. മാർക്കും, 194(2) പ്രകാരം എം.എൽ.എ.മാർക്കും വിചാരണ നേരിടുന്നതിൽ നിന്ന് പരിരക്ഷ ലഭിക്കുമെന്ന 1998 ലെ അഞ്ചംഗ ബെഞ്ചിന്റെ വിധിയാണ് ചീഫ് ജസ്റ്റിസ് ഡി. വൈ. ചന്ദ്രചൂഡ് അധ്യക്ഷനായുള്ള ഏഴംഗ ഭരണഘടനാ ബെഞ്ച് അസാധുവാക്കിയത്. ഭരണഘടനയുടെ 105(2), 194(2) വകുപ്പുകൾ ആവിഷ്ക്കരിച്ചത് നിയമ നിർമ്മാണ സഭക്കുള്ളിൽ അംഗങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനവും അഭിപ്രായ പ്രകടനങ്ങളും ഉറപ്പാക്കുന്നതിന് വേണ്ടിയാണെന്നും ക്രിമിനൽ നടപടികളുടെ കാര്യത്തിൽ സാമാജികരെ രാജ്യത്തെ മറ്റു പൗരന്മാരിൽ നിന്ന് വേർതിരിക്കുകയല്ല അവയുടെ ഉദ്ദേശ്യമെന്നും ഭരണഘടനയുടെ ആശയങ്ങളെയും അഭിലാഷങ്ങളെയും തകർക്കുന്നതാണ് അഴിമതിയും കൈക്കൂലിയുമെന്നും അത് അച്ചടക്ക ലംഘനമാണെന്നും വിധിയിൽ പറയുന്നു.

*ഇന്ത്യൻ ഭരണഘടനയുടെ 105(2) വകുപ്പ് പാർലമെന്റിന്റെ ഇരുസഭകളുടെയും അധികാരങ്ങൾ, അവകാശങ്ങൾ എന്നിവ പരാമർശിക്കുന്നു. 194(2) വകുപ്പ് നിയമ നിർമ്മാണ സഭയിൽ പറയുന്ന കാര്യങ്ങളുടെയോ വോട്ടു ചെയ്യുന്നതിന്റെയോ അടിസ്ഥാനത്തിൽ അതിലെ അംഗങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കാനാകില്ലെന്നും വ്യക്തമാക്കുന്നു. ഈ വകുപ്പുകളുടെ പിൻബലത്തിൽ നിയമ നിർമ്മാണസഭകളിൽ ഏതെങ്കിലും പ്രത്യേക വിധത്തിൽ വോട്ട് ചെയ്യുന്നതിനോ പ്രസംഗിക്കുന്നതിനോ വേണ്ടി കോഴ വാങ്ങുന്ന അംഗത്തിന് നിയമനടപടിയിൽ നിന്ന് പരിരക്ഷയുണ്ടെന്നായിരുന്നു 1998ൽ സുപ്രീം കോടതി അഞ്ചംഗ ബെഞ്ചിന്റെ വിധി.*



# ആഗസ്റ്റ് പ്രക്ഷോഭം കേരളത്തിൽ

*'ഞാൻ ഇവിടെ നിങ്ങൾക്ക് ഒരു മന്ത്രം പറഞ്ഞ് തരാം, അത് നിങ്ങൾ ഹൃദയത്തിൽ മുദ്രണം ചെയ്യണം, നിങ്ങളുടെ ഓരോ ശ്വാസവും അതിനായി വിഭാവനം ചെയ്യണം, പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്നതാണ് ആ മന്ത്രം. ഒന്നുകിൽ നിങ്ങൾ സ്വാതന്ത്ര്യം നേടിയെടുക്കുക അല്ലെങ്കിൽ അതിലേക്കായുള്ള ശ്രമ ത്തിൽ മരിക്കുക.'*

*-മഹാത്മാ ഗാന്ധി*


**തയ്യാറാക്കിയത്:**

**രാഖി കെ. വി.**


**സെക്ഷൻ ഓഫീസർ**


1857ലെ സ്വാതന്ത്ര്യസമരം കഴിഞ്ഞാൽ ബ്രിട്ടനെതിരെ ഇന്ത്യ നടത്തിയ ഏറ്റവും ശക്തമായ ജനകീയ മുന്നേറ്റമായിരുന്നു ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭം. ആഗസ്റ്റിൽ തുടക്കമിട്ട പ്രക്ഷോഭമായതിനാൽ 'ആഗസ്റ്റ് പ്രക്ഷോഭം' എന്നും ഇതറിയപ്പെടുന്നു. 1942ൽ 'ഹരിജൻ പത്രിക'യിൽ എഴുതിയ ഒരു ലേഖനത്തിലാണ് ബ്രിട്ടീഷുകാർ ഇന്ത്യ വിടണം എന്ന ആശയം ഗാന്ധിജി തുറന്നെഴുതിയത്. ഈ ആശയത്തിൽ നിന്ന് ക്വിറ്റ് ഇന്ത്യ എന്ന മുദ്രാവാക്യം രൂപപ്പെടുത്തിയത് ബോംബെക്കാരനായ യൂസഫ് മെഹർ അലിയാണ്. 1942 ജൂലൈ 14 ന് വാർധയിൽ നടന്ന കോൺഗ്രസ് പ്രവർത്തക സമിതി ഗാന്ധിജിയുടെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും 1942 ആഗസ്റ്റ് 8 ന് ബോംബെയിൽ നടന്ന കോൺഗ്രസ് സമ്മേളനത്തിൽ നെഹ്റു ക്വിറ്റ് ഇന്ത്യ പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. പ്രമേയം സർദാർ വല്ലഭായി പട്ടേൽ പിന്താങ്ങി. ബോംബെയിലെ ഗോവാലിയ ടാങ്ക് മൈതാനത്ത് (ക്രാന്തി മൈതാനം) നടന്ന സമ്മേളനത്തിലെ അധ്യക്ഷൻ മൗലാന അബ്ദുൽകലാം ആസാദായിരുന്നു. സമ്മേളനം കഴിഞ്ഞ് നേതാക്കൾ പിരിയുന്നതിന് മുൻപ് തന്നെ ഗാന്ധിജി, നെഹ്റു, സർദാർ പട്ടേൽ അടക്കമുള്ള നേതാക്കൾ അറസ്റ്റിലായി. തുടർന്ന് ഗോവാലിയ ടാങ്ക് മൈതാനത്ത് ത്രിവർണ്ണ പതാക ഉയർത്തിയത് അരുണ ആസഫ് അലിയായിരുന്നു.


1939 സെപ്റ്റംബർ 1 ന് രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു. ഇന്ത്യയുടെ ആൾബലവും വിഭവശേഷിയുമില്ലാതെ യുദ്ധത്തിൽ പിടിച്ച് നിൽക്കാൻ ബ്രിട്ടന് ആകുമായിരുന്നില്ല. അന്നത്തെ ഇന്ത്യൻ വൈസ്രോയി ലിൻലിത്ത്ഗോ പ്രഭു ഇന്ത്യയെ സഖ്യകക്ഷികളുടെ ചേരിയിൽ ഉൾപ്പെടുത്തി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. ഇന്ത്യാക്കാരുടെ അഭിപ്രായമാരായാതെ എടുത്ത ഈ നടപടിയിൽ പ്രതിഷേധിച്ച് 1939 ഡിസംബർ 2ന് കോൺഗ്രസ് മന്ത്രിസഭകൾ രാജി വയ്ക്കുകയും ഇന്ത്യൻ മുസ്ലീംലീഗ് ഈ ദിവസത്തെ വിമോചന ദിനമായി ആചരിക്കുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി 1940 ൽ ബീഹാറിൽ നടന്ന കോൺഗ്രസ് സമ്മേളനം വ്യക്തി സത്യഗ്രഹം ആരംഭിക്കാൻ തീരുമാനിച്ചു. ഒരു ദേശീയ സർക്കാരിനായുള്ള ആവശ്യം നിരാകരിച്ചതും, യുദ്ധത്തിനെതിരായ ആശയപ്രചാരണ സ്വാതന്ത്ര്യം നിഷേധിച്ചതും, ഇന്ത്യക്കാരുടെ താൽപര്യം മാനിക്കാതെ ഇന്ത്യയെ രണ്ടാം ലോക മഹായുദ്ധത്തിൽ സഖ്യകക്ഷികളുടെ കൂട്ടത്തിൽ കൂട്ടിയതും വ്യക്തി



യൂസഫ് മെഹർ അലി




ജവഹർലാൽ നെഹ്റു



സർദാർ വല്ലഭായി പട്ടേൽ



അരുണ ആസഫ് അലി



കെ. കേളപ്പൻ

സത്യഗ്രഹം എന്ന സമരമുറയിലേക്ക് കോൺഗ്രസിനെ നയിച്ചു.

കേരളത്തിൽ നിന്നും ഇതിലേക്കായി ആദ്യം തെരഞ്ഞെടുത്തത് കെ. കേളപ്പനെയായിരുന്നു. സത്യഗ്രഹ സമരത്തെത്തുടർന്ന് 1940 നവംബർ 21 ന് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. 1941 മേയ് വരെ ഏതാണ്ട് ഇരുപത്തയ്യായിരത്തിലധികം പേർ ഇന്ത്യയിലൊട്ടാകെ അറസ്റ്റിലായി. കേരളത്തിൽ നിന്ന് 149 പേർ വ്യക്തിസത്യഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

രണ്ടാം ലോക മഹായുദ്ധത്തിൽ ജർമ്മനിയുടെ മുന്നേറ്റത്തിൽ പതറിയ സഖ്യകക്ഷികൾ ഇന്ത്യയുടെ പൂർണ്ണ സഹകരണം ഉറപ്പാക്കുന്നതിനായുള്ള ദൗത്യം ബ്രിട്ടീഷ് ക്യാബിനറ്റ് മന്ത്രിയായിരുന്ന സർ. സ്റ്റാഫോർഡ് ക്രിപ്സിനെ ഏൽപ്പിച്ചു. ഇന്ത്യയ്ക്ക് ഡൊമിനിയൻ പദവിയും ഭരണഘടനാ സമിതിയും അനുവദിക്കുന്നതാണെന്നും മുസ്ലീം ലീഗിന്റെ പാകിസ്ഥാൻ വാദം അംഗീകരിക്കാമെന്നും ക്രിപ്സ് പ്രഖ്യാപിച്ചു. എന്നാൽ ക്രിപ്സിന്റെ ദൗത്യം പരാജയപ്പെടുകയും ശക്തമായ സമരത്തിലേക്ക് ഇത് കോൺഗ്രസിനെ നയിക്കുകയും ചെയ്തു.

1942 ആഗസ്റ്റ് 7, 8 തീയതികളിൽ ബോംബെയിലെ ഗോവാലിയ ടാങ്ക് മൈതാനത്ത് കൂടിയ കോൺഗ്രസ് അഖിലേന്ത്യാ സമ്മേളനത്തിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ അഹിംസാ മാർഗ്ഗത്തിലൂടെ ഒരു ബഹുജന സമരം തുടങ്ങുവാനും പൂർണ്ണ സ്വാതന്ത്ര്യം മാത്രമാണ് ലക്ഷ്യമെന്നും ഇതിനായി മരിക്കാനും തയ്യാറാകണമെന്നും പ്രഖ്യാപിച്ചു. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന മുദ്രാവാക്യവും ഈ സമ്മേളനത്തിൽ ഗാന്ധിജി നൽകി. ഇതിനെത്തുടർന്ന് രാജ്യവ്യാപകമായി നടന്ന അറസ്റ്റിൽ കേരളത്തിൽ നിന്ന് കെ. കേളപ്പൻ, കെ. മാധവമേനോൻ, ആർ. രാഘവ മേനോൻ, കെ. എം. ദാമോദര മേനോൻ, എം. പി. ഗോവിന്ദ മേനോൻ, ഇ. മൊയ്തു മൗലവി, സി. കെ. ഗോവിന്ദൻ നായർ, എ. വി. കുട്ടിമാളു അമ്മ തുടങ്ങിയ നേതാക്കൾ അറസ്റ്റിലായി. കോഴിക്കോട്, ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ നിരോധനാജ്ഞയും കോൺഗ്രസിനെ നിയമവിരുദ്ധ സംഘടനയായും പ്രഖ്യാപിച്ചു.

ദേശീയ നേതാക്കളുടെയും രാഷ്ട്രീയ പ്രവർത്തകരുടെയും അറസ്റ്റിൽ പ്രതിഷേധിച്ച് കോഴിക്കോട് വിളിച്ചുകൂട്ടിയ പൊതുയോഗത്തിൽ നിരവധി പേർ പങ്കെടുത്തു. കോഴിക്കോട്, പയ്യന്നൂർ, കണ്ണൂർ, നീലേശ്വരം, തൃശ്ശൂർ എന്നീ പ്രധാന കേന്ദ്രങ്ങളിൽ ഹർത്താൽ ആചരിച്ചു. സർക്കാർ ഓഫീസുകളിലും കോടതികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രതിഷേധ സമരം അരങ്ങേറി. പയ്യന്നൂർ പോലീസ് സ്റ്റേഷൻ, കോഴിക്കോട് കളക്ടറുടെ ബംഗ്ലാവ് എന്നിവിടങ്ങളിൽ ത്രിവർണ്ണ പതാക ഉയർത്തിയതിന്



## ഗോവാലിയ ടാങ്ക് മൈതാനം

ബോംബെ സെൻട്രലിലെ ഈ മൈതാനത്താണ് ഗാന്ധിജി 'ക്വിറ്റ് ഇന്ത്യ' പ്രഖ്യാപനം നടത്തിയത്. പശുക്കളെ കുളിപ്പിക്കാനും പരിപാലിക്കാനും മറ്റും സൗകര്യമുണ്ടായിരുന്ന ഇടം എന്ന നിലയിലാണ് മൈതാനത്തിന് ഗോവാലിയ ടാങ്ക് എന്ന പേര് വന്നതെന്ന് പറയപ്പെടുന്നു. മുൻപ് ചെറിയ തടാകം പോലെ കിടന്ന സ്ഥലം പിന്നീട് മൈതാനമാക്കുകയായിരുന്നു. നിലവിൽ ആഗസ്റ്റ് ക്രാന്തി മൈതാനമെന്ന് അറിയപ്പെടുന്നു. ഒരു കാലത്ത് മുദ്രാവാക്യങ്ങൾ പ്രകമ്പനം കൊള്ളിച്ചിരുന്ന മൈതാനം ഇന്ന് ഏറെ ശാന്തമാണ്. മൈതാനത്തിന്റെ ഒരു ഭാഗം മനോഹരമായ പാർക്കാണ്. മറുഭാഗത്ത് ക്വിറ്റ് ഇന്ത്യ സ്മാരക സ്തൂപവും.

## കീഴരിയൂർ ബോംബ് കേസ്

ആഗസ്റ്റ് പ്രക്ഷോഭവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന ശക്തമായ പ്രതിഷേധത്തിന്റെ ഭാഗമായി അരങ്ങേറിയ സംഭവമായിരുന്നു കീഴരിയൂർ ബോംബ് കേസ്. 1942 നവംബർ 17നാണ് ബ്രിട്ടീഷ് സർക്കാരിനെ വിറപ്പിച്ച ബോംബ് സ്ഫോടനങ്ങൾ നടന്നത്. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിക്ക് സമീപം കീഴരിയൂരിലായിരുന്നു ബോംബ് നിർമ്മിച്ചത്.

സോഷ്യലിസ്റ്റ് നേതാവ് ഡോ. കെ. ബി. മേനോനും കൂട്ടരുമായിരുന്നു പ്രക്ഷോഭത്തിന് നേതൃത്വം വഹിച്ചത്. 1942 നവംബർ 9ന് വിധ്വംസക ദിനമായി പ്രഖ്യാപിച്ച് വിവിധയിടങ്ങളിൽ ആളപായമില്ലാത്ത ബോംബ് പൊട്ടിച്ച് ബ്രിട്ടീഷുകാരെ ഞെട്ടിക്കുക എന്നതായിരുന്നു ലക്ഷ്യം. ഇതിനായി കീഴരിയൂർ ഗ്രാമത്തെ ബോംബ് നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തു. എല്ലായിടത്തും ബോംബ് പൊട്ടിക്കാനുള്ള പദ്ധതി പരാജയപ്പെട്ടെങ്കിലും പാട്യം വില്ലേജ് ഓഫീസ്, കീഴ്ത്തള്ളി വില്ലേജ് ഓഫീസ്, കോഴിക്കോട് മദ്രാസ് ഗവർണർ പ്രസംഗിക്കുന്ന പന്തൽ, കല്ലായി റെയിൽവേ സ്റ്റേഷൻ, കല്ലായി ടിംബർ കേന്ദ്രം, മലാപ്പറമ്പ് ഗോൾഫ് ക്ലബ്, തലശ്ശേരി പാത്തിപ്പാലം, പാലക്കാട് വിക്ടോറിയ കോളേജ് ലാബ്, മുക്കാളി മത്സ്യം ഉണക്ക് കേന്ദ്രം, പള്ളിക്കുന്ന് പോസ്റ്റ് ഓഫീസ്, കണ്ണൂർ ഗേൾസ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ ഒരേ സമയം ബോംബ് പൊട്ടി.

സ്ഫോടനവുമായി ബന്ധപ്പെട്ട് കെ. ബി. മേനോൻ ഉൾപ്പെടെ ഇരുപത്തിയേഴ് പേർ അറസ്റ്റിലായി. പന്ത്രണ്ട് പേർക്ക് ഏഴ് കൊല്ലം തടവും ഒരാൾക്ക് പത്ത് കൊല്ലം കഠിനതടവുമായിരുന്നു ശിക്ഷ.

നിരവധി പേർ അറസ്റ്റ് ചെയ്യപ്പെട്ടു. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ക്ലാസ്സുകൾ ബഹിഷ്കരിച്ചു.

1942 ആഗസ്റ്റ് 19 ന് ചേമഞ്ചേരി റെയിൽവെ സ്റ്റേഷൻ, രജിസ്റ്റർ ഓഫീസ് എന്നിവിടങ്ങൾ സമരക്കാർ തീവച്ചു. കൊയിലാണ്ടി–ബാലുശ്ശേരി റോഡിൽ ഉള്ളിയേരി പാലം തകർത്തു. ഇതിന്റെ പേരിൽ എൻ. നാരായണൻ നമ്പ്യാർ, എൻ. ദാമോദരൻ നായർ, കെ. അച്യുതൻ നായർ, കെ. ഗോപാലൻ നായർ, എം. എ. അപ്പുക്കുട്ടി നമ്പ്യാർ എന്നിവർ അറസ്റ്റ് ചെയ്യപ്പെട്ടു. തലശ്ശേരി സബ് കോടതിയ്ക്കും, നാദാപുരം മുൻസിഫ് കോടതിയ്ക്കും ബോംബേറിൽ കേട്പറ്റി. ചേമ്പാലിലെ സർക്കാർ വക ഉപ്പ് ഡിപ്പോ തീവച്ചു. ക്വിറ്റ് ഇന്ത്യാ സമരവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന പ്രധാന സംഭവമായിരുന്നു കീഴരിയൂർ ബോംബ്കേസ്. സർക്കാർ കെട്ടിടങ്ങൾ, റെയിൽവേ പാലങ്ങൾ എന്നിവ തകർക്കുക എന്ന ഉദ്ദേശ്യത്തോടെ ബോംബുകൾ ഉണ്ടാക്കി എന്നതായിരുന്നു കേസ്. സമരത്തിന്റെ ഭാഗമായി ടെലിഫോൺ, ടെലിഗ്രാഫ് കമ്പികളും മുറിച്ചു മാറ്റി.

ക്വിറ്റ് ഇന്ത്യ സമരത്തിന് ആവേശം പകരാനും നേതാക്കൾക്ക് നിർദ്ദേശങ്ങൾ നൽകാനുമായി കോഴിക്കോട് നിന്ന് ആരംഭിച്ച 'സ്വതന്ത്ര ഭാരതം' എന്ന പത്രത്തിന്റെ പ്രസ്സ് സർക്കാർ കണ്ടുകെട്ടി. തുടർന്ന് പത്രം കുടകിൽ നിന്നും അച്ചടിച്ച് കേരളത്തിലെത്തിച്ചു. പച്ചക്കറി കൊട്ടയിലും മറ്റും ഒളിപ്പിച്ചാണ് പത്രം കേരളത്തിലെത്തിച്ചതും വിതരണം ചെയ്തതും. സ്വതന്ത്ര ഭാരതം ആകെ പതിനേഴ് ലക്കങ്ങൾ അച്ചടിച്ചു.

തിരുവിതാംകൂറിൽ ക്വിറ്റ് ഇന്ത്യ സമരത്തിന്റെ നേതൃത്വം വഹിച്ചിരുന്നത് സ്റ്റേറ്റ് കോൺഗ്രസായിരുന്നു. ഉത്തരവാദഭരണ സമരവുമായി ബന്ധപ്പെട്ട് നിരവധി നേതാക്കൾ ജയിലിലായതിനാൽ തിരുവിതാംകൂറിൽ സമരത്തിന് തീവ്രത കുറവായിരുന്നു. വിദ്യാർത്ഥികളായിരുന്നു സമരത്തിന് നേതൃത്വം വഹിച്ചത്. സമരങ്ങളും പ്രതിഷേധങ്ങളും തടയാൻ ദിവാൻ സർ സി. പി. യോഗങ്ങളും പ്രതിഷേധങ്ങളും നിരോധിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. നിരോധനം ലംഘിച്ച് യോഗം ചേർന്നതിന് ആനി മസ്ക്രീൻ, എസ്. ശിവൻ പിള്ള, ആതിനാട്ട് കരുണാകരൻ പിള്ള തുടങ്ങിയ നേതാക്കളെ അറസ്റ്റ് ചെയ്തു.

കൊച്ചിയിൽ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് കൊച്ചി രാജ്യപ്രജാമണ്ഡലമായിരുന്നു. എറണാകുളം, മട്ടാഞ്ചേരി, ഇരിങ്ങാലക്കുട, തൃപ്പൂണിത്തുറ, കൊടുങ്ങല്ലൂർ, തൃശ്ശൂർ എന്നിവിടങ്ങളിൽ ഹർത്താലുകളും പ്രതിഷേധ പ്രകടനവും അരങ്ങേറി. എറണാകുളത്ത് പനമ്പിള്ളി ഗോവിന്ദമേനോന്റെ നേതൃത്വത്തിൽ ചേർന്ന പൊതുയോഗം ദേശീയ നേതാക്കന്മാരുടെ അറസ്റ്റിൽ പ്രതിഷേധിച്ചു. കൊച്ചിയിൽ സമരത്തെ അടിച്ചമർത്താനുള്ള നീക്കങ്ങൾ നടന്നു. ദിവാൻ എ. എഫ് .ഡബ്യു. ഡിക്സൺ പൊതുയോഗങ്ങളും ജാഥകളും നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിൽ പ്രതിഷേധിച്ച് എറണാകുളം മഹാരാജാസ് കോളേജിലെ വിദ്യാർത്ഥികൾ ശക്തമായ സമരം സംഘടിപ്പിച്ചു. തുടർന്ന് കോളേജ് അടച്ചിട്ടു.

ഭാരതത്തെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന് വടക്കേ ഇന്ത്യയിൽ ശക്തമായ ജനകീയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞു. അവിടെ പ്രക്ഷോഭം ആളിക്കത്തിയതിനാൽ പല പ്രദേശങ്ങളിൽ നിന്നും ബ്രിട്ടീഷുകാർക്ക് പിൻവാങ്ങേണ്ടി വന്നു. ബംഗാളിലെ മിഡ്നാപ്പൂർ ജില്ലയിലെ രണ്ട് സബ് ഡിവിഷനുകളിൽ സ്വയംഭരണം പ്രഖ്യാപിച്ചു. ഉത്തർപ്രദേശിലെ ബല്ലിയയിൽ ജില്ലാഭരണകൂടത്തെ പുറത്താക്കി പ്രക്ഷോഭകർ ഭരണം പിടിച്ചു. ജയിലുകളിൽ നിന്ന് കോൺഗ്രസ് നേതാക്കളെ മോചിപ്പിച്ചു. മഹാരാഷ്ട്രയിലും ഒഡീഷയിലും മധ്യപ്രദേശിലുമെല്ലാം ഇത്തരത്തിൽ ശക്തമായ സമരമാണ് നടന്നത്. എന്നാൽ ക്വിറ്റ് ഇന്ത്യാ സമരവുമായി ബന്ധപ്പെട്ട് കേരളത്തിൽ ഇത്തരത്തിലൊരു ജനകീയ മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞില്ലായെന്നത് ചരിത്രസത്യം.

*''ഇന്ത്യ ഇതാ കാൽച്ചങ്ങലകളും കൈവിലങ്ങുകളും പൊട്ടിച്ച് തീച്ചൂളയിലേക്ക് ചാടാൻ തുടങ്ങുന്നു. ഒന്നുകിൽ ഈ തീച്ചൂളയിൽ നിന്ന് ഒരു സ്വതന്ത്ര ജനത ഉയർന്ന് വരും. അല്ലെങ്കിൽ ഈ പരാധീന ജനത ഒരുപിടി ചാരമായി മണ്ണടിയും''*

*-ജവഹർലാൽ നെഹ്റു*



# കൊളീജിയം സംവിധാനത്തിന്റെ ആവിർഭാവം

തയ്യാറാക്കിയത്:
**ശ്യാം കെ. എസ്., സെക്ഷൻ ഓഫീസർ**

ജനാധിപത്യത്തിന്റെ മൂന്നു തൂണുകളായ ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയിൽ ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തിൽ ലെജിസ്ലേച്ചറും എക്സിക്യൂട്ടീവും പരസ്പര പൂരകങ്ങളായി നിൽക്കുമ്പോൾ ജുഡീഷ്യറി ബാഹ്യ ഇടപെടലുകൾക്ക് വശംവദമാകാതെ നിൽക്കുന്ന ഒരു അടിസ്ഥാന ശിലയാണ്. ഈ അർത്ഥത്തിൽ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ മുക്കാൽ നൂറ്റാണ്ട് നീളുന്ന ചരിത്രത്തിൽ ഇവയിൽ അധികം പരിക്കുപറ്റാതെയും വിമർശന വിധേയമാകാതെയും നിലനിൽക്കുന്നതും ജുഡീഷ്യറിയാണ്.

ഇന്ത്യൻ ജുഡീഷ്യൽ നിയമന ചരിത്രം വാറൻ ഹേസ്റ്റിംഗ്സ് നടപ്പാക്കിയ 1773 ലെ റെഗുലേറ്റിംഗ് ആക്റ്റ് മുതൽ ആരംഭിക്കുന്നു. ബ്രിട്ടീഷ് ഇന്ത്യയിൽ റെഗുലേറ്റിംഗ് ആക്റ്റിന്റെ അടിസ്ഥാനത്തിൽ കൽക്കട്ടയിൽ സുപ്രീംകോടതി സ്ഥാപിതമായ ശേഷവും ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ഭരണവും വ്യവഹാരങ്ങളും നിയതമായ ക്രമത്തിലല്ലാത്തതിനാൽ കമ്പനിഭരണം നിയന്ത്രിക്കുന്നതിനായി ബ്രിട്ടീഷ് രാജ്ഞി 1860 ൽ ഇന്ത്യൻ പീനൽ കോഡും 1872 ൽ ഇന്ത്യൻ എവിഡൻസ് ആക്റ്റും പുറപ്പെടുവിച്ചു. സമാനമായി 1861 ലെ ഇന്ത്യൻ

ഹൈക്കോർട്ട് ആക്റ്റ് പ്രകാരം ബോംബെ, മദ്രാസ്, കൽക്കത്ത എന്നിവിടങ്ങളിൽ ഹൈക്കോടതികൾ സ്ഥാപിക്കപ്പെട്ടപ്പോഴാണ് ജുഡീഷ്യൽ നടപടിക്രമങ്ങൾക്കും ജുഡീഷ്യൽ നിയമനങ്ങൾക്കും പരിഷ്കൃത രൂപം കൈവന്നത്.

സ്വതന്ത്ര ഇന്ത്യയിലെ ജുഡീഷ്യൽ നിയമനങ്ങൾക്ക് ആധാരമായത് 1945 ലെ സപ്രു കമ്മിറ്റി റിപ്പോർട്ടാണ്. ഇന്ത്യക്ക് ഒരു സുപ്രീംകോടതി വേണമെന്നും ജഡ്ജിമാരുടെ നിയമനം സുപ്രീംകോടതി ചീഫ് ജസ്റ്റിസുമായി ആശയവിനിമയം നടത്തി ഇന്ത്യൻ പ്രസിഡന്റ് നടത്തേണ്ടതാണെന്നും സപ്രു കമ്മീഷൻ നിഷ്കർഷിച്ചിരുന്നു. എന്നാൽ വിശദമായിചർച്ച നടത്തി ക്രോഡീകരിച്ച ഭരണഘടനയിൽ ഉന്നത നീതിപീഠങ്ങളിലെ ജുഡീഷ്യൽ നിയമനങ്ങൾ ഏതു വിധത്തിലായിരിക്കണമെന്ന പ്രത്യേകമായ നിർദ്ദേശങ്ങൾ ഒന്നും ഉൾപ്പെടുത്തിയിരുന്നില്ല. 65 വയസ് കഴിയാത്ത ഇന്ത്യൻ പൗരനായ അഞ്ചു വർഷം സേവന കാലാവധി പൂർത്തിയാക്കിയ ഒരു ഹൈക്കോടതി ജഡ്ജിയെയോ, 10 വർഷത്തിലധികം ഹൈക്കോടതിയിൽ പ്രാക്ടീസുള്ള അഡ്വക്കേറ്റിനെയോ, അതി വിശിഷ്ടനായ നിയമജ്ഞനെയോ പ്രസിഡന്റിന് സുപ്രീംകോടതി ജഡ്ജിയായി നിയമിക്കാവുന്നതാണെന്ന് അനുച്ഛേദം 124 പ്രകാരം ഭരണഘടന പറയുന്നു. 1950 ജനുവരി 28 ന് പ്രവർത്തനം ആരംഭിച്ച സുപ്രീം കോടതിയുടെ ആദ്യ ചീഫ് ജസ്റ്റിസായി ഹരിലാൽ ജെ. കനിയ നിയമിതനായി. തുടർന്നുള്ള ചീഫ് ജസ്റ്റിസുമാരുടെ നിയമനങ്ങളെല്ലാം തന്നെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലായിരുന്നു കേന്ദ്ര ഗവൺമെന്റ് നടത്തിയിരുന്നത്. എന്നാൽ 1973 ഏപ്രിൽ 24 ന് കേശവാനന്ദ ഭാരതി കേസിൽ ഇന്ത്യൻ ഭരണഘടനയുടെ മൗലികഘടന സംരക്ഷിച്ചുകൊണ്ട് വിഖ്യാതമായ സുപ്രീം കോടതിയുടെ ഭൂരിപക്ഷ വിധിയുണ്ടായതിന് തൊട്ടടുത്ത ദിവസം ചീഫ് ജസ്റ്റിസ് എസ്. എം. സിക്രി വിരമിച്ചപ്പോൾ സീനിയോറിറ്റിയിൽ മുൻപിലുണ്ടായിരുന്ന മൂന്നു പേരെ മറികടന്നുകൊണ്ട് ജസ്റ്റിസ് എ. എൻ. റേയെ കേന്ദ്ര ഗവൺമെന്റ് ചീഫ് ജസ്റ്റിസായി നിയമിച്ചു. ചീഫ് ജസ്റ്റിസ് പദവിയിലേക്ക് സീനിയോറിറ്റി മറികടന്നുകൊണ്ട് നടന്ന ആദ്യ നിയമനം ആയിരുന്നു ഇത്. ഈ നിയമനം സീനിയോറിറ്റി പ്രകാരം ചീഫ് ജസ്റ്റിസ് പദവി കാംക്ഷിച്ചിരുന്ന ന്യായാധിപൻമാരിൽ കടുത്ത ആശങ്ക ഉണർത്തി. സമാനമായി 1977 ൽ അടിയന്തരാവസ്ഥയിൽ മൗലികാവകാശങ്ങൾക്കുമേൽ ഗവൺമെന്റിന്റെ പരമാധികാരം ചോദ്യം ചെയ്തുകൊണ്ടുള്ള ഹേബിയസ് കോർപസ് കേസ് എന്ന് വിളിക്കുന്ന എ.ഡി.എം. ജബൽപൂർ vs ശിവകാന്ത് ശുക്ള എന്ന കേസിൽ ഭിന്നവിധി രേഖപ്പെടുത്തിയ എച്ച്. ആർ. ഖന്ന എന്ന സീനിയറായ ന്യായാധിപനെ മറികടന്ന് എം. എച്ച്. ബേഗിനെ ചീഫ് ജസ്റ്റിസായി നിയമിച്ചത് ഇന്ത്യൻ ജുഡീഷ്യറിയുടെ ചരിത്രത്തിലെ കറുത്ത ഏടായി മാറി. ഈ ഘട്ടങ്ങളിലെല്ലാം ജുഡീഷ്യൽ നിയമനങ്ങളിൽ എക്സിക്യൂട്ടീവിന്റെ പരമാധികാരം അവിതർക്കിതമായിരുന്നു.

ഇത്തരം സംഭവങ്ങൾക്കുശേഷമാണ് ഭരണഘടനാ കോടതികളിലെ ജഡ്ജിമാരുടെ നിയമനവും സ്ഥലമാറ്റവും സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്ന കൊളീജിയം സംവിധാനത്തിന്റെ രൂപീകരണത്തിന് കാരണമായ പ്രശസ്തമായ ത്രീ ജഡ്ജസ് കേസിന്റെ ആവിർഭാവം. 1981 ൽ കേന്ദ്ര നിയമമന്ത്രിയായിരുന്ന പി. ശിവശങ്കർ ഹൈക്കോടതി ജഡ്ജി നിയമനം സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റിസുമാർക്ക് അയച്ച കത്തിനെതിരെ സുപ്രീം കോടതിയിൽ രജിസ്റ്റർ ചെയ്ത എസ്. പി. ഗുപ്ത vs യൂണിയൻ ഓഫ് ഇന്ത്യ എന്ന കേസാണ് ഒന്നാം ജഡ്ജസ് കേസ് എന്നറിയപ്പെടുന്നത്. ഇതിൽ ജഡ്ജി നിയമനം എക്സിക്യൂട്ടീവിന്റെ അധികാരപരിധിയിൽ വരുന്നതാണ് എന്ന് നിരീക്ഷിച്ച സുപ്രീം കോടതി ഇന്ത്യൻ പ്രസിഡന്റ് സുപ്രീംകോടതി ചീഫ് ജസ്റ്റിസുമായി ആശയവിനിമയം നടത്തി ജഡ്ജിമാരെ നിയമിക്കുന്ന നിലവിലെ രീതി സാധുവാണ് എന്ന വിധിപ്രസ്താവം നടത്തി. എന്നാൽ ഭാവിയിൽ ഭരണഘടനാ കോടതികളിൽ ജഡ്ജിമാരെ നിയമിക്കുന്നതിന് മുതിർന്ന ജഡ്ജിമാരടങ്ങുന്ന ഒരു കൊളീജിയം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കണമെന്നും ഈ കേസിൽ നിർദ്ദേശിച്ചിരുന്നു.


ഒന്നാം ജഡ്ജസ് കേസ് കഴിഞ്ഞ് പന്ത്രണ്ട് വർഷത്തിനിപ്പുറം 1993 ൽ മുൻ വിധി റദ്ദാക്കിക്കൊണ്ട് സുപ്രീം കോർട്ട് അഡ്വക്കേറ്റ്സ് ഓൺ റെക്കോർഡ് അസോസിയേഷൻ vs യൂണിയൻ ഓഫ് ഇന്ത്യ എന്ന രണ്ടാം ജഡ്ജസ് കേസിൽ ജഡ്ജിമാരെ നിയമിക്കുന്നതിനുള്ള പരമാധികാരം കോടതിക്ക് തന്നെയാണെന്ന് സുപ്രീംകോടതി വിധിച്ചു. അതായത്, ഒന്നാം ജഡ്ജസ് കേസ് മുന്നോട്ട് വച്ച നിർദ്ദേശ രൂപത്തിലുള്ള കൊളീജിയം എന്ന ആശയം രണ്ടാം ജഡ്ജസ് കേസോടെ നടപ്പാക്കുകയായിരുന്നു. ചീഫ് ജസ്റ്റിസും മുതിർന്ന മറ്റു രണ്ടു ജഡ്ജിമാരും ചേരുന്ന ഒരു കൊളീജിയം ആണ് ജഡ്ജിമാരാകാൻ അർഹതയുള്ളവരുടെ പാനൽ തയ്യാറാക്കേണ്ടതെന്നും യൂണിയൻ ഗവൺമെന്റിന് ഇത് അംഗീകരിക്കുന്ന ഉത്തരവാദിത്വം മാത്രമേ ഉള്ളൂവെന്നും സുപ്രീംകോടതി ഈ കേസിൽ ഖണ്ഡിതമായി പ്രഖ്യാപനം നടത്തി. ഈ വിധിപ്രസ്താവത്തോടെ ഭരണഘടനാ ബാഹ്യമായ കൊളീജിയം എന്ന സംവിധാനം ജുഡീഷ്യൽ നിയമനത്തിന് വേണ്ടി ഇന്ത്യയിൽ നടപ്പിലായി.

പിന്നീട്, ഭരണഘടനയുടെ 143 ാം അനുച്ഛേദപ്രകാരം 1998 ൽ അന്നത്തെ പ്രസിഡന്റായ കെ. ആർ നാരായണൻ കൊളീജിയം സംവിധാനം സംബന്ധിച്ച് സുപ്രീംകോടതിയുടെ അഭിപ്രായം അറിയുന്നതിനായി ഫയൽ ചെയ്ത റഫറൻസ് ആണ് മൂന്നാം ജഡ്ജസ് കേസെന്ന് അറിയപ്പെടുന്നത്. കൊളീജിയം സംവിധാനത്തിന്റെ സാധുത ഒരിക്കൽകൂടി പരിശോധിച്ച ഈ കേസിൽ കൊളീജിയം സംവിധാനത്തിലൂടെയുള്ള ജുഡീഷ്യൽ നിയമനത്തിൽ അപാകമൊന്നും കണ്ടെത്തിയില്ല. എന്നാൽ, ചീഫ് ജസ്റ്റിസിനോടൊപ്പമുള്ള



കൊളീജിയം അംഗങ്ങളുടെ എണ്ണം രണ്ടിൽ നിന്നും നാലായി വർദ്ധിപ്പിച്ച് ഉത്തരവായി. കൊളീജിയം അംഗീകരിക്കുന്ന പാനലിനോട് വിയോജിപ്പുള്ളപക്ഷം കേന്ദ്ര ഗവൺമെന്റിന് അക്കാര്യം കൊളീജിയത്തെ അറിയിക്കാമെന്നും എന്നാൽ ഇക്കാര്യം പരിശോധിക്കുന്ന കൊളീജിയം വീണ്ടും അതേ പാനൽ തന്നെ മടക്കി അയയ്ക്കുന്നപക്ഷം അതിനെ അംഗീകരിക്കേണ്ടത് അനിവാര്യമാണെന്നുള്ള നിർദ്ദേശവും ഇക്കാര്യത്തിലുണ്ടായി. ചുരുക്കത്തിൽ മൂന്നാം ജഡ്ജസ് കേസോടെ, നിയമപ്രാബല്യമില്ലാത്തതും ഭരണഘടനയിൽ പരാമർശിച്ചിട്ടില്ലാത്തതുമായ കൊളീജിയം സംവിധാനം സുപ്രീം കോടതിയിലെയും ഹൈക്കോടതികളിലെയും ജഡ്ജി നിയമനത്തിന് ആധാരമായി മാറി.

എന്നാൽ ജുഡീഷ്യൽ നിയമനത്തിൽ ഇടപെടൽ നടത്തുന്നതിനായുള്ള കേന്ദ്ര സർക്കാർ ശ്രമങ്ങൾ പിന്നീടും ഉണ്ടായിട്ടുണ്ട്. 2014 ൽ 99 ാം ഭരണഘടനാ ഭേദഗതി പ്രകാരം പാർലമെന്റിലും മിക്കവാറും നിയമസഭകളിലും പാസ്സാക്കപ്പെടുകയും 124(എ) പ്രകാരം ഭരണഘടനയിൽ ഉൾപ്പെടുത്തുകയും ചെയ്ത നാഷണൽ ജുഡീഷ്യൽ അപ്പോയിന്റ്മെന്റ് കമ്മീഷൻ (എൻ.ജെ.എ.സി) പ്രകാരം ജഡ്ജിമാരുടെ നിയമനത്തിന് കേന്ദ്ര സർക്കാർ ഒരു പ്രത്യേക കമ്മീഷനെ നിയമിക്കുകയുണ്ടായി. ആറുപേർ അടങ്ങുന്ന ആ കമ്മീഷന്റെ അധ്യക്ഷൻ സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ആയിരുന്നു. കമ്മീഷൻ അംഗങ്ങളായി രണ്ടു സുപ്രീം കോടതി ജഡ്ജിമാരും കേന്ദ്ര നിയമ മന്ത്രിയും, സുപ്രീംകോടതി ചീഫ് ജസ്റ്റിസും പ്രധാനമന്ത്രിയും ലോക്‌സഭാ പ്രതിപക്ഷ നേതാവും അടങ്ങുന്ന കമ്മിറ്റി നിർദ്ദേശിക്കുന്ന നിയമ രംഗത്തുള്ള രണ്ടു പ്രമുഖ വ്യക്തികളും അടങ്ങുന്നതായിരിക്കും ഈ കമ്മീഷൻ എന്നും നിയമം അനുശാസിച്ചു. എന്നാൽ ഈ ഭരണഘടനാ ഭേദഗതിയെ ചോദ്യം ചെയ്തുകൊണ്ട് 2015 ൽ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസ് പരിഗണിച്ച ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച്, ഇത്തരം ഒരു ജുഡീഷ്യൽ അപ്പോയിന്റ്മെന്റ് കമ്മീഷനിലൂടെ നിയമിക്കപ്പെടുന്ന ജഡ്ജിമാർക്ക് രാഷ്ട്രീയ നേതൃത്വത്തോട് കടപ്പാടും താൽപര്യവും വരാൻ സാധ്യതയുണ്ടെന്ന് നിരീക്ഷിക്കുകയും 99 ാം ഭരണഘടന ഭേദഗതി റദ്ദാക്കുകയും ചെയ്തു. നിയമവൃത്തങ്ങളിൽ ഇതിനെ നാലാം ജഡ്ജസ് കേസ് എന്നും അറിയപ്പെട്ടു. ചുരുക്കത്തിൽ 1993 ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ രൂപീകൃതമായ കൊളീജിയം സംവിധാനം തുടർന്നുള്ള കേസുകളിലെ വിധിപ്രസ്താവങ്ങളിലൂടെ സ്ഥിരപ്രതിഷ്ഠമാകുകയാണുണ്ടായത്.




## മമ്മൂട്ടി

**നാട്യങ്ങളില്ലാതെ, നിറക്കൂട്ടില്ലാതെ**

**രമേഷ് പുതിയമഠം**

ബ്ലൂ ഇങ്ക് ബുക്ക്സ് : തലശ്ശേരി, 2021.

X:I (X:89ZB) 32Q8

(മമ്മൂട്ടി എന്ന നടനെ അടുത്തറിഞ്ഞവരുടെ അനുഭവക്കുറിപ്പുകൾ.)




## മണിപ്പൂർ

**ഫാസിസത്തിന്റെ പരീക്ഷണശാല**

**ടി. ആർ. മീര, എഡി.**

ഡി.സി. ബുക്ക്സ് : കോട്ടയം, 2023

V26114H:51 32R3

(മണിപ്പൂരിലെ മെയ്തെയ്, കുക്കി വിഭാഗക്കാർ തമ്മിലുള്ള വംശീയ സംഘട്ടനങ്ങളും അതുമൂലമുണ്ടായിട്ടുള്ള സാമൂഹ്യ പ്രശ്നങ്ങളും ചർച്ച ചെയ്യുന്നു.)




## തോക്ക് വാങ്ങാൻ കലപ്പ വിറ്റവർ

**അനിൽകുമാർ എ. വി.**

ഗയ പുത്തകച്ചാല : തൃശ്ശൂർ, 2022.

Y15:4515wx 32R2

(ലോകത്തിന് വിസ്മയമായ സ്ത്രീജീവിത അനുഭവക്കുറിപ്പുകൾ അനാവരണം ചെയ്യുന്നു.)




## ചിത്ര തരംഗം

**കെ. എസ്. ചിത്രയുടെ ജീവിതകഥ**

**ജോഷി ജോർജ്**

ഹരിതം ബുക്ക്സ് : തിരുവനന്തപുരം, 2019

NRwCHI 32R3

(ഗായിക കെ. എസ്. ചിത്രയുടെ ജീവിതകഥ)






## പരിസ്ഥിതിയും സാമ്രാജ്യത്വവും

**പരിസ്ഥിതിയുടെ ഒരു ലഘു സാമ്പത്തിക ചരിത്രം**

**ജോൺ ബെല്ലാമി ഫോസ്റ്റർ**

ഫേബിയൻ ബുക്ക്സ് : മാവേലിക്കര, 2022

OG:55 32R2

(ആഗോള പരിസ്ഥിതി പ്രതിസന്ധിയെക്കുറിച്ചുള്ള ഉത്കണ്ഠകൾ പങ്കുവയ്ക്കുന്ന കൃതി.)




## വിദ്യാഭ്യാസത്തിന്റെ മാറുന്ന മുഖച്ഛായ


**ഡോ. മാവേലിക്കര അച്യുതൻ**

ഓതന്റിക് ബുക്ക്സ് : തിരുവനന്തപുരം, 2023

T 32R3

(ആധുനിക കാലത്തെ വിദ്യാഭ്യാസത്തിന്റെ മുഖച്ഛായ മാറ്റത്തെക്കുറിച്ച് ശാസ്ത്രീയമായി വിലയിരുത്തുന്ന ഗ്രന്ഥം.)






## GENDER NEUTRALITY TOWARDS A CATASTROPHIC SOCIAL ORDER

**M. M. Akbar**
**Abdulhadi Bepukaran, Fathima Ameera and Azra Gafoor, Tr.**

Dawa Books : Kochi, 2023.

Y15(W:58)  R3

(This book presents potential consequences of homosexuality, transgenderism etc. in our family.)




## RADICAL FEMINISM AND WOMEN'S WRITING

**Chandra Nisha Singh**

Atlantic Publishers & Distributors : New Delhi, 2022.

OOaY15R2

(This book explores women's narrative texts from a feminist approach and analyses the writers attitudes keeping feminist ideology.)




## INDIA’S FEDERAL SETUP A Journey Through Seven Decades

**R. Mohan**

Akbar Books : Delhi, 2023

V2:12  R3

(This book is a historical analysis that explains Indian polity in the post independence period.)



## LUMINARIES ON THE INDIAN HORIZON

**P. A. Ramachandran**

Booker Media Publications : Thrissur, 2023

zw2 111R3

(This book is a reminiscence of the ten eminent personalities including poets, spiritual and political leaders, sages and musicians. )



## വസന്തസാഹിതി

**എസ്. കെ. വസന്തന്റെ സാഹിത്യലോകം**
**ശശിധരൻ കളത്തിങ്കൽ, എഡി.**

ഒലിവ് : കോഴിക്കോട്, 2022.

O32,VAS:g  R1

(എഴുത്തച്ഛൻ അവാർഡ് ജേതാവ് എസ്. കെ. വസന്തന്റെ സാഹിത്യ ലോകത്തെക്കുറിച്ച് എഴുത്തുകാർ പ്രതികരിക്കുന്നു.)



## മാർക്സിയൻ ജ്ഞാനസിദ്ധാന്തം

**എം. പി. പരമേശ്വരൻ**

ഗയ പുത്തകച്ചാല : തൃശ്ശൂർ, 2022.

W691M  32R2

(മാർക്സിസ്റ്റ് പഠനം.)

ARIVORAM
BIMONTHLY
PRICE ₹ 10
APRIL 2024



# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

Printed and Published by Shaji C. Baby, Secretary-in-Charge, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Orange Printers, Thiruvananthapuram, Kerala - 695 001 and Published from Data Resource Development 'B' Section, Kerala Legislature Secretariat, Vikas Bhavan P. O., Thiruvananthapuram - 695 033, Chief Editor- A. N. Shamseer